# PALATHUMPATTU FAMILY HISTORY

## PDF FORMAT

**Prepared by: Prof. Dr. Easow Mathew**

**The following is the pdf format of Palathumpattu Family History Book (first edition). The book was written and published by Easow Mathew for the Kudumba Yogam in 1994.**

**Please take note of the following corrections in pages 17, 89, and 91 of the book, marked by circled 1,2 and 3 respectively.**

1. **Page 17 lines 23 to 26. Moreover, St Thomas established churches in the following places: Kodungalloor, Kollam, kokkamangalam, Niranam, palayoor, Nilackal, Kottakkavu, and Thiruvithamkodu (the half church)**

**(കൂടാതെ കൊടുങ്ങ ല്ലൂർ, കൊല്ലം, കോക്കമംഗലം, , നിരണം, പാലയൂർ, നിലയ്ക്കൽ, കൊട്ടക്കാവ്, തിരുവിതാംക്കോട് (അര പള്ളി) എന്നീ സ്ഥലങ്ങളിൽ വിശുദ്ധൻ ദേവാലയങ്ങൾ സ്ഥാപിക്കയും ചെയ്തു.)**

2. **Page 89 line 18: $D_6$ : Pothen Mathen**

**പോത്തൻ മാത്തൻ**

3. **Page 91, line 11: Pothen Mathen (P.M. Pothen)**

**പോത്തൻ മാത്തൻ ( പീ. എം. പോത്തൻ)**

**Note: - Special thanks to Francis Varghese Mathew for his assistance in preparing the pdf**

****************

# പാലത്തുംപാട്ട്

## കുടുംബ ചരിത്രം

PALATHUMPATTU KUDUMBA YOGAM

PRAY AND SERVE

—— 1994 ——

# പാലത്തുംപാട്ട്
# കുടുംബ ചരിത്രം

**കുറവിലങ്ങാട് ശങ്കരപുരി–തെക്കേടം**
**കുടുംബത്തിന്റെ ശാഖയായ**

## കോടുകുളഞ്ഞി പാലത്തുംപാട്ട്

**കുടുംബത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്നത്**

## ഈശോ മാത്യു

''ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത്
എത്ര ശുഭവും എത്ര മനോഹരവും ആകുന്നു''
(സങ്കീ. 133: 1).

PALATHUMPATTU KUDUMBA
CHARITHRAM

Chief Editor: **EASOW MATHEW M.Sc., B.Ed.**
(Poomoottil Vattapparampil, Kodukulanji)

Published by:
The Palathumpattu Kudumbayogam Editorial Committee

Copies: 500

For Private Circulation only

Date of Publication: May 1994

Printed at the Ashram Press
Manganam, Kottayam-18



"കർത്താവേ നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു. പർവ്വതങ്ങൾ ഉണ്ടായതിനും, നീ ഭൂമിയെയും, ഭൂമണ്ഡലത്തേയും നിർമ്മിച്ചതിനും, മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു".

സങ്കീ: 90: 1–2



സി.എസ്.ഐ.ക്രൈസ്റ്റ് ചർച്ച്
കോടുകുളഞ്ഞി

"സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ചിച്ചു, മോഹിച്ചുപോകുന്നു".

സങ്കീ: 84: 1—2



കുടുംബയോഗപ്രഥമസമ്മേളനം അഭിവന്ദ്യ ബിഷപ്പ് ഡോഃ സെബാസ്ററ്യൻ വള്ളോപ്പിള്ളി തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

“സ്നേഹദീപമേ! നയിച്ചാലും. ഞങ്ങളെ സ്നേഹമൂർത്തിയാം ക്രിസ്തുവിൻ പാതയിൽ”



കുടുംബയോഗ പ്രഥമസമ്മേളനസദസ്സ്.

## PALATHUMPATTU KUDUMBAYOGAM

Patron: His Excellency Dr. Sebastian Valloppilly
Bishop Emeritus Thalasserry

President: The Rt. Rev. Dr. K. C. Seth,

Vice President — Capt. P. P. Joseph

Secretary — Easow Mathew

Joint Secretary — T. M. George

Treasurer — V. C. Varghese

Auditor — P. N. Cherian

## EDITORIAL COMMITTEE

Easow Mathew: Chief Editor

M. C. Cherian, T. M. George

P. S. Chandy. Ashok Alex Philip

Mrs. Thankamma George, Mrs. Susan Philip

Editorial Advisor—Prof. M. K. Cherian Kozhuvallor

# ഉള്ളടക്കം


| | പേജ് |
|---|---|
| രക്ഷാധികാരിയുടെ സന്ദേശം | |
| അദ്ധ്യക്ഷന്റെ സന്ദേശം | |
| ആശംസാ സന്ദേശങ്ങൾ | |
| അവതാരിക | |
| ആമുഖം | 1 |
| ഉപാദ്ധ്യക്ഷന്റെ ലേഖനം | 5 |
| വിശദീകരണങ്ങളും അറിയിപ്പുകളും | 8 |
| കുടുംബപശ്ചാത്തലം | 11 |
| കുടുംബപുരാവൃത്തം | 15 |
| പാലത്തുംപാട്ട് കുടുംബം—ആരംഭം | 21 |

ഒന്നാം ഭാഗം

## പനപ്പള്ളിൽ കുടുംബം

| | |
|---|---|
| അധ്യായം ഒന്ന് | |
| പനപ്പള്ളിൽ ശാഖ | 25 |
| അധ്യായം രണ്ട് | |
| പൂമൊട്ടിൽ കുടുംബം | 43 |

രണ്ടാം ഭാഗം

## മേലേമഠത്തിൽ കിഴക്കു കുടുംബം

| | |
|---|---|
| അധ്യായം ഒന്ന് | |
| മേലേമഠത്തിൽ കിഴക്ക വടക്കേതിൽ | 72 |
| അധ്യായം രണ്ട് | |
| പല്ലോന്നി പറമ്പിൽ ശാഖ | 89 |
| അധ്യായം മൂന്ന് | |
| പ്ളാവു നിൽക്കുന്നതിൽ ശാഖ | 103 |
| അധ്യായം നാല് | |
| പീടികയിൽ ശാഖ | 123 |
| അധ്യായം അഞ്ച് | |
| കരാശേരിൽ ശാഖ | 125 |
| അധ്യായം ആറ് | |
| മേലേമഠത്തിൽ കിഴക്ക്— പുതുശേരി മഠത്തിൽ ശാഖ | 126 |

മൂന്നാം ഭാഗം

## വരിക്കയിൽ കുടുംബം

അദ്ധ്യായം ഒന്ന്
വരിക്കയിൽ ശാഖ 131

നാലാം ഭാഗം

## പാലത്തുംപാട്ട് ശാഖ

അദ്ധ്യായം ഒന്ന്
മല്ലാശ്ശേരിൽ ശാഖ 139
അദ്ധ്യായം രണ്ട്
ഉണ്ണിക്കാളേത്ത് ശാഖ 140
അദ്ധ്യായം മൂന്ന്
പാലത്തുംപാട്ട് ത്തുമ്പുങ്കൽ ശാഖ 141

അഞ്ചാം ഭാഗം

## രണ്ടാം തലമുറ–വനിതാ ശാഖകൾ

അദ്ധ്യായം ഒന്ന്
ചെങ്കൽ കുടുംബം 161
അദ്ധ്യായം രണ്ട്
കുറ്റൊഴത്തിൽ കുടുംബം 163

ആറാം ഭാഗം

## പഴയാറു വടക്കേതിൽ കുടുംബം 166

APPENDIX
ആദ്യപൊതുസമ്മേളന റിപ്പോർട്ടും ഫോട്ടോകളും 170

# PATRON'S MESSAGE



**Mar Sebastian Valloppilly**
**Bishop Emeritus of Thalassery**

Phone No: 20058
Bishop's House, P. B. No: 70
Thalassery-670101

പുരാതനമായ ശങ്കരപുരി കുടുംബത്തിന്റെ ഒരു ശാഖയായ പാലത്തുംപാട്ട് കുടുംബം അതിന്റെ ഒരു ചരിത്രം താമസിയാതെ പ്രസിദ്ധപ്പെടുത്തുമെന്നറിയുന്നതിൽ സന്തോഷിക്കുന്നു.

നമ്മുടെ പിതാവായ മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ച കേരള ക്രൈസ്തവ സഭയിൽ വിദേശികളുടെ ഇടപെടൽ മൂലവും മറ്റും കാലാന്തരത്തിലുണ്ടായ പിളർപ്പിൽ ഖേദിക്കുന്നവരാണു നമ്മളെല്ലാവരും. ഇതിന് ഒരു പരിഹാരം കാണേണ്ടതു

സഭാസ്നേഹികളായ നമ്മാം ഓരോരുത്തരുടെയും കടമയാണ്. സഭയുടെ ചരിത്രം പഠിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. വിവിധ കുടുംബങ്ങാം അടങ്ങിയതാണല്ലൊ സഭ. കുടുംബങ്ങളുടെ ചരിത്രം തന്നെയാണ സഭയുടെ ചരിത്രവും. ഓരോ കുടുംബവും അതിൻെറ ശരിയായ ചരിത്രം എഴുതി സൂക്ഷിക്കേണ്ടത് ഏററവും വലിയ ആവശ്യമാണ്.

കഴിഞ്ഞ മെയ് 22–ാം നു- കോട്ടകുളഞ്ഞിയിൽ വരുവാനും നിങ്ങളുടെ കുടുംബയോഗത്തിൽ സംബന്ധിക്കുവാനും ഇടയായതിൽ അതിയായി സന്തോഷിക്കുന്നു. 82 കഴിഞ്ഞിരിക്കുന്ന എനിക്ക് ഇനി അവിടെ വരുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

തൻെറ മരണത്തിൻെറ തലേനാാം അന്ത്യഅത്താഴത്തിനു ശേഷം ക്രിസ്തുനാഥൻ നടത്തിയ ഹൃദയസ്പർശിയായ പ്രാർഥനയിൽ ആവർത്തിച്ചു പറയുന്നതുപോലെ 'തന്നിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നായിരിക്കണ'മെന്നുള്ള ആഗ്രഹം സഫലമാകുവാൻവേണ്ടി നമുക്കു പ്രാർഥിക്കാം. അതിനായി സഹകരിച്ചു പ്രവർത്തിക്കാം.

അഭിവന്ദ്യ സേത്തുതിരുമേനിക്കും പാലത്തുംപാട്ട് കുടുംബാംഗങ്ങാംക്കും എൻെറ സ്നേഹാശംസകാം.

(S/d)

ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

തലശ്ശേരി
15–8–93

# PRESIDENT'S MESSAGE



**The Rt. Rev. Dr. K. C. Seth,**
**(Bishop, Church of South india)**

Kunnumpurathu Thoompumkal
Kodukulanji–689508
Chengannur
Phone:Kollakadavu–352002

ഒരു കുടുംബയോഗത്തിന്റെ ആവശ്യമുണ്ടോ എന്നു ചോദിക്കുമ്പോഴും അതു മനുഷ്യന്റെ ഒരു അഭിനിവേശമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആധുനിക ലോകത്തിൽ വിശിഷ്യാ പാശ്ചാത്യ രാജ്യങ്ങളിൽ കുടുംബത്തിന്റെ ശിഥിലീകരണമാണു നാം കാണുന്നത്. പരിപാവനമായ കുടുംബ ജീവിതത്തിന്റെ തകർച്ച നമ്മുടെ നാട്ടിലും വ്യാപരിച്ചു കൊണ്ടിരിക്കുന്ന ചുറ്റുപാടിൽ കുടുംബയോഗങ്ങൾക്കു വളരെ പ്രസക്തിയുണ്ട്.

ഏതെങ്കിലും ഒരു സംഘടനയുടെയൊ, അഥവാ ഇന്നാരുടെയൊ സ്വന്തമാണെന്ന് അവകാശപ്പെടുന്നത് മനുഷ്യ ജീവിതത്തിൻെറ അനുഭവമാണ്. മററുള്ളവരുമായി ബന്ധമില്ലാതെ ജീവിക്കുക എന്നത് അനുമാനിക്കുവാൻ പോലും കഴിയാത്ത ഒരു സംഗതിയാണ്. മററ് മാനുഷിക സംഘടനകളുമായി ബന്ധപ്പെടാതെ ജീവിക്കുക എന്നതും ഊഹിക്കുവാൻ പാടില്ലാത്ത ഒരു വസ്തുതയാണ്. കുറെ നാരം ആഹാരം വർജിക്കുമ്പോരം ശരീരം ക്ഷയിക്കുന്നതുപോലെ മററുള്ളവരുമായി ബന്ധമില്ലാതെ ജീവിക്കുന്നവരുടെ മനസ്സിന് ക്ഷയം സംഭവിക്കുന്നു. ശൈശവപ്രായം മുതൽ ഒന്നിൻെറ ഭാഗമായിരിക്കുന്നത് മനുഷ്യൻെറ അനുഭവമാണ്. ഒന്നാമത് അമ്മയുടെ ഒരു ഭാഗമാണെന്ന അനുഭവം നമുക്ക് ഉണ്ടാകുന്നു. പിന്നീട് മാതാപിതാക്കൻമാരും സഹോദരീ സഹോദരൻമാരും ഉരംക്കൊള്ളുന്ന കുടുംബത്തിൻെറ ഭാഗമാണെന്ന് നാം മനസ്സിലാക്കുന്നു. പിന്നീടു പഠിക്കുന്ന ക്ലാസ്, വിദ്യാഭ്യാസ സ്ഥാപനങ്ങരം, കളിക്കുന്ന ടീമുകരം, ഓരോ ഏജ് ഗ്രൂപ്പിലുള്ളവർ, ഇടവക ഇവയുടെ എല്ലാം ഭാഗമായി ഓരോരോ സമയത്ത് നമുക്ക് അനുഭവപ്പെടുന്നു. വളരെ വിസ്താരമേറിയതും, വ്യാപിച്ചു കിടക്കുന്നതുമായ ഒരു രാജ്യത്തിൻെറയോ, രാഷ്ട്രത്തിൻെറയോ, ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കൂട്ടത്തിൻെറയോ ഒരു ഭാഗമാണ് നാം എന്നും മനസ്സിലാക്കുന്നു. ഒരു ഭാഗമായിരിക്കുക എന്ന ചിന്ത ചിലപ്പോരം സന്തോഷത്തിനും ചിലപ്പോരം വേദനയ്ക്കും കാരണമാകുന്നു. നാം ഉരംക്കൊണ്ടിരിക്കുന്ന കൂട്ടമൊ, അതിൻെറ നേതാവോ നമ്മെ വളരുന്നതിനും വികസിക്കുന്നതിനും സഹായിച്ചേക്കാം. ചിലപ്പോരം നമ്മുടെ വളർച്ചയ്ക്ക് പ്രതിബന്ധമായേക്കാം. ചിലപ്പോരം നാം ഭാഗമായിരിക്കുന്ന സമൂഹം ഒട്ടു വളരെ അവകാശങ്ങരം നമ്മുടെ മേൽ വെച്ചേക്കാം. എന്തായിരുന്നാലും ഒരു ഭാഗമായിരിക്കുന്ന അനുഭവം ജീവിതത്തിൻെറ ഒരു യാഥാർത്ഥ്യം ആണ്.

പഴയ നിയമത്തിൽ യിസ്രായേൽ ജനതയുടെ ഒരു ഭാഗമായിരിക്കുക എന്നത് മററ് ഏതിനെക്കാളും ഒരു യഹൂദന് പ്രാധാന്യം അർഹിക്കുന്ന സംഗതിയായിരുന്നു. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം ഭ്രഷ്ട് കൽപ്പിക്കുക എന്നത് ഏററവും ഭയാനകരമായ അനുഭവം ആയിരുന്നു. സംഖ്യാ പുസ്തകത്തിൽ യാദൃച്ഛികമായി , ശവശരീരത്തെ തൊട്ടാൽ ഒരു വ്യക്തിക്ക് ഭ്രഷ്ട് കല്പിക്കപ്പെട്ടും. യഥാസ്ഥാനത്താക്കപ്പെടുന്നതിനു ന്യായപ്രമാണ പ്രകാരമുള്ള ദീർഘ ശുദ്ധീകരണ വ്യവസ്ഥതകരം നിർവഹിക്കണമായിരുന്നു. ഒരു യഹൂദനു ഭ്രഷ്ട് കൽപ്പിക്കുന്ന വേറൊരു സംഗതി മിശ്രവിവാഹം ആയിരുന്നു. യഹൂദരല്ലാത്തവരുമായ വിവാഹം നടത്തിയെ

ങ്കിൽ അറിയുന്നതിന്റെ അടുത്ത അവസരത്തിൽ ആ വ്യക്തിക്ക് ശവസംസ്കാര ശുശ്രൂഷ നടത്തുമായിരുന്നു. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം അവന്റെ സമൂഹത്തിൽ അവൻ മരിച്ചു എന്നു സാരം.

കുടുംബയോഗങ്ങൾ ഇന്ന് പുത്തരിയല്ല. കുടുംബയോഗങ്ങളുടെ ഒരു കാലഘട്ടമാണ് കഴിഞ്ഞ കാൽനൂററാണ്ട്. അങ്ങനെ മക്കൾ, തങ്ങൾ ഏതേത് കുടുംബത്തിന്റെ സന്തതികളാണെന്ന് മാതാപിതാക്കൻമാരോടുള്ള ഒരു ചോദ്യത്തിന്റെ മറുപടിയായി പാലത്തുംപാട്ട് കുടുംബയോഗവും രൂപം പ്രാപിക്കുകയായി. മാതാവ് ആരാണ് അഥവാ പിതാവ് ആരാണ് എന്നു മക്കൾ വരച്ച് കാട്ടുന്നതാണ് ഈ കുടുംബയോഗത്തിന്റെ ഉദ്ദേശ്യം. കുടുംബം ഏതാണ് എന്നൊരു കാലത്ത് പറയുമ്പോൾ സംശയിച്ചവർക്ക് ഇത് ഒരു മറുപടിയും കൂടിയാണ്. മക്കൾ അന്യോന്യം അറിയുവാനും കരുതുവാനും സ്നേഹിക്കുവാനും ഇതുമൂലം ഇടയാകേണ്ടതുണ്ട്. സഹകരണത്തോടും സ്വരൈക്യത്തോടും ഒരു കുടുംബത്തിലുള്ളവർ പ്രവർത്തിക്കുമ്പോൾ അത് ഉന്നമനത്തിന് മുഖാന്തരമായി ഭവിക്കുന്നു. നിഷേധാത്മകമായി, സ്നേഹമില്ലാത്തിടങ്ങളിൽ സ്‌നേഹം പകരുവാനും നിരപ്പില്ലാത്തിടത്ത് നിരപ്പിന്റെ ശുശ്രൂഷ നിറവേററപ്പെടുവാനും ഇപ്രകാരമുള്ള കൂടിവരവ് മുഖാന്തരമായിത്തീരണം.

സമൂഹത്തിലും സഭയിലും രാഷ്ട്രത്തിലും സ്വന്തം കുടുംബം വഴി തലമുറകൾക്ക് പലവിധ സംഭാവനകൾ ചെയ്തിട്ടുള്ള ആളുകളെ കുടുംബത്തിലുള്ളവർ ഓർക്കുന്നതിനും അവരുടെ നല്ല മാതൃക പിൻപററുന്നതിനും ഈ കൂടി വരവ് പ്രചോദനവും പ്രോത്സാഹനവും നൽകുന്നതാണ്. ഇത് കുത്തിക്കുറിക്കുമ്പോൾ മാവേലിക്കരയ്ക്കു സമീപമുള്ള (വഴുവാടി) കരയിൽനിന്നും കോടുകുളഞ്ഞിയിൽ വന്ന പൂർവപിതാവിന്റെ ദീർഘ വീക്ഷണം ഞാൻ ഓർത്തുപോകുകയാണ്. സുലഭമായി ജലം ലഭിക്കുന്നതിനുള്ള ഒരു സ്‌ഥാനം കൈവശമാക്കുക, അവിടെ ആസ്ഥാനം ഉറപ്പിക്കുക, നെൽകൃഷിയും, കരകൃഷിയും ചെയ്യുന്നതിന് പററിയ സ്‌ഥലം ആർജിക്കുക, ധാരാളം മൽസ്യം ലഭ്യമാകുന്നതിനും, സുരക്ഷിതത്വത്തിനും ഈ സ്‌ഥാനം പററിയതായിരുന്നു എന്ന് ഓർത്തു പോകുകയാണ്. തൽഫലമായി പാലത്തുംപാട്ട് കുടുംബം പിൽക്കാലത്ത് മക്കൾക്കായി വിഭജിക്കപ്പെട്ടപ്പോൾ തറവാട് കുടുംബത്തിന്റെ രണ്ടു ഭാഗത്തും ഈ സൗകര്യങ്ങൾ എല്ലാം ലഭിക്കുകയുണ്ടായി. ഉദാഹരണമായി വരിക്കയിൽ, മേലേമഠത്തിൽ കിഴക്ക്, പ്‌ളാവ് നിൽക്കുന്നതിൽ, പല്ലോന്നി പറമ്പിൽ പൂർവ പിതാവിന്റെ ദീർഘ വീക്ഷണത്തിനും തെര

ഞ്ഞെടുപ്പിനും കരുതലിനും നമുക്ക് ദൈവത്തിന്നു സ്തോത്രം ചെയ്യാം. 'ദർശനം ഇല്ലാതിരിക്കുന്നിടത്ത് ജനം നശിക്കുന്നു' നമ്മുടെ കുടുംബാംഗങ്ങൾ ഇന്നത്തെ നിലയിൽ നിലനിൽക്കുന്നതിന്റെ കാരണം നമ്മുടെ പൂർവ പിതാവ് ദൈവത്തിൽ ആശ്രയിച്ച് ദീർഘവീക്ഷണമുള്ളവനായതുകൊണ്ടാണ്.

തലമുറകളായി ഇപ്രകാരം ദീർഘ വീക്ഷണമുള്ളവരെ കണ്ടുപിടിക്കുന്നതിനുള്ള ഒരു പരിശ്രമം കൂടിയാണ്, ഈ കൂടി വരവ് മൂലം സാദ്ധ്യമാക്കിത്തീർക്കുന്നത്. നൂററാണ്ടുകളായി വ്യാപിച്ചു കിടക്കുന്ന കുടുംബ ചരിത്രത്തിന്റെ ഏടുകളിലേക്കുപോയി അപ്രകാരമുള്ളവരെ കണ്ടു പിടിക്കുക ഒരു ദുഷ്കരമായ പ്രക്രിയയാണ്. അപ്രകാരമുള്ളവർ ഉണ്ടായിരുന്നു എന്നുള്ളത് തർക്കമററ സംഗതിയാണ്. അങ്ങനെയുള്ളവരെ വെളിച്ചത്തു കൊണ്ടുവന്ന് അവരുടെ വെളിച്ചം ഉൾക്കൊള്ളുവാനും ആ വെളിച്ചം മററുള്ളവർക്ക് പ്രദാനം ചെയ്യുവാനും ഈ സംരംഭം ഉടനടി സാധിച്ചില്ലെങ്കിലും തുടർന്നുള്ള പതിപ്പുകളിൽ സാധിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഈ കുടുംബചരിത്രം ഒട്ടും താമസിപ്പിക്കാതെ പുറപ്പെടുവിക്കുകയാണ്. ഇതു രേഖപ്പെടുത്തുമ്പോൾ, പെണ്ണുക്കരെനിന്നും ചെറിയനാട്ടേക്ക് പോകുന്ന റോഡ് വേറൊരു ഭാഗത്തേക്ക് മാററി വെട്ടുന്നതിനുള്ള ഗൂഢാലോചന നടത്തുന്നതായി അറിഞ്ഞ് നമ്മുടെ പിതാക്കൻമാരിൽ മൂന്നുപേർ മററനേകരുടെ സഹകരണത്തോടെ ഇന്നു നാം ഉപയോഗിക്കുന്ന സ്ഥാനത്തുകൂടെ റോഡിന്റെ ആകൃതി രായ്ക്ക് രാമാനം തീർത്തെന്നു നാം ഓർക്കുമ്പോൾ അവരുടെ ദീർഘ വീക്ഷണത്തിനു മുൻപിൽ നാം നമ്ര ശിരസ്കരാകുന്നു. മേൽപ്പടി റോഡിൽ കൂടെ യഥേഷ്ടം പോകുന്ന വാഹനങ്ങളും അവയുടെ ഉടമകളും അവരോടു കൃതജ്ഞരാണ്. ഇതിനു നേതൃത്വം നൽകിയവരിൽ രണ്ടു പേർ പല്ലോന്നിപറമ്പിൽ പി. എം. പോത്തനും, പ്ലാവുനിൽക്കുന്നതിൽ പി. സി. മാത്യുവും ആയിരുന്നു. മൈക്കാട്ട് സംഘത്തിന്റെ നേതൃത്വം പാലത്തുംപാട്ട് പി. പി. ചാണ്ടപ്പിള്ളയും നിർവഹിച്ചു.

ഈ കുടുംബയോഗത്തിൽപ്പെട്ടവർ വിവിധ സഭാ വിഭാഗങ്ങളിൽ ദൈവത്തെ ആരാധിക്കുന്നവരാണ്. സി. എസ്. ഐ., മാർത്തോമാ, ഓർത്തഡോക്സ്, യാക്കോബായ, റീത്ത്, പെന്തക്കോസ്റ്റ് എന്നീ സഭാ വിഭാഗങ്ങളിൽപ്പെടുന്നവർ ഒരുമിച്ചു കൂടുമ്പോൾ ഒരു എക്യുമെനിക്കൽ അസംബ്ളിയുടെ പ്രതീതി ഉളവാകുന്നു. കുടുംബയോഗത്തിൽകൂടെ മശിഹാ തമ്പുരാന്റെ 'ഒരാട്ടിൻ കൂട്ടവും ഒരു ഇടയനും' എന്ന അഭിലാഷം ലോകം അറിയുവാൻ ഇടയാകുന്നു എന്ന് ഓർത്ത് ദൈവത്തിന്നു സ്തോത്രം കരേററുവാൻ ഈ കൂടിവരവിന്റെ സന്ദർഭങ്ങൾ മുഖാന്തരമായി

തീരട്ടെ. താനും പിതാവും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണമെന്നല്ലോ മശിഹാ, മഹാപുരോഹിത പ്രാർഥനയിൽ പിതാവിനോടപേക്ഷിച്ചത്. ഈ പ്രാർഥന നാം പണിതുയർത്തിയിരിക്കുന്ന ദേവാലയങ്ങളിൽ സാധിക്കാത്തതു പ്രായോഗികമായി കുടുംബയോഗങ്ങളിൽകൂടെ നിറവേറുന്നില്ല എന്ന് ആർക്കു പറയുവാൻ സാധിക്കും. ഈ കുടുംബയോഗം കൂട്ടുവാൻ അക്ഷീണ യത്നം ചെയ്ത രണ്ടു പേരെ ഞാൻ ഇത് എഴുതുമ്പോൾ ഓർത്തുപോകുകയാണ്. അതിൽ ഒരാൾ കുടുംബയോഗത്തിന്റെ വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ പി. പി. ജോസഫ്. അദ്ദേഹത്തിന്റെ അതിയായ ആഗ്രഹവും മററുള്ളവരോടുള്ള അപേക്ഷയും പ്രോത്സാഹനവും ഒരിക്കലും മറക്കാവുന്നതല്ല. അടുത്ത വ്യക്തി കുടുംബയോഗത്തിന്റെ സെക്രട്ടറി ഈശോ മാത്യുവാണ്. അദ്ദേഹം ഈ സംരംഭത്തിനുവേണ്ടി ചെലവാക്കിയ സമയം വളരെയാണ്. ഇവർ രണ്ടുപേരെയും ഈ പേജുകളിൽ ഓർക്കുന്നതിനു സമയം എടുക്കുന്നു.

വെറും നാമധേയ ക്രിസ്ത്യാനികളായി നാം തീർന്നിരിക്കയാണ്. മറെറാരു കൂട്ടർ വെറും അനുകരണക്രൈസ്തവരും. മാതാപിതാക്കന്മാർ ആരാധിച്ച രീതിയിലും വിധത്തിലും മക്കളും ആരാധിക്കുന്നു. നമ്മുടെ ദൈവിക ആരാധന സത്യത്തിലും ആത്മാവിലും ആയിത്തീരട്ടെ. അതിനു കുടുംബയോഗങ്ങൾ ഒരു തുടക്കമായിത്തീരട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ പൂർവികന്മാർ വളരെ ത്യാഗം സഹിക്കേണ്ടിവന്നിട്ടുണ്ട്. ആ ത്യാഗത്തിന്റെ ഫലമാണ് ഇന്നു നാം അനുഭവിക്കുന്ന നന്മകൾ. അതു നാം മനസ്സിലാക്കണം. അവരുടെ കൈമുതൽ ദൈവകൃപ ഒന്നു മാത്രമായിരുന്നു. അവരുടെ ത്യാഗത്തിനായി, നമ്മുടെ കൂടിവരവ് സമയത്തു സ്തോത്രം അർപ്പിക്കയും അവരുടെ ത്യാഗം കർത്താവിന്റെ ത്യാഗത്തിൽ നിന്ന് ഉടലെടുത്തതാണെന്നു മനസ്സിലാക്കി നമ്മെത്തന്നെ സമർപ്പിക്കുന്നതിനും ഇടയാകട്ടെ. 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'. 'ഞാനും യഹോവ എനിക്കു തന്ന മക്കളും, 'നാം പാർക്കുന്നിടത്തു യഹോവയാൽ അദ്ഭുതങ്ങൾ' ആയിത്തീരട്ടെ! എന്റെ പിതാമഹൻ ഈ കുടുംബത്തിൽനിന്നു വിവാഹം കഴിച്ച് ഈ കുടുംബത്തെ തന്റേതാക്കി സ്വീകരിച്ചതു കൃതജ്ഞതയോടെ സ്മരിച്ചും ഭാവിയുടെ പ്രത്യാശയും, നാളെയുടെ വിധാതാവുമായവനു സ്തോത്രം അർപ്പിച്ചും ഇത് ഉപസംഹരിക്കുന്നു. ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ!

Kodukulanji
14–1–1994

(S/d)
Bishop K. C·Seth

# ആശംസ



**Bishop Philipose Mar Chrysostom,**
**Suffragen Metropolitan**

Telephone-Ranni: 511
Mandiram
Ranni-689672

പാലത്തുംപാട്ട് കുടുംബയോഗം ഒരു കുടുംബ ചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. തിരുവിതാംകൂറിന്റെ ചരിത്രം രാജകുടുംബം, ഇടപ്രഭുക്കന്മാരുടെ കുടുംബം, ദേശത്തലവന്റെ കുടുംബം എന്നിങ്ങനെ വിവിധ രീതിയിലും നിലയിലും ഉള്ള കുടുംബങ്ങളുടെ ചരിത്രമാണ്. നമ്മുടെ പൂർവിക കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളായിരുന്നു. കൃഷീവലന്മാരായിരുന്നവരുടെ കുടുംബം കൃഷിപ്പണിക്കാരെയും ഒരളവിൽ ആ കുടുംബത്തിന്റെ ഭാഗമായി കരുതിയിരുന്നു. കുടുംബങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനഘടകങ്ങളായിരുന്നു. ഇന്നു കുടുംബങ്ങൾ ശിഥിലവും വികലവും ആയിക്കൊണ്ടിരിക്കുന്നു.

പഴയതുപോലെ ആകണമെന്നല്ല; ഇന്നത്തെ സമൂഹത്തിന്റെ ഉത്തരവദിത്തമുള്ള ഘടകങ്ങളായ കുടുംബങ്ങൾ രൂപാന്തരപ്പെടുന്നതിന് ആവശ്യമായ ദർശനവും അർപ്പണവും പ്രേരണയും കുടുംബയോഗങ്ങളിൽ നമുക്കു ലഭിക്കണം.

കുടുംബം ദൈവത്തിന്റെ ദാനമാണ്. ദാതാവിനോടുള്ള ഉത്തരവാദിത്തവും നന്ദിയും ആശ്രയവും കുടുംബയോഗങ്ങൾ ശക്തീകരിക്കണം. കുടുംബം ഒരു സമൂഹഘടനയാണ്. സമൂഹത്തിൽ വേർതിരിവു സൃഷ്ടിക്കുകയല്ല സമൂഹത്തിൽ ദൃഢതയും ഐക്യതയും കൂട്ടായ്മയും വർദ്ധിപ്പിക്കുന്ന ജീവൽ ഘടകങ്ങളായി കുടുംബയോഗങ്ങൾ കാണപ്പെടണം.

ഈ വിധ അനുഭവങ്ങളുടെ അവകാശികളും, ആദർശങ്ങളുടെ പിൻഗാമികളും, ശക്തീകരണങ്ങളുടെ കലവറക്കാരുമായി പാലത്തുംപാട്ട് കുടുംബ ചരിത്രം ഒരു ചരിത്ര രേഖ മാത്രമല്ല സമകാല സമൂഹത്തിനുള്ള ഒരു സന്ദേശം കൂടെയാണ്. Bishop Seth—നെപ്പോലെയുള്ളവരെ സമൂഹത്തിനു സംഭാവന ചെയ്ത ഈ കുടുംബത്തിന്റെ കൂടുതലായ സേവനങ്ങൾ കേരള സമൂഹത്തെ ധന്യമാക്കട്ടെ എന്നു ഞാൻ പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

(S/d)

05–02–1994

Philipose Mar Chrysostom,
Bishop, Ranni–Nilackal Diocese



JOSEPH POWATHIL

Metropolitan Archbishop
of Changanachery

Tel. 04824/20040, 20379, 20614
Fax 04824/22540
Archbishop's House
Changanassery-686 101
Kerala, India

I am glad to know that your family members are getting together to share your experiences and to build up your- fraternity. Like any ancient family you will have a rich diversity among you—people even belong to different ecclesial communities. Coming together you will stress your unity in diversity which would be a model for the world around you.

I wish you all success. May the Lord bless you abuadantly !

(S/d)

Archbishop Joseph Powathil.

# ആശംസ



**Most Rt. Rev. Thomas Mar Athanasios Metropolitan**
Malankara Orthodox Syrian Church
(CATHOLICATE OF THE EAST)
DIOCESE OF CHENGANNUR

Bethel Aramana
Chengannur–689121
Phone: 047812–2731

കുടുംബ ബന്ധങ്ങൾക്ക ശിഥിലീകരണം നേരിട്ടു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ കുടുംബയോഗങ്ങൾക്കുള്ള പ്രസക്തി കൂടിവരുന്നുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

500–ൽപരം ശാഖാകുടുംബങ്ങളുള്ള പാലത്തുംപാട്ട് കുടുംബം ഉദ്ദേശം 220 വർഷങ്ങൾക്ക മുമ്പ് കുറവിലങ്ങാട്ടു ശങ്കരപുരി

തെക്കേടം കുടുംബത്തിൽനിന്നും മാവേലിക്കര വഴുവാടിയിൽ താമസമാക്കുകയും അന്ന് അവർ പുതിയ കാവ് യാക്കോബായാ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തിരുന്ന വെന്നും, 180 വർഷങ്ങൾക്കുമുമ്പ് അവർ കോട്ടകുളഞ്ഞി പാലത്തും പാട്ടു വീട്ടിൽ കുടിയേറുകയും അന്നു മുതൽ കോട്ടകുളഞ്ഞി C.S.I. പള്ളി നിർമിക്കപ്പെടുന്നതുവരെ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തുവന്നി രുന്നുവെന്നും നാം മനസ്സിലാക്കുന്നു.

ബിഷപ്പ് കെ. സി. സേത്ത് പ്രസിഡൻറായിട്ടുള്ള ഈ കുടുംബത്തിൻെറ ചരിത്രം പുസ്തകരൂപത്തിലാക്കുന്നുവെന്നറി യുന്നതിൽ നാം സന്തോഷിക്കുന്നു. ശ്രീ. ഈശോ മാത്യുവിൻെറ പ്രധാന ചുമതലയിൽ രൂപം കൊണ്ടുകൊണ്ടിരിക്കുന്ന കുടുംബ ചരിത്ര ഗ്രന്ഥത്തിന് എല്ലാവിധമായ ആശംസകളും നേരുന്നു. ദർശനത്തോടുകൂടി സമൂഹത്തിൽ മുന്നേറുന്നതിനു കുടുംബാംഗ ങ്ങൾക്ക് ഇടയാകട്ടെ എന്നു പ്രാർഥിക്കുന്നു. അതോടൊപ്പം പാലത്തുംപാട്ട് കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ദൈവ നാമത്തിൽ ആശംസകൾ അർപ്പിക്കുന്നു.


ദൈവം അനുഗ്രഹിക്കട്ടെ

(S/d)

Chengannur — Thomas Mar Athanasios

14-9-93

# സന്ദേശം



**Rt. Rev. Sam Mathew**
**Bishop**

Diocese of Madhya Kerala
Telephone No:566536
Bishop's House
Kottayam-686001
Kerala State, India

പുരാതനമായ കോട്ടകുളഞ്ഞി ഇടവകയിലെ പുരാതന ഭവനങ്ങളിലൊന്നായ പാലത്തുംപാട്ട് കുടുംബത്തിന്റെ ഒരു സമ്മേളനം മെയ് മാസത്തിൽ കൂടുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഈ കുടുംബത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. ഇതിനു മുൻകൈ എടുത്ത എല്ലാവരെയും അനുമോദിക്കുന്നു.


ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കുടുംബത്തിൽ മാതൃകാപരമായി ജീവിച്ചിരുന്ന നമ്മുടെ പൂർവ പിതാക്കളെയും മാതാക്കളെയും സ്മരിക്കുകയും അവർ നമ്മുടെ മുമ്പിൽ കാണിച്ചിട്ടുള്ള നല്ല മാതൃകകൾ പിൻതുടരുന്നതിനായി ഇന്നത്തെ തലമുറ പ്രതിജ്ഞ എടുക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഒരു കുടുംബത്തിന്റെ യശസ്സും, പ്രശസ്തിയും അതിന്റെ അംഗസംഖ്യയോ, ധനപരമായ ഔന്നിത്യമോ അല്ല പ്രത്യുത അതിന്റെ സൽപ്രവർത്തനങ്ങളാണ്. 'നീതിമാന്റെ ഭവനമോ എന്നേക്കും നിലനില്ക്കുന്നു' എന്നാണു വേദപുസ്തകത്തിൽ നാം കാണുന്നത്. സമൂഹത്തിൽ നീതിമാൻമാരായ ആളുകളെ വാർത്തെടുക്കുന്ന ഒരു വലിയ ചുമതല ക്രിസ്തീയ കുടുംബങ്ങൾക്കുണ്ട്. നീതിക്കും, സത്യത്തിനും, സ്നേഹത്തിനും വില കല്പിച്ചുകൊണ്ടു വിവിധ മണ്ഡലങ്ങളിൽ ക്രിസ്തീയ സാക്ഷ്യം നിർവഹിച്ചിട്ടുള്ള അനേകം പ്രശസ്തരായ ആളുകളെ സംഭാവന ചെയ്തിട്ടുള്ള ഒരു കുടുംബമാണ് പാലത്തുംപാട്ട് കുടുംബം എന്നു ഞാൻ മനസ്സിലാക്കുന്നു. ഇപ്പോഴും അങ്ങനെ ത്യാഗപരമായി ജീവിക്കുന്ന അനേകരുണ്ട് എന്നു കാണുന്നതിൽ സന്തോഷമുണ്ട്. അഭിവന്ദ്യനായ കെ. സി. സേത്ത് തിരുമേനി ഈ കുടുംബത്തിലെ ശ്രേഷ്ഠനായ അംഗമാണെന്നുള്ളതിൽ ആ കുടുംബത്തിന് അഭിമാനിക്കാം. സഭാ സേവനത്തിൽ ത്യാഗപൂർവം പ്രവർത്തിച്ചു വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അനേകം സഭാപ്രവർത്തകരും, പട്ടക്കാരും ഈ കുടുംബത്തിലുണ്ടായിരുന്നു എന്നതു കുടുംബത്തിന് അഭിമാനിക്കാവുന്ന വസ്തുതയാണ്. ഇതുപോലെ സഭക്കും സമൂഹത്തിനും സേവനവും, നേതൃത്വവും നല്കുവാൻ കഴിയുന്ന അനേകർ ഈ കുടുംബത്തിലുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു.

സ്നേഹത്തോടെ,

(S/d)
Rt. Rev. Sam Mathew
(Bishop)

Kottayam
12-3-94

## MESSAGE



M. M. JACOB

Parliament House Annexe
New Delhi
Chairman
Department-Related
Parliamentary Standing
Committee on Home Affairs

March 23, 1994

I am happy to know that the Palathumpattu Kudumba Yogam, a branch of Sankarapuri-Thekkedom Kudumbam, is holding the second annual get together in May at Kodukulanji. I congratulate all of you who

are working very hard to bring out a book on the family history on that day. Kudumba Yogam has an important part in promoting feeling of fraternity, brotherhood and it is also an opportunity to establish the identity. I wish the Kudumba Yogam and the publication all success.

(S/d)
M. M. Jacob

## MESSAGE



P. M. MATHEW I.A.S. (Retired)

4600 Connecticut Avenue N. W.
Apartment 719. Washington D. C. 20008
U. S. A.

To,

Capt. P. P. Joseph

Dear Brother.

1. On the occasion of the 'PALATHUMPATTU KUDUMBA YOGAM' I send you and, through you, to the other members of the family, my fraternal greetings. I am a linear descendant of the family through my paternal grand mother. I regret very much that I am unable to attend the first family meeting.

2. The immense amount of thought, research and organisation that went into this gathering is clear evidence of the survival in the present generation and through centuries of history, of the spirit and creativity that we inherited from our fore-fathers, which not only survive but flourish even today.

3. The prosperity and survival of the family through all these centuries in-spite of the move—or, probably flight from the Cranganore area to present day Central Travancore, and the presence of its members today in many parts of the world, tell the story of the wonderful gifts we have inherited: the gift of constructive thinking, which makes us react positively to adversity and to take initiatives to overcome it; the gift of adjustment and the ability to take on without paralysis the stress of unfamiliar surroundings, the gift of the ability to maintain a strong bonding; and most of all, the gift of courage to uphold and maintain the values and faith of the family through all the vicissitudes of its existance till today. Our heritage could not have been richer.

4. I am particularly impressed by the compassionate move of the family to set up a welfare fund to serve those not so well-endowed as the rest. I look forward to learning of its proposed activities.

5. Let me close by congratulating you, my brother, and through you all the others who contributed time and money for the successful launching of the Kudumba Yogam. Long live the family!

Washington D. C. — Yours affectionately,

April 29, 1993 — (S/d)

P. M. Mathew

# അവതാരിക



Kozhuvallore M. K. Cheriyan,
Principal, Bishop Moore College, Mavelikara

'നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തത്. നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്. *യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും, നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതുകൊണ്ടും അത്രെ,* യഹോവ നിങ്ങളെ ബലമുള്ള കൈയാൽ പുറപ്പെടുവിച്ച് അടിമ വീടായ മിസ്രയീമിലെ രാജാവായ ഫറവോന്റെ കൈയിൽനിന്നു വീണ്ടെടുത്തത്'' (ആവ: 7:7–8).

കുടുംബത്തിന്റെ വേരുകൾ തേടി രാജ്യ രാജ്യാന്തരങ്ങളിലേക്കു സഞ്ചരിക്കുവാൻ പോലും ഇന്നു തയ്യാറാകുന്നവർ ഉണ്ട്. ചെറുപ്പത്തിൽ കേട്ടു പരിചയിച്ച അറിവുകളിലൂടെ പിതാക്ക

ന്മാരുടെ ഒരേകദേശ രൂപം മനസ്സിൽ വരയ്ക്കാനും അതിനെ താലോലിച്ച് വളരുവാനും, പ്രായമാകുമ്പോൾ, സാമ്പത്തിക ഭദ്രതയുള്ളവർ, ആ തായ്‌വേരുകൾ കണ്ടെത്താൻ സാഹസികതയോടെ ഇറങ്ങിത്തിരിക്കുന്നതും ഇന്ന് അപൂർവമല്ല. എന്റെ വല്യപ്പച്ചനെയും വല്യമ്മച്ചിയെയും കാണാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. പക്ഷെ, എന്റെ പ്രിയപ്പെട്ടരിൽനിന്നും കേട്ടു മനസ്സിലാക്കിയ അപൂർണമെങ്കിലും നിറം പിടിപ്പിച്ച വിവരങ്ങൾ ചേർത്തുവെച്ച് അവരുടെ ഒരു സൂക്ഷ്മ ചിത്രം വരച്ചെടുക്കുവാനുള്ള വൃഥാശ്രമം എന്റെ മനസ്സ് പലവുരു നടത്തിയിട്ടുണ്ട്. എന്റെ പിതാവിന്റെ കോമളാകാരം, വശ്യമായ ശബ്ദം, സ്വഭാവ നൈർമല്യം എന്നിവയിലൂടെ ഞാൻ നെയ്തെടുത്ത എന്റെ മുത്തച്ഛന്റെ ചിത്രം ഒളിമങ്ങാതെ എന്റെ മനോദർപ്പണത്തിലുണ്ട്. അതുപോലെ എന്റെ പ്രിയ മാതാവിന്റെ പിതാവിനെപ്പറ്റിയുള്ള രൂപവും എന്റെ മനോദർപ്പണത്തിൽ പ്രതിബിംബിച്ചു നിൽക്കുന്നു. അകാലത്തിൽ മൺമറഞ്ഞ എന്റെ വാത്സല്യനിധിയായ മാതാവിനോടും പ്രിയ പിതാവിനോടും എനിക്കുള്ള ഒടുങ്ങാത്ത സ്നേഹത്തിന്റെ മധുരിക്കുന്ന ഓർമകൾ, അതിരുകളില്ലാത്ത കുടുംബസ്നേഹബന്ധത്തിന്റെ ഒത്തിരിയൊത്തിരി ഇഴകൾ അഴിച്ചെടുക്കുവാൻ എനിക്കു കരുത്തേകുന്നു. അകളങ്കവാത്സല്യപീയൂഷം മതിയാവോളം നുകരുവാൻ കഴിയും മുമ്പേ എന്നെ ഏകനാക്കി നിത്യതയുടെ തുറമുഖത്തണഞ്ഞ എന്റെ വന്ദ്യ മാതാപിതാക്കളോടുള്ള അദമ്യമായ സ്നേഹത്തിന്റെ ഊഷ്മളഭാവമാണ് കുടുംബ ചരിത്രത്തിന്റെ വേരുകൾ അന്വേഷിക്കുന്ന ഒരു തീർത്ഥയാത്രയ്ക്ക് എന്നെ പ്രേരിപ്പിക്കുന്നത്, അപൂർണതയിൽനിന്ന് പൂർണത തേടിയുള്ള യാത്ര!

‘പാലത്തുമ്പാട്ടു കുടുംബചരിത്രം’ ഇങ്ങനെയൊരന്വേഷണ പഥത്തിൽ തീർത്തും പ്രസക്തമായിത്തീർന്നിരിക്കുന്നു. മദ്ധ്യകേരളത്തിലെ പല പ്രശസ്ത കുടുംബങ്ങളും കുറവിലങ്ങാട്ടുനിന്ന് വന്നവരാണ്. സുറിയാനി ക്രിസ്ത്യാനിക്ക്, പുരാതനത്വം അവകാശപ്പെടാവുന്ന ‘നാൽവർ’ ബ്രാഹ്മണശാഖ കുറവിലങ്ങാട്ടു വേരുറപ്പിച്ചു നൂറ്റാണ്ടുകളെ പുൽകിയ ആ കാലഘട്ടം ഞാൻ ഭാവനയിൽ കാണുന്നു. തോമസ് അപ്പോസ്തലന്റെ സുവിശേഷ ശബ്ദം നേരിട്ടു ശ്രവിച്ച ആ ബ്രാഹ്മണ ശ്രേഷ്ഠൻ, പൂണൂലും കുടുമയും ഉപേക്ഷിച്ച്, പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കി മാറ്റിയ, യേശുദേവന്റെ അനുഗാമിയായിത്തീർന്ന ആ പുണ്യമുഹൂർത്തം, ഭാവനയിൽ പോലും എന്നെ പുളകോദ്ഗമകാരിയാക്കുന്നു! കുളക്കടവിൽ പ്രഭാതസ്നാനത്തിനിറങ്ങി, കുളിർമ്മയുള്ള ജലം കൈക്കുമ്പിളിൽ കോരി ആകാശത്തേക്കുയർത്തുന്ന ബ്രാഹ്മണ പുരോഹിതൻ, ‘നിന്നെ ഞാൻ മനുഷ്യരെ പിടിക്കു

ന്നവനാക്കം' എന്ന മന്ത്രധ്വനിയുടെ താളലയ നിർവൃതി പൂണ്ട്, പൗരോഹിത്യത്തിൻെറ അർത്ഥതലങ്ങൾ തേടി, പരിശുദ്ധാത്മ സ്നാനത്തിൻെറ പരിവേഷമണിയുന്ന രംഗമെല്ലാം, ഇരുപത്തൊന്നാം നൂററാണ്ടിലേക്കു കുതിക്കുന്ന ആധുനിക മനുഷ്യനുണ്ടോ മനസ്സിലാകുന്നു! ആ പൊരുൾ തേടിയുള്ള ഗവേഷണതപരയാകുന്നു, കുടുംബചരിത്ര പഠിതാവിൻെറ ഉൾവിളി.

ക്രിസ്തുവർഷം ആദ്യനൂററാണ്ടിൽ തന്നെ മതപരിവർത്തനം ചെയ്ത ബ്രാഹ്മണ പുരോഹിതൻെറ തായ്‌വഴിയിൽ പ്രേഷിത പ്രവർത്തനം ജീവിതവ്രതമാക്കി സഭയെ നയിക്കുവാൻ ഈ നൂററാണ്ടു സംഭാവന ചെയ്ത അഭിവന്ദ്യരായ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, നി. വ. ദി. മ. ശ്രീ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്താ, റൈററ്. റവ. ഡോ. കെ. സി. സേത്ത് എന്നിവരും, കാലയവനികക്കുള്ളിൽ മറഞ്ഞുപോയ 'കേരള അസീസി' എന്ന അപര നാമധേയത്താൽ അറിയപ്പെടുന്ന എടത്വാ പുത്തൻപറമ്പിൽ തൊമ്മച്ചൻ, എറണാകുളം അതിരൂപതയുടെ പ്രഥമ ബിഷപ്പായിരുന്ന പഴയപറമ്പിൽ ളൂയിസ് മെത്രാൻ എന്നിവരും ശങ്കരപുരി തെക്കേടം കുടുംബത്തിലെ ശ്രേഷ്ഠരായ ആത്മീയ ഇടയരാണ്.

ക്ലേശം സഹിച്ചാണെങ്കിലും ദീർഘയാത്ര ചെയ്തും മററു വിധത്തിലും കിട്ടാവുന്ന വിവരങ്ങൾ ശേഖരിച്ച് ഇപ്രകാരം ഒരു ചരിത്ര ഗ്രന്ഥമെഴുതിത്തീർക്കുന്നതിന് അക്ഷീണ പരിശ്രമം ചെയ്ത ശ്രീ ഈശോ മാത്യു ഏവരുടെയും അഭിനന്ദനം അർഹിക്കുന്നു. കുടുംബയോഗാദ്ധ്യക്ഷൻ ബിഷപ്പ് ഡോ. കെ. സി. സേത്ത് തിരുമേനിയും ഉപാദ്ധ്യക്ഷൻ ക്യാപ്ററൻ (റിട്ട.) പി. പി. ജോസഫും ഈ ചരിത്രഗ്രന്ഥം ഒരു യാഥാർത്ഥ്യമാക്കുന്നതിൽ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ഈ ത്രിമൂർത്തികളുടെ സംയുക്തമായ പ്രവർത്തനവും ആത്മാർത്ഥമായ സഹകരണവും വസ്തുതാന്വേഷണ വ്യഗ്രതയും, സർവോപരി ദൈവസ്നേഹവുമാണ് ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ ഇടയാക്കിയത്. കഴിഞ്ഞകാലങ്ങളിൽ നമ്മുടെ പിതാക്കന്മാരെ നടത്തിയ ദൈവത്തിൻെറ അളവററ കരുതലും കരുണയും അനുഭവവേദ്യമാക്കുവാൻ ഇന്നത്തെ തലമുറയ്ക്കു നൽകുന്ന ആഹ്വാനമാണ് ഈ ചരിത്ര ഗ്രന്ഥം. കഴിഞ്ഞകാലങ്ങളിൽ നമ്മെ നടത്തിയ ദൈവത്തിൻെറ അദൃശ്യമായ കരപരിലാളനം പുതിയ തലമുറയ്ക്ക് ആവേശമായി മാറണം. യിസ്രായേൽ ജനതയ്ക്ക് ദൈവം നൽകിയ കല്പനയായിരുന്നു അത്. പുറകോട്ടു നോക്കി കാര്യങ്ങൾ ഗ്രഹിച്ചും നല്ലവയെ സ്വാംശീകരിച്ചുംകൊണ്ടു മുന്നോട്ടു കുതിക്കുക. ഈ ഗ്രന്ഥത്തിലെ ചരിത്രാംശങ്ങൾ വായനക്കാരുടെ

യുക്തി ചിന്തയ്ക്ക് അനുസൃതമായി ചിട്ടപ്പെടുത്തി മനസ്സിലാക്കണം.

പൂർവപിതാക്കന്മാർ കുറവിലങ്ങാട്ടുനിന്നും മാവേലിക്കരയ്ക്കടുത്തു വഴുവാടിയിലും ക്രമേണ കോട്ടുകളഞ്ഞിയിലും കുടിയേറിപ്പാർത്തതായി ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിമതമനുസരിച്ച 210 വർഷങ്ങൾക്കു മുമ്പാണു മാവേലിക്കരയിൽ എത്തിയത്; മുപ്പതു വർഷത്തിനു ശേഷം കോട്ടുകളഞ്ഞിയിലും. *എന്തിന് കുറവിലങ്ങാട്ടുനിന്നു മാവേലിക്കരയ്ക്കു കുടിയേറിപ്പാർത്തു?* ഇനിയും വ്യക്തമായ ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണിത്. ഈ വിഷയത്തിൽ കൂടുതൽ ഗവേഷണം ആവശ്യമായിരിക്കുന്നു. രണ്ടു നൂററാണ്ടു മുമ്പുള്ള കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സ്ഥിതി ആനുഷംഗികമായി അനുസ്മരിച്ചുകൊള്ളട്ടെ.

ശങ്കരപുരി, പകലോമററം, കള്ളി, കാളികാവ് എന്നീ ബ്രാഹ്മണ കുടുംബങ്ങളുടെ ആസ്ഥാനം പാലയൂരായിരുന്നു. ഒരു യഹൂദ കോളനിയും ബ്രാഹ്മണ സങ്കേതവുമായിരുന്നു, പാലയൂർ. അവിടത്തെ അമ്പലക്കുളത്തിലാണു മേല്പോട്ടെറിഞ്ഞ വെള്ളം അപ്പൊസ്തലൻ ആകാശത്തിൽ നിർത്തിയത്. ആ ക്ഷേത്രം തന്നെ സെൻറ്തോമസ് ഒരു ദേവാലയമായി രൂപാന്തരപ്പെടുത്തുകയായിരുന്നു. എന്നാൽ 16–ാം നൂററാണ്ടിൽ പൊളിച്ചു പണിതതാണ് ഇന്നത്തെ പാലയൂർ പള്ളി. മാർത്തോമ്മാ ക്രിസ്ത്യൻ സമുദായത്തിന്റെ ശിഥിലീകരണത്തിനു വഴി തെളിച്ച നിർഭാഗ്യകരമായ സംഭവമായിരുന്നു 1599–ലെ ഉദയംപേരൂർ സുന്നഹദോസ്. 1653–ലെ കൂനൻകുരിശു സത്യം മറെറാരു ചരിത്ര സംഭവമാണ്. കൽദായ സുറിയാനി റീത്തു ലത്തീനീകരിച്ച്, മാർത്തോമ്മാ ക്രിസ്ത്യാനികളെ അവരുടെ ഹിതത്തിനു വിപരീതമായി ലത്തീൻ ഭരണത്തിൽ കൊണ്ടുവരുവാൻ നടത്തിയ ഒരു ശ്രമമായിരുന്നു അത്. കോപതാപവികാരങ്ങളോടെ അഭിമാനക്ഷതം സംഭവിച്ച വിശ്വാസികൾ മട്ടാഞ്ചേരിയിലേക്കു നീങ്ങി. അവിടെയുള്ള കൂനൻ കുരിശിൽ പിടിച്ചു സത്യം ചെയ്തു, മേലിൽ ഈശോ സഭക്കാർക്കു വിധേയമായിരിക്കില്ലെന്ന്. ഈ ഘട്ടങ്ങളിലെങ്ങും വിശ്വാസക്ഷതം സംഭവിച്ച് ആരും കുറവിലങ്ങാട്ടുനിന്നു കുടിയേറിപ്പാർത്തിട്ടില്ല. 17–ാം നൂററാണ്ടിൽ അതിപ്രഗല്ഭമാം വിധം ആദ്ധ്യാത്മിക നേതൃത്വം നല്കിയവരിൽ പ്രധാനിയായിരുന്നു, കുറവിലങ്ങാട്ട് ഇടവകപ്പള്ളി വീട്ടിൽ ചാണ്ടിക്കത്തനാർ. പകലോമററം തറവാട്ടിലെ അംഗമായിരുന്നു അദ്ദേഹം. ഭിന്നിച്ചുനിന്ന അനേകം സഭാജനങ്ങളെ രമ്യതയിലാക്കുവാൻ ചാണ്ടിക്കത്തനാർ നേതൃത്വം കൊടുത്തു. അതിനാൽ വിശ്വാസപര

മായ ഒരു ഉൾവിളി ഉണ്ടായിട്ട മാവേലിക്കരയ്ക്ക കുടിയേറി പാർത്തുയെന്ന് അനുമാനിക്കുവാൻ സാധിക്കുന്നില്ല.

കൃഷിക്ക് ഉപയുക്തവും വിസ്തൃതവുമായ ഭൂപ്രദേശമാണു കുറവിലങ്ങാട്. അവിടെനിന്നു മെച്ചപ്പെട്ട മേച്ചിൽസ്ഥലം തേടി വഴവാടിയിലെത്തുമെന്ന് ഊഹിക്കുക ശരിയല്ല. വടക്കുംകൂറിൽ ഉൾപ്പെട്ടിരുന്ന ഈ ഭൂവിഭാഗം കൃഷിയും കച്ചവടവും സ്വായത്തമാക്കിയ സുറിയാനി ക്രിസ്ത്യാനി ഉപേക്ഷിക്കുമെന്നോ? പെരുമ്പടപ്പ സ്വരൂപത്തിൻെറ സാമന്തരാജ്യമായിരുന്ന വടക്കുംകൂർ. കുരുമുളകു സമൃദ്ധിയായി വിളഞ്ഞിരുന്നതുകൊണ്ട കുരുമുളകുനാട് എന്നാണു പോർട്ടുഗീസുകാർ വടക്കുംകൂറിനെ വിളിച്ചിരുന്നത്. 1750–ൽ മാർത്താണ്ഡവർമ്മ വടക്കുംകൂറിനെ ആക്രമിച്ചു വേണാടിനോട ചേർത്തു. അതിനുശേഷമാണല്ലോ കുറവിലങ്ങാട്ടുകാർ മാവേലിക്കരയിൽ വന്നത്.

രാമയ്യൻ ദളവായുടെ സവിശേഷ താത്പര്യംകൊണ്ടാണെങ്കിലും, മാർത്താണ്ഡവർമ്മയുടെ കാലത്ത്, തിരുവിതാംകൂറിലെ വ്യാപാര ഭരണത്തിൻെറ ആസ്ഥാനം മാവേലിക്കരയായിരുന്നു. ഈ പ്രാധാന്യം മനസ്സിലാക്കി, കുരുമുളകു വ്യാപാരത്തെ ഉദ്ദേശിച്ചു കുറവിലങ്ങാട്ടനിന്നും പൂർവപിതാക്കന്മാർ ചിലർ മാവേലിക്കരയ്ക്ക വന്നതായിരിക്കില്ലേ? വടക്കുംകൂർ കൂടി വേണാടിൻെറ ഭാഗമായിത്തീർന്നപ്പോൾ പിന്നെ ചുങ്കം പിരിവ് ഒഴിവായിക്കിട്ടുകയും ചെയ്തു. ക്രമേണ വ്യാപാരത്തിനു പററിയ സ്ഥലത്തേക്കു കുടിപാർപ്പും ആരംഭിച്ചതായിരിക്കണം.

ഇപ്രകാരം കച്ചവടലാക്കോട് എത്തിയതല്ലെങ്കിൽ ന്യായമായും ഊഹിക്കാവുന്നത്, അഭയാർഥികളായി കുടിയേറിപ്പാർത്തു എന്നതാണ്. അതാകട്ടെ, മാർത്താണ്ഡവർമ്മയ്ക്കുശേഷവും. ധർമ്മരാജാവെന്നു പ്രഖ്യാതനായ കാർത്തിക തിരുനാൾ രാമവർമ്മ (1758–1798) യുടെ കാലത്തായിരിക്കണം അത്. ശ്രീ. ഈശോ മാത്യു അഭിപ്രായപ്പെടുന്നതനുസരിച്ച് ഇന്നേക്ക് 210 വർഷം മുമ്പ (കൃത്യമായിപ്പറഞ്ഞാൽ 1784 ൽ) കുടിയേറി. എങ്കിൽ കാർത്തിക തിരുനാളിൻെറ ഭരണകാലത്തു തന്നെ. മൈസൂർ രാജാക്കന്മാരായ ഹൈദരാലിയും ടിപ്പുസുൽത്താനും കേരളം ആക്രമിച്ചു. ടിപ്പു സുൽത്താൻെറ പടയോട്ടക്കാലത്ത് ഉത്തരകേരളത്തിലെ രാജാക്കന്മാർ, ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ, തീയന്മാർ തുടങ്ങി അസംഖ്യം ആളുകൾക്കു വേണാട്ടിൽ അഭയം നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ കുറവിലങ്ങാട്ടനിന്നും പൂർവപിതാക്കന്മാർ മാവേലിക്കരയിൽ അഭയാ

ത്ഥികളായി എത്തിച്ചേർന്നതായിരിക്കാനാണ് കൂടുതൽ സാദ്ധ്യത. അവരെക്കൊണ്ടു നിർബന്ധിത ഊഴിയം വേല ചെയ്യിച്ചിരുന്നതായി ശ്രീ. ഈശോ മാത്യു പ്രസ്താവിക്കുന്നുണ്ടല്ലോ.

മാവേലിക്കരനിന്നും കോട്ടകുളഞ്ഞിയിലേക്കു കുടിയേറിപ്പാർക്കുന്നതു പത്തൊമ്പതാം നൂററാണ്ടിൻെറ പ്രഭാതവേളയിലാണ്. സി. എം. എസ്. മിഷനറിമാർ കേരളക്കരയിൽ പ്രേഷിത പ്രവർത്തനമാരംഭിക്കുന്ന ആ കാലഘട്ടം സുവിശേഷത്തിനു പുതിയൊരു മാനം (diamension) ഉദയം ചെയ്തു. മാവേലിക്കരനിന്നു കോട്ടകുളഞ്ഞിയിലേക്കുള്ള പൂർവപിതാക്കന്മാരുടെ 'പറിച്ചുനടീൽ പ്രക്രിയ' വെറും ഭൗതികനേട്ടം മാത്രം ലാക്കാക്കിയാണെന്നു ഞാൻ കരുതുന്നില്ല. മാവേലിക്കര ഓർത്തഡോക്സ് സഭയിൽനിന്നു കോട്ടകുളഞ്ഞി ആംഗ്ലിക്കൻ സഭയിലേക്ക് അധികംപേരും ചെന്നുചേർന്നതു വിശ്വാസസംബന്ധമായ ഒരു തീർത്ഥയാത്രയുടെ ഭാഗമായിത്തീർന്നതിനാലാണ്. പാലത്തുമ്പാട്ടു കുടുംബത്തിലെ പൂർവപിതാക്കന്മാരുടെ ദൈവവിശ്വാസ ദാർഢ്യം ആ കാലഘട്ടങ്ങളിൽ ആഴത്തിൽ വേരോടിയിരുന്നു. ആററരികത്തു നട്ട വൃക്ഷമായിരുന്ന അത്. വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ, അചഞ്ചലമായ ദൈവവിശ്വാസത്തിൻെറ തിരിനാളം കത്തിപ്രോജ്ജ്വലിപ്പിക്കുവാൻ ആ പൂർവപിതാക്കന്മാർക്കു കഴിഞ്ഞു. അതിനാൽ പാലത്തുമ്പാട്ടു കുടുംബചരിത്രം വിശ്വാസ ദാർഢ്യത്തിൻെറ ചരിത്രമാണ്. 'ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും' എന്നു വിളിച്ചു പറയുന്ന പാലത്തുമ്പാട്ടു കുടുംബത്തിലെ ആദ്യ പിതാവിൻെറ ഭക്തിയിൽ നിറഞ്ഞുതുളുമ്പുന്ന വാക്കുകൾ ഇന്നും പ്രതിദ്ധ്വനിക്കുന്നു, എൻെറ കാതുകളിൽ.

—കൊഴുവല്ലൂർ എം. കെ. ചെറിയാൻ,
പ്രിൻസിപ്പൽ
ബിഷപ്പ് മൂർ കോളജ്

മാവേലിക്കര
21–2–1994

# Members of the Committee

1. President — The Rt. Rev Dr. K. C. Seth, Bishop Kunnumpurathu Thoompunkal
2. Vice President — Capt P. P. Joseph Pallonniparampil Kuzhiathu
3. Secretary — Easow Mathew Poomottil Vattapparampil
4. Joint Secretary — T. M. George Plavunilkunathil Thayyil
5. Treasurer — V. C. Varghese Varikayil
6. Auditor — P. N. Cherian Palathumpathu Puthuserimandiram
7. M. C. Cherian — Melemadothil Kizhaku
8. P. N. Philip — Palathumpattu Grace Mandiram
9. P. N. Mathew — Plavunilkunnathil Kizhakethil
10. K. T. Chandy — Kochuplavilayil
11. A. N. Yohannan — Anjilimoottil
12. P. S. Pothen — Pallonniparampil
13. M. N. Oommen — Anjilimoottil Meenathethil
14. K. P. Samuel — Pallonniparampil Kuzhiathu
15. Jacob Varkey — Modipparampil
16. P. T. Varghese — Poomottil
17. Biji Philip Ninan — Nadayil Padinjatethil
18. P. C. Thomas — Pullelil Kizhakethil

## SENIOR MEMBERS OF THE FAMILY

Sri P. C. Thomas (Aged 103 yrs)
Plavunilkunnathil Kochuplavilayil
— The only living member of the 4th Generation


## SENIORS OF EACH BRANCH

1. Panappallil — Sri P. N. Joseph
2. Poomottil — Sri P. V. Chacko
3. Melemadathil Kizhaku Vadaku — Sri Ninan Mathai
4. Pallonniparampil — Sri P. P. Samual
5. Plavunilkunnathil — Sri P. M. Chandy
6. Melemadathil Kizhaku — Sri M. C. Cherian
7. Varikayil —Sri Varghese
8. Palalhumpattu Thoompumkal — The Rt. Rev. Dr. K. C. Seth, Bishop

---

## Members of the Committee (continued)

19. P. V. John — Poomottil
20. Pothen P. Chandy — Pallonniparampil, Mohanavilasam
21. Kurian Easow — Pazhayaruvadakkethil



**Capt. P.P. Joseph**
**Vice President**




**Easow Mathew**
**Secretary**



T.M. George
**Joint Secretary**



V.C. Varghese
**Treasurer**



P.N. Cheriyan
**Auditor**

# കമ്മറ്റി അംഗങ്ങളും പത്രാധിപസമിതി അംഗങ്ങളും




***ഇരിക്കുന്നവർ. ഇടത്തുനിന്ന് വലത്തോട്ട്***

1. എം.സി. ചെറിയാൻ 2. Capt.പി.പി. ജോസഫ് 3. The Rt.Rev. Dr. K.C. Seth, Bishop 4. Easow Mathew 5. വി.സി വർഗീസ് 6. പി.എൻ. ഫിലിപ്പ്

***നിൽക്കുന്നവർ.***

1. പി.എൻ. മാത്യു. 2. പി.എസ്. പോത്തൻ 3. റ്റി.എം. ജോർജജ് 4. ജേക്കബ് വർക്കി 5. എം.എൻ. ഉമ്മൻ 6. എ.എൻ യോഹന്നാൻ


## കമ്മറ്റി അംഗങ്ങളും പത്രാധിപസമിതി അംഗങ്ങളും (തുടർച്ച)



കെ.റ്റി. ചാണ്ടി



പി.സി. തോമസ്




കെ.പി. ശാമുവേൽ




പി.റ്റി. വർഗീസ്


## കമ്മറ്റി അംഗങ്ങളും പത്രാധിപസമിതി അംഗങ്ങളും(തുടർച്ച)



ബിജി ഫിലിപ്പ് നൈനാൻ



പി.വി. ജോൺ



പോത്തൻ പി. ചാണ്ടി



കുര്യൻ ഈശോ

## കമ്മറ്റി അംഗങ്ങളും പത്രാധിപസമിതി അംഗങ്ങളും (തുടർച്ച)



പി.എസ്സ്. ചാണ്ടി



അശോക് അലക്സ് ഫിലിപ്പ്



മിസ്സിസ്സ്. തങ്കമ്മ ജോർജ്ജ്




മിസ്സിസ്സ്. സൂസൻ ഫിലിപ്പ്

*ശ്രീ പി. സി. തോമസ് (103 വയസ്)*
*പ്ലാവുനില്ക്കുന്നതിൽ കൊച്ചുപ്ലാവിളയിൽ*
*(നാലാം തലമുറയിൽ ജീവിച്ചിരിക്കുന്ന ഏക വല്യപിതാവ്)*

## ശാഖാ മൂപ്പൻമാർ

| | | | |
|---|---|---|---|
| 1. | പനപ്പള്ളിൽ ശാഖ | — | ശ്രീ പി. എൻ. ജോസഫ്<br>പാറകടവിൽ, തിരുമേനി |
| 2. | പൃമൊട്ടിൽ | — | ശ്രീ പി. വി. ചാക്കോ<br>പനസ്ക്കാമീററത്ത്, മാന്നാർ |
| 3. | മേലേമഠത്തിൽ കിഴക്കേ<br>വടക്കേതിൽ | — | ശ്രീ നൈനാൻ മത്തായി<br>ആഞ്ഞിലിമൂട്ടിൽ മീനത്തേതിൽ |
| 4. | പല്ലോന്നിപറമ്പിൽ | — | ശ്രീ പി. പി. സാമുവേൽ<br>പല്ലോന്നിപറമ്പിൽ |
| 5. | പ്ലാവുനില്ക്കുന്നതിൽ | — | ശ്രീ പി. എം. ചാണ്ടി<br>പ്ലാവുനില്ക്കുന്നതിൽ, നെന്മാറ |
| 6. | മേലേമഠത്തിൽ കിഴക്ക് | — | ശ്രീ എം. സി. ചെറിയാൻ,<br>പുത്തുശേരിമഠത്തിൽ |
| 7. | വരിക്കയിൽ | — | ശ്രീ വി. സി. വറുഗീസ്<br>വരിക്കയിൽ |
| 8. | പാലത്തുംപാട്ട് തുമ്പുങ്കൽ | — | The Rt. Rev. Dr. K. C. സേത്ത് |

# SENIOR MEMBERS
# OF
# THE PALATHUMPATTU KUDUMBOM




പി.സി. തോമസ്



പി.എൻ. ജോസഫ്




പി.വി. ചാക്കോ




നൈനാൻ മത്തായി



പി.പി. ശാമുവേൽ



പി.എം. ചാണ്ടി



എം.സി. ചെറിയാൻ

# ആമുഖം

ഇരുപത്തിഒന്നാം നൂററാണ്ടിലേക്കു കാലെടുത്തു വയ്ക്കുവാൻ വെമ്പൽ കൊള്ളുന്ന മാനവരാശി! ശാസ്ത്ര–സാങ്കേതിക നേട്ടങ്ങൾ ഒരുവശത്തു കുമിഞ്ഞുകൂടുമ്പോൾ അസ്വസ്ഥതയുടെയും ഭീതിയുടെയും പുകപടലങ്ങൾ മറുവശത്തു പടർന്നുയർന്നു മനുഷ്യനെ അന്ധകാരത്തിലാഴ്ത്തുന്നു. ഈ ബ്രഹ്മാണ്ഡത്തിന്റെ തന്നെ നിലനില്പിന്റെ ആധാരം വസ്തുക്കൾ തമ്മിലുള്ള ആകർഷണശക്തിയാണെന്നുള്ള ശാസ്ത്രസത്യം മനുഷ്യനു മനഃപാഠമായിരിക്കെ, മനുഷ്യബന്ധങ്ങളുടെ നിലനില്പും മറെറാരുതരം ആകർഷണശക്തിയിൽ ആശ്രയിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. ആ മഹത്ശക്തിയാണു സ്നേഹം.

ഒരു വ്യക്തിക്കു സ്നേഹം ആദ്യമായി തന്റെ മാതാവിൽനിന്നും ലഭിക്കുന്നു. ക്രമേണ അവന്റെ സാമൂഹിക ജീവിതം വളർന്നു മാതാവ്, പിതാവ്, സഹോദരങ്ങൾ എന്നീ ഘടകങ്ങൾ ചേർന്ന കുടുംബത്തിൽ ചെന്നെത്തുന്നതോടെ അതു കൂടുതൽ ആഴവും വ്യാപ്തിയും ആർജ്ജിക്കുന്നു. കാലാന്തരത്തിൽ കുടുംബം വളർന്നു പല കുടുംബങ്ങളായിത്തീരുന്നു. കാലചക്രം തിരിഞ്ഞുകൊണ്ടേയിരിക്കുന്നതിനാൽ കുടുംബങ്ങളുടെ വളർച്ച എന്ന പ്രക്രിയയും തുടരുന്നു. ഒരു മനുഷ്യൻ തന്റെ വ്യക്തിത്വ വികസനത്തിനു വേണ്ടതായ എല്ലാ അടിസ്ഥാന തത്വങ്ങളും പഠിക്കുന്നതു കുടുംബത്തിൽനിന്നാണ്.

കുടുംബയോഗങ്ങളുടെ ആവശ്യകതയെ ചോദ്യം ചെയ്യുന്ന ധാരാളം ആളുകളുണ്ട്. കുടുംബയോഗത്തെ സങ്കുചിത മനോഭാവത്തോടെ വീക്ഷിക്കുകയും അതിനെ സ്വന്തകുടുംബമഹിമാപ്രഘോഷണത്തിനുള്ള വേദിയാക്കി മാററാൻ ശ്രമിക്കുകയും ചെയ്യുന്നത് അഭിലഷണീയമല്ല. പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും അടിയുറച്ച കുടുംബയോഗം അതിലെ അംഗങ്ങൾക്കു മാത്രമല്ല ചുററുമുള്ള സമൂഹത്തിനു മൊത്തമായും വെളിച്ചം പകരുന്ന ഒരു പ്രകാശഗോപുരമായി ഉയർന്നുനില്ക്കുമെന്നുള്ളതു തീർച്ചയാണ്.

ആവർത്തന പുസ്തകം 32:7ൽ ഇപ്രകാരം പറയുന്നു: 'പൂർവ്വദിവസങ്ങളെ ഓർക്കുക മുൻതലമുറകളുടെ സംവത്സരങ്ങളെ ചിന്തിക്ക; നിന്റെ പിതാവിനോടു ചോദിക്ക, അവൻ അറിയിച്ചുതരും, നിന്റെ വൃദ്ധന്മാരോടു ചോദിക്ക, അവർ പറഞ്ഞുതരും.' ദിനവൃത്താന്തം ഒന്നാം പുസ്തകം ഒന്നു മുതൽ എട്ടുവരെ അദ്ധ്യാ

യങ്ങളിൽ ആദാം മുതൽ ബന്യാമീന്യ സന്തതിയായ ഏലീഫേലെത്ത് വരെയുള്ള വംശാവലി വിവരിച്ചിരിക്കുന്നതായി കാണാം.

'അബ്രഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രനായ യേശുക്രിസ്തുവിൻെറ വംശാവലി:' എന്നിങ്ങനെയാണു വിശു. മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നത്. അബ്രഹാം മുതൽ ക്രിസ്തു വരെ നാല്പത്തിരണ്ടു തലമുറകൾ അവിടെ വിവരിക്കുന്നതായി നമുക്കു കാണാം. വേദപുസ്തകത്തിൽനിന്നും മേലുദ്ധരിച്ച ഭാഗങ്ങൾ കുടുംബചരിത്രത്തിൻെറയും വംശാവലിയുടെയും പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. തലമുറകളുടെയും കുടുംബസ്നേഹത്തിൻെറയും പ്രാധാന്യത്തെ കാണിക്കുന്ന രണ്ടു വേദഭാഗങ്ങൾകൂടി ഉദ്ധരിക്കട്ടെ: 'ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം; വിശപ്പുള്ളവനു നിൻെറ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിൻെറ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിൻെറ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറെയ്ക്കാതിരിക്കുന്നതും അല്ലയോ?' (യെശയ്യാവ് 58:7). 'നീ ആയിരം തലമുറയോളം ദയ കാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിന് അവരുടെ ശേഷം അവരുടെ മക്കളുടെ മാർവിടത്തിൽ പകരം കൊടുക്കയും ചെയ്യുന്നു' (യിരെമ്യാവ് 32:18).

നമ്മുടെ കുടുംബങ്ങൾ സേവനം, പ്രാർഥന എന്നീ പ്രമാണങ്ങളിൽ അടിയുറച്ചു നില്ക്കേണ്ടതിൻെറ ആവശ്യകത മനസ്സിൽ വെച്ചുകൊണ്ടാണു കുടുംബചരിത്രം എഴുതുന്നതിനും കുടുംബയോഗം സംഘടിപ്പിക്കുന്നതിനും ഞാൻ മുൻകൈയെടുത്തത്. ഈ ശ്രമം ഫലവത്തായതിൽ എനിക്ക് അതിരററ സന്തോഷമുണ്ട്; ചാരിതാർത്ഥ്യമുണ്ട്. കരുണാമയനായ യേശുനാഥൻെറ കൃപാകടാക്ഷം ഒന്നുകൊണ്ടു മാത്രമാണ് ഈ സംരംഭം വിജയപരിസമാപ്തിയിലെത്തിയതെന്ന അടിയുറച്ച വിശ്വാസത്താൽ ആ പുണ്യനാമത്തിനു സ്തോത്രസഹസ്രങ്ങൾ അർപ്പിക്കുന്നു.

അത്യന്തം തിടുക്കം പിടിച്ച ഒരു ജീവിതശൈലിയുടെ ഉടമയാണല്ലോ ആധുനിക മനുഷ്യൻ. ഇത്തരം സാഹചര്യത്തിൽ പരസ്പരം അറിയുന്നതിനും സഹായിക്കുന്നതിനും ഒന്നിച്ചു കൂട്ടായ്മ ആചരിക്കുന്നതിനും കുടുംബയോഗവും കുടുംബചരിത്രവും നമ്മെ സഹായിക്കുമെന്നുള്ളതു തർക്കമററ സംഗതിയാണ്. 'Pray and Serve' നമ്മുടെ അടിസ്ഥാനപ്രമാണമായി പാലത്തുംപാട്ട് കുടുംബയോഗം അംഗീകരിച്ചിരിക്കുന്നു.

1970ൽ എൻെറ പിതാമഹൻെറ അനുജനായ ശ്രീ മാത്തുണ്ണി വർക്കി (റവ. പി. എം. ജോർജിൻെറ പിതാവ്)യാണു നമുക്കൊരു കുടുംബചരിത്രം ഉണ്ടാകേണ്ടതിൻെറ ആവശ്യകതയെ

പ്പററി ആദ്യമായി എന്നോട്ട സംസാരിച്ചത്. അദ്ദേഹം പറഞ്ഞു തന്നതായ പൂർവചരിത്ര വിവരങ്ങറം ഒരു ഡയറിയിൽ കുറിച്ചിടുകയും ചെയ്തിരുന്നു. എന്നാൽ 1972ൽ ഉദ്യോഗാർത്ഥം ഞാൻ വിദേശത്തേക്കു പോയതോടെ കുടുംബചരിത്രരചനക്കു ദീർഘമായ ഒരു വിരാമം കുറിക്കുകയായിരുന്നു. ഇതിനിടെ 1987ൽ ശ്രീ പി. വി. തോമസിന്റെ പുത്രൻ ശ്രീ പി. റ്റി. വറുഗീസ് നമുക്കൊരു കുടുംബചരിത്രം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി പൂമൂട്ടിൽ കുടുംബാംഗങ്ങളുടെ വിവരങ്ങറം ശേഖരിക്കുന്നതിനു ചില ശ്രമങ്ങറം നടത്തിയതായും അറിവുണ്ട്. ഞാൻ വിദേശത്തുനിന്നും മടങ്ങിവന്നശേഷം 1988ൽ Capt. പി പി. ജോസഫുമായി സംസാരിച്ചപ്പോറം അദ്ദേഹവും കുടുംബചരിത്ര രചനയിൽ അതീവ തത്പരനാണെന്നു മനസ്സിലായി. അദ്ദേഹത്തിൽനിന്നും ലഭിച്ച പ്രോൽസാഹനമാണ് ഈ സംരംഭത്തിനു കൂടുതൽ ഉത്തേജനം നല്കിയതെന്നുള്ള വസ്തുത നന്ദിപൂർവം പ്രസ്താവിക്കുന്നു. അങ്ങനെ, ഏതാണ്ട് അഞ്ചു വർഷത്തെ പ്രയത്നത്തിന്റെ ഫലമായിട്ടാണ് ഈ പുസ്തകം ഈ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുള്ളത്.

ഈ ചരിത്രരചനയിൽ വേണ്ടതായ ഉപദേശങ്ങളും നിർദേശങ്ങളും നല്കിത്തന്ന മററൊരു വ്യക്തിയാണ് അഭിവന്ദ്യ ബിഷപ്പ് റൈററ് റവ. ഡോ. കെ. സി. സേത്ത്. തിരുമേനി നമ്മുടെ കുടുംബയോഗത്തിന്റെ പ്രസിഡൻറ് സ്ഥാനം അലങ്കരിക്കുന്നുവെന്നതു നമുക്കെല്ലാവർക്കും അഭിമാനകരമായ വസ്തുതയാണ്. അഭിവന്ദ്യ തിരുമേനിയോടുള്ള നിസ്സീമമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. കൂടാതെ മേലേമഠത്തിൽ കിഴക്കു ശ്രീ എം. സി. ചെറിയാൻ കുടുംബവിവരങ്ങറം, ശേഖരിക്കുന്നതിനായി എന്നോടൊപ്പം പല സ്ഥലങ്ങളിൽ വരികയും പൂർവചരിത്രത്തെക്കുറിച്ചു വിലപ്പെട്ട അനേകം വിവരങ്ങറം പറഞ്ഞുതരികയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയും നന്ദിപൂർവം സ്മരിക്കുന്നു. കുടുംബത്തിലെ വിവിധ ശാഖകളുടെ വിവരങ്ങറം ശേഖരിക്കുന്നതിനും കുടുംബചരിത്ര പുസ്തകത്തിന്റെ കെട്ടും മട്ടും രൂപകല്പന ചെയ്യുന്നതിനും നിർണായകമായ പങ്കു വഹിച്ച ശ്രീ റ്റി.എം. ജോർജിനോടും ശ്രീ അശോക് അലക്സ് ഫിലിപ്പിനോടുമുള്ള കടപ്പാടും അറിയിക്കട്ടെ. കുടുംബയോഗം ട്രഷറാർ, ഫിനാൻസ് കൺട്രോളർ എന്നീ നിലകളിൽ ശ്രീ വി. സി. വറുഗീസ് ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങറം എക്കാലവും സ്മരണീയമാണ്.

ഈ പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി ശ്രദ്ധാപൂർവം വായിച്ചു വേണ്ട നിർദേശങ്ങറം നല്കിത്തന്നതും അവതാരിക

എഴുതിയതും ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പൽ പ്രൊഫ: എം. കെ. ചെറിയാനാണ്. എഡിറേറാറിയൽ അഡൈ്വസർ എന്ന നിലയിൽ പാലത്തുംപാട്ട് കുടുംബയോഗത്തിനുവേണ്ടി അദ്ദേഹം ചെയ്തുതന്ന സേവനത്തിനു ഹൃദയംഗമമായ നന്ദി അറിയിച്ചു കൊള്ളുന്നു.

കുടുംബ ചരിത്രരചനയ്ക്കു നേരിട്ടു വിവരങ്ങൾ ശേഖരിക്കുവാൻ പലപ്പോഴും പ്രയാസമായി വന്നിട്ടുണ്ട്. പ്രത്യേകിച്ചു വളരെ ദൂരെപ്പോയി സ്ഥിരതാമസമാക്കിയ കുടുംബങ്ങളുടെ വിവരങ്ങൾ നേരിട്ടു കണ്ട് എഴുതിയെടുക്കുന്നതിലുള്ള പ്രായോഗിക വൈഷമ്യം ഊഹിക്കാമല്ലോ. തന്മൂലം ഈ പുസ്തകത്തിൽ എന്തെങ്കിലും തെററുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതു കുടുംബാംഗങ്ങൾ സദയം ക്ഷമിക്കണമെന്നും അപേക്ഷിക്കുന്നു. അപ്രകാരമുള്ള അപാകതകൾ അടുത്ത പ്രസിദ്ധീകരണത്തിൽ പരിഹരിക്കാവുന്നതാണ്.

'പാലത്തുംപാട്ട് കുടുംബചരിത്രം' നമ്മുടെ കുടുംബാംഗങ്ങളിൽ ഓരോരുത്തർക്കും അമൂല്യ നിധിയായിരിക്കുമെന്നുള്ള ഉത്തമ വിശ്വാസത്തോടെ മൺമറഞ്ഞുപോയ എല്ലാ പൂർവപിതാക്കന്മാരുടെയും പാവനസ്മരണയ്ക്കായി സവിനയം സമർപ്പിച്ചുകൊള്ളുന്നു!

ഈശോ മാത്യു
സെക്രട്ടറി & ചീഫ് എഡിററർ

# ഉപാദ്ധ്യക്ഷൻെറ ലേഖനം

'ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു.'

പാലത്തുംപാട്ട് കുടുംബത്തിൻെറ ഉത്ഭവം, പുറപ്പാട്, പുനരധിവാസം എന്നിവയെപ്പററി ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ് ഈ ലേഖനത്തിൻെറ പ്രധാന ഉദ്ദേശ്യം.

നമ്മുടെ കുടുംബചരിത്രം പ്രസിദ്ധീകരിച്ച കാണണമെന്ന ആഗ്രഹം ചെറുപ്പകാലം മുതല്ക്കേ എന്നിലുണ്ടായിരുന്നു. അന്ന ജീവിച്ചിരുന്ന ഏക വല്ല്യപ്പച്ചനായ മേലേമഠത്തിൽ കിഴക്കേതിൽ വല്ല്യപ്പച്ചനിൽനിന്നും പറഞ്ഞുകേട്ട കുടുംബകഥകളിൽനിന്നും നമ്മുടെ പൂർവ്വികന്മാർ കുറവിലങ്ങാട്ടുനിന്നും വന്നവരാണെന്ന ഞാൻ മനസ്സിലാക്കി. കുറവിലങ്ങാട്ടുനിന്നും അവർ മാവേലിക്കര വഴവാടിയിൽ പൊറേക്കാവിനു സമീപം കുറേഴത്തു വീടിൻെറ അടുത്തായി വന്ന താമസമാക്കിയതാണെന്ന കുറേഴത്ത് ഇടിക്കള പ്രവൃത്തിയാരിൽനിന്നും എനിക്ക മനസ്സിലാക്കുവാൻ സാധിച്ചു. ഞാൻ മിലിട്ടറി സർവീസ കഴിഞ്ഞുവന്ന് ആ സ്ഥലം പോയി കാണുകയും കടപ്പള്ളി കുടുംബത്തിലെ ഒരു ചാർച്ചക്കാരനും കല്ലടാൽ മലയിരേത്തു വടക്കേതിലെ ഒരു ബന്ധുവുമായ കേശവക്കുറുപ്പിൽനിന്നും നമ്മുടെ പൂർവിക പിതാക്കന്മാർ അവിടെ താമസമുണ്ടായിരുന്നുവെന്നും, മാവേലിക്കര കൊട്ടാരത്തിലെ ഊഴിയം സവ്വീസ ചെയ്യുവാൻ അവർ വിസമ്മതിച്ചതിനെ തുടർന്നു കൊട്ടാരം പോലീസുകാരിൽനിന്നും ഉണ്ടായ എതിർപ്പുകൾ സഹിക്കവയ്യാതെ അവർ കോട്ടകളഞ്ഞിയിൽ കടപ്പള്ളി പുരയിടം വാങ്ങി വീടുവെച്ച താമസമാക്കിയതായും അറിയുവാൻ സാധിച്ചു. പിന്നീട് ആവസ്ഥ അവർ കടപ്പള്ളിക്കാർക്കു കൊടുത്തിട്ട തോടിനു വടക്കവശം പാലത്തുംപാട്ട് പുരയിടത്തിലേക്ക താമസം മാററി. പാലത്തുംപാട്ട് ആദ്യപിതാവിൻെറ നാലു പുത്രന്മാരിൽ മൂത്ത പുത്രൻ പനപ്പള്ളിൽ പുരയിടത്തിലേക്കും, രണ്ടാമൻ മേലേമഠത്തിൽ കിഴക്ക പുരയിടത്തിലേക്കും, മൂന്നാമൻ വരിക്കയിൽ പുരയിടത്തിലേക്കും താമസം മാറി. ഇളയ പുത്രൻ കുടുംബത്തിൽ തന്നെ താമസമാക്കി. ഈ നാലു കുടുംബങ്ങളാണ് കാലാന്തരത്തിൽ പടർന്ന പന്തലിച്ച പൂമൊട്ടിൽ, നടയിൽ പടിഞ്ഞാറേതിൽ, മേലേമഠത്തിൽ കിഴക്കവടക്ക്, ആഞ്ഞിലിമൂട്ടിൽ, ചുതുശേരിമഠത്തിൽ, കന്നുംപുറത്ത്, പല്ലോന്നിപറമ്പിൽ, പ്ലാവുനില്

ക്കുന്നതിൽ, പാലത്തുംപാട്ട് തുമ്പുകൽ തുടങ്ങി നിരവധി ശാഖാ കുടുംബങ്ങളായിത്തീർന്നിരിക്കുന്നത്.

നമ്മുടെ കുടുംബത്തിലെ പ്രഗത്ഭരായ ചില വ്യക്തികളെപ്പറ്റി ഇവിടെ പരാമർശിക്കുന്നത് ഉചിതമായി എനിക്കു തോന്നുന്നു. പ്രായിക്കര പീടികയിലെ വല്യമാവിയുടെ കൊച്ചു മകനാണ് Dr. പി. എം. മാത്യു I. A. S. (Rtd) [എക്സ് കേരള സർക്കാർ അഗ്രിക്കൾച്ചറൽ ഡയറക്ടർ&വേൾഡ് ബാങ്ക് ഡയറക്ടർ] എന്നതു നമുക്ക് അഭിമാനിക്കാവുന്ന വസ്തുതയാണ്. കൂടാതെ പ്രാവു നില്ക്കുന്നതിൽ ചാണ്ടി ആശാൻ, പല്ലോന്നിപറമ്പിൽ ഡോ. മാത്തൻ പോത്തൻ, പാലത്തുംപാട്ട് പി. വി. നൈനാൻ സാർ, പി. പി. ചാക്കോ സാർ, പി. പി. ചാണ്ടപ്പിള്ള, പൂമൊട്ടിൽ മാത്തുണ്ണിവർക്കി (മാത്തുണ്ണി ഉപദേശി) എന്നിവർ അദ്ധ്യാപന/സഭാ ശുശ്രൂഷകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളായിരുന്നുവെന്നുള്ളത് അഭിമാനപൂർവം സ്മരിക്കുന്നു. കോട്ടകുളഞ്ഞിയിലെ ആദ്യത്തെ B. A. B. D. പട്ടക്കാരൻ പൂമൊട്ടിലെ പി എം. ജോർജ് അച്ചനാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. നമ്മുടെ കുടുംബത്തിലെ പ്രത്യേകം എടുത്തു പറയേണ്ട വ്യക്തിയാണ് The Rt. Rev. Dr. K. C. Seth Bishop. സ്വന്തം പരിശ്രമത്താലും ദൈവകൃപയാലും മാതാപിതാക്കളുടെ പ്രതിഷ്ഠപ്രകാരവും നമ്മുടെ കുടുംബത്തിൽ ഒരു ബിഷപ്പ് ഉണ്ടായി എന്നുള്ളതും മേൽ വിവരിച്ച നമ്മുടെ പൂർവികന്മാരുടെ സഭാ ശുശ്രൂഷകളും കോട്ടകുളഞ്ഞി സഭയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. മാവേലിക്കര ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. എം. കെ. ചെറിയാൻ തന്റെ പിതൃ പിതാമഹിയിലൂടെ നമ്മുടെ കുടുംബാംഗമാണ്. ഈ ചരിത്രഗ്രന്ഥത്തിന്റെ എഡിറ്റോറിയൽ അഡൈ്വസറെന്ന നിലയിൽ അദ്ദേഹം വഹിച്ച പങ്കു സ്തുത്യർഹവും സ്മരണീയവുമാണ്.

മെഡിക്കൽ വിദ്യാഭ്യാസ സൗകര്യങ്ങൾ തുലോം വിരളമായിരുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ കുടുംബത്തിൽ L. M. P. കോഴ്സ് പാസ്സായ ഒരു ഡോക്ടർ ഉണ്ടായിരുന്നുവെന്നുള്ള കാര്യവും പ്രത്യേകം പരാമർശം അർഹിക്കുന്നു. പൂമൊട്ടിൽ ഗീവറുഗീസ് വക്കിയുടെ മൂത്ത പുത്രനായ ഡോ. പി. വി. വക്കിയെപ്പറ്റിയാണ ഞാൻ സൂചിപ്പിക്കുന്നത്. പെനാംഗിൽ (മലേഷ്യ) വച്ച് അകാലത്തിൽ കൊഴിഞ്ഞുപോയ ആ പനിനീർ പുഷ്പത്തിന്റെ പാവന സ്മരണ എന്നും നിലനില്ക്കട്ടെ!

നമ്മുടെ കുടുംബചരിത്രം എഴുതണമെന്ന ഞാൻ അതിയായി ആഗ്രഹിച്ചിരുന്നുവെങ്കിലും അതു തുടങ്ങുവാൻ നിവൃത്തിയില്ലാതെ

ഞാൻ രോഗബാധിതനായി. അപ്പോഴാണു പാലത്തുംപാട്ടു കുടുംബത്തിന്റെ വിശദമായ ഒരു ചരിത്രം തയ്യാറാക്കുവാൻ പൂമൊട്ടിൽ ശ്രീ ഈശോ മാത്യു ശ്രമം നടത്തുന്നതായി അറിയുന്നത്. തുടർന്ന് ഈ സംരംഭത്തിന് അദ്ദേഹത്തിനു വേണ്ടതായ എല്ലാ പ്രോത്സാഹനങ്ങളും ഉപദേശങ്ങളും ഞാൻ നല്കുകയും ചെയ്തു വെന്നതിൽ എനിക്കു സംതൃപ്തിയുണ്ട്. തികഞ്ഞ ഗവേഷണ പാടവത്തോടും ആത്മാർഥതയോടുംകൂടെ ശ്രീ ഈശോമാത്യു അഹോരാത്രം പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഈ പുസ്തകം ഇന്നു വെളിച്ചം കാണുവാൻ ഇടയായത്. മാവേലിക്കരയും കുറവിലങ്ങാട്ടും നേരിട്ടുപോയി അന്വേഷണങ്ങൾ നടത്തിയും പല ആധികാരിക ഗ്രന്ഥങ്ങൾ വായിച്ചും നമ്മുടെ കുടുംബത്തെപ്പററി വസ്തുനിഷ്ഠമായ കാര്യങ്ങൾ മനസ്സിലാക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ അങ്ങേയററം ശ്ലാഘനീയമാണ്. ഈ സംരംഭത്തിന്റെ പിന്നിൽ പ്രേരക ശക്തികളായിനിന്ന മററു രണ്ടു വ്യക്തികളാണ് The Rt. Rev.ഡോ കെ. സി. സേത്ത് ബിഷപ്പും, മേലേമഠത്തിൽ കിഴക്ക് ശ്രീ എം. സി. ചെറിയാനും. കർമണ്യത യുടെ പ്രതീകമായ തിരുമേനിക്കും കുടംബസ്നേഹത്തിന്റെ നിറ കുടമായ ശ്രീ ചെറിയാനും നമ്മുടെ കുടുംബയോഗത്തിന്റെ പേരിൽ ഹൃദയംഗമമായ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

ദൈവകൃപയാൽ നമ്മുടെ കുടുംബചരിത്രം പ്രസിദ്ധീകരിക്കണമെന്നുള്ള നമ്മുടെ ചിരകാലാഭിലാഷം സഫലീകൃതമായിരിക്കുകയാണ്. പരസ്പരം അറിയാതെ സ്വദേശത്തും വിദേശത്തും പാർത്തിരുന്ന നമ്മുടെ സഹോദരങ്ങളെ സ്നേഹബന്ധത്തിൽ സമന്വയിപ്പിക്കുന്നതിന് ഈ കുടുംബചരിത്രം സഹായിക്കട്ടെ! സത്യത്തിന്റെ പ്രകാശത്തിൽനിന്നുകൊണ്ട് കലാവിരുതോടെ രചിക്കപ്പെടുന്ന ചരിത്രം ഹൃദയത്തിൽ അനുരണനങ്ങൾ ഉണ്ടാക്കുമെന്നതിൽ സംശയമില്ല. ഓരോ മാതാപിതാക്കന്മാരെയും പററിയുള്ള സ്മരണ നമ്മിൽ ഭയഭക്തി ബഹുമാനങ്ങൾ വർധിപ്പിക്കുകയും സർവോപരി ലക്ഷ്യബോധത്തോടുകൂടെ മുന്നേറുവാൻ സഹായിക്കുകയും ചെയ്യുന്നു. അഞ്ഞൂറിൽപരം ശാഖാ കുടുംബങ്ങളുള്ള ഒരു വടവൃക്ഷമായി പടർന്നു പന്തലിക്കുവാൻ നമ്മുടെ കുടുംബത്തെ സഹായിച്ച ദൈവത്തെ നന്ദിപൂർവം സ്തുതിക്കാം.

സ്നേഹത്തോടെ,
Capt. (Rtd) പി. പി. ജോസഫ്,
പല്ലോന്നിപറമ്പിൽ കുഴിയത്ത്.

# വിശദീകരണങ്ങളും അറിയിപ്പുകളും

പാലത്തുംപാട്ട് കുടുംബത്തിൻെറ ചരിത്രം ആദ്യപിതാവായ ശ്രീ നൈനാനിൽ തുടങ്ങുന്നു. ഈ കുടുംബം വളർന്നു പടർന്നു പന്തലിച്ച് ഇപ്പോൾ ഏഴാമത്തെ തലമുറവരെ എത്തിയിരിക്കുകയാണ്. ചുരുക്കം ചില ശാഖകൾ ആറാം തലമുറവരെ ആയിട്ടുള്ളൂ. എന്നാൽ മററു ചില ശാഖകൾ എട്ടാം തലമുറയിലേക്കു കടന്നിരിക്കുന്നുവെന്ന് ഈ കുടുംബചരിത്രം അവധാനപൂർവം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ശ്രീ നൈനാനെയും സഹോദരൻ പഴയാറു വടക്കേതിൽ ശ്രീ കുര്യനെയും ഒന്നാം തലമുറക്കാരെന്നു വിളിച്ചിരിക്കുന്നു. യഥാക്രമം A1&A2. ശ്രീ നൈനാൻെറ നാലു പുത്രന്മാരെ രണ്ടാം തലമുറക്കാരെന്നു വിശേഷിപ്പിക്കുകയും ഈ നാലു വല്യപിതാക്കന്മാരെ അടിസ്ഥാനപ്പെടുത്തി കുടുംബചരിത്രത്തെ B1, B2, B3 & B4 എന്നിങ്ങനെ നാലു ഭാഗങ്ങളായി വിഭജിക്കുകയും ചെയ്തിരിക്കുന്നു. മൂന്നാം തലമുറക്കാരെ അടിസ്ഥാനപ്പെടുത്തി ഓരോ ഭാഗത്തെയും C1,C2,C3.... എന്നിങ്ങനെ വിവിധ അദ്ധ്യായങ്ങളായി വീണ്ടും വിഭജിച്ചിരിക്കുകയാണ്. തുടർന്നുള്ള തലമുറകൾക്കു D, E, F, G എന്നിങ്ങനെ സീരിയലുകൾ ക്രമാനുസരണം ഉപയോഗിച്ചിരിക്കുന്നു. വനിതാ ശാഖകളുടെ കാര്യത്തിൽ അവരുടെ അടുത്ത തലമുറവരെയുള്ള പൂർണമായ വിവരങ്ങൾ എഴുതുകയെന്ന നയമാണു സ്വീകരിച്ചിരിക്കുന്നത്. എങ്കിലും പഴയ തലമുറകളുടെ കാര്യത്തിൽ പ്രസ്തുത കുടുംബവുമായുള്ള ബന്ധം നിലനിർത്തേണ്ടതിനായി നമ്മുടെ കുടുംബവുമായി കൂടുതൽ സമ്പർക്കമുള്ള അവരുടെ ശാഖകളെപ്പററി, പ്രത്യേകിച്ചു കുടുംബവീട്ടിൽ താമസിക്കുന്നവരെപ്പററി, കുറെക്കൂടി വിശദമായി എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. പ്രായോഗികത എന്ന മാനദണ്ഡമാണ് ഇതിനടിസ്ഥാനമാക്കിയിട്ടുള്ളത്.

അഞ്ചാം ഭാഗത്തിൽ രണ്ടാം തലമുറയിലെ പുത്രിമാരുടെ കുടുംബങ്ങളെപ്പററിയും, ആറാം ഭാഗത്തിൽ പഴയാറു വടക്കേതിൽ കുടുംബത്തെപ്പററിയും എഴുതിയിരിക്കുന്നു.

1992 ഏപ്രിൽ 25ന് പൂമൂട്ടിൽ വട്ടപ്പറമ്പിൽ ശ്രീ ഈശോ മാത്യുവിൻെറ ഭവനത്തിൽവെച്ച് പാലത്തുംപാട്ട് കുടുംബത്തിൻെറ വിവിധ ശാഖകളുടെ ഒരു പ്രതിനിധിയോഗം The Rt. Rev. Dr. K. C. Seth തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഒരു താത്കാലിക കമ്മിററി രൂപീകരി

ക്കപ്പെട്ടു. കൂടാതെ മോടിപ്പറമ്പിൽ ശ്രീ ജേക്കബ് വക്കീയിൽ നിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് അന്നേദിവസം തിരുമേനി കുടുംബയോഗം ഫണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്നു നടത്തപ്പെട്ട കമ്മിററി യോഗങ്ങളിൽ കുടുംബയോഗത്തെ സംബന്ധിച്ച പല സുപ്രധാന തീരുമാനങ്ങളും കൈക്കൊണ്ടു.

1. നമ്മുടെ കുടുംബങ്ങളിൽ പരസ്പരസ്നേഹം, വിശ്വാസം, സാഹോദര്യം എന്നിവയ്ക്കു പ്രാധാന്യം ഉണ്ടായിരിക്കണം.

2. നമ്മുടെ കുടുംബങ്ങളിൽ ഏതെങ്കിലും ഭവനം ഒരു പ്രത്യേക പ്രശ്നത്താൽ പ്രയാസപ്പെടുന്നതായി അറിഞ്ഞാൽ കമ്മിററിയംഗങ്ങൾ ആ ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും പ്രശ്നപരിഹാരത്തിനു ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

3. കുടുംബയോഗ ഫണ്ടിലേക്കു കഴിവുള്ളവർ ഉദാരമായി സംഭാവനകൾ നല്കിക്കൊണ്ടിരിക്കേണ്ടതാണ്.

വിലാസം: (Palathumpattu Kudumba Yogam A/c No. 3196, The Federal Bank Ltd, Kodukulanji)

4. കുടുംബയോഗം അക്കൗണ്ടിൽനിന്നും ഒരു നല്ല തുക ഫിക്സഡ് ഡിപ്പോസിററായി സമാഹരിച്ച് അതിന്റെ പലിശയിൽനിന്നും കുടുംബത്തിൽ പ്രയാസം അനുഭവിക്കുന്നവർക്കു സഹായം നല്കേണ്ടതാണ്.

5. കുടുംബാംഗങ്ങൾക്കു മാത്രമല്ല ചുററുമുള്ള സമൂഹത്തിനും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വിവാഹ സഹായനിധി, ഭവനനിർമ്മാണ സഹായനിധി, സാധുജന സംരക്ഷണ കേന്ദ്രം എന്നീ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രമിക്കണം.

6. എല്ലാ വർഷവും മെയ്മാസത്തെ രണ്ടാം ശനിയാഴ്ച വാർഷിക കുടുംബയോഗം കൂടേണ്ടതാണ്.

7. കുടുംബചരിത്രം ഏഴു വർഷത്തിലൊരിക്കൽ പരിഷ്കരിച്ച പുതിയ പതിപ്പിറക്കേണ്ടതാണ്.

പാലത്തുംപാട്ട് കുടുംബത്തിന്റെ ആദ്യ കുടുംബയോഗം കൂടുകയും കുടുംബചരിത്രം പ്രസിദ്ധീകരിക്കുകയും ചെയ്തതോടെ തലമുറകളായി നമ്മുടെ കുടുംബാംഗങ്ങളുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന വലിയ അഭിനിവേശമാണു സഫലീകൃതമായിരിക്കുന്നത്. ഇപ്രകാരം തലമുറകളുടെ അഭിലാഷസാക്ഷാത്കാരത്തിൽ ഒരു പ്രധാന ഭാഗഭാക്കായിത്തീരാൻ സാധിച്ചതു മഹാഭാഗ്യമായി കരുതുന്നു. ഇതിനുവേണ്ടി ധാരാളം

ക്ലേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അതെല്ലാം ദൈവ നിയോഗത്താൽ മാത്രമാണെന്നും വിശ്വസിക്കുന്നു. കുടുംബ ചരിത്രരചന 1988ൽ പുനരാരംഭിച്ചതിനുശേഷവും പല പ്രതിബ ന്ധങ്ങളും നിരുൽസാഹജനകമായ അനുഭവങ്ങളും ഉണ്ടായിട്ടുണ്ടെ ങ്കിലും പ്രസ്തുത അവസരങ്ങളിലെല്ലാം അദൃശ്യമായൊരു ശക്തി കൈപിടിച്ച് നമ്മെ നയിച്ചതായ അനുഭവമാണുണ്ടാ യത്. അത്തരം സന്ദർഭങ്ങളിൽ പ്രോൽസാഹനവും ആത്മ വിശ്വാസവും നല്കിയതു ദൈവവചനമായിരുന്നു (യോശുവാ 1, ദിനവൃത്താന്തം–28, യെശയ്യാവ്–43, യിരെമ്യാവ്–18).

രാത്രിയുടെ അന്ത്യയാമങ്ങളിൽ ഉണർന്നിരുന്ന് ഈ താളുക ളിൽ കുത്തിക്കുറിക്കുമ്പോൾ, തികഞ്ഞ വിശ്വസ്തതയോടും അർ പ്പണബോധത്തോടുംകൂടെ ജീവിതം നയിച്ച കാലയവനികയ്ക്കു ള്ളിൽ കടന്നുപോയ നമ്മുടെ പൂർവപിതാക്കന്മാരെപ്പററി വീണ്ടും ചിന്തിച്ചുപോകുന്നു. അവർണ്ണനീയമായ ചാരിതാർഥ്യ ബോധത്താൽ ധന്യമായൊരു ആനന്ദമുഹൂർത്തത്തിൽ അറിയാ തെ ഉതിർന്നുവീണ മിഴിനീർ മുത്തുകളാൽ താളുകൾ ഈറനണി യവെ 'വിശുദ്ധ മന്ദിരമായൊരു ആലയം പണിവാൻ യഹോവ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു; ധൈര്യപ്പെട്ട് അതു നടത്തി ക്കൊൾക' എന്ന ശബ്ദം വീണ്ടും കാതുകളിൽ മുഴങ്ങിക്കേൾക്കു ന്നു, ഒരശരീരി പോലെ!

സ്നേഹപൂർവം,

ഈശോ മാത്യു

സെക്രട്ടറി & ചീഫ്എഡിററർ

# കുടുംബ പശ്ചാത്തലം

ഉപാദ്ധ്യക്ഷൻെറ ലേഖനത്തിൽ പാലത്തുംപാട്ടു കുടുംബ പശ്ചാത്തലത്തെപ്പററി ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. പരമ്പരാഗതമായി ലഭിച്ചിരിക്കുന്ന അറിവു പ്രകാരം നമ്മുടെ പൂർവികന്മാർ ഏതാണ്ട 180 വർഷങ്ങൾക്കുമുമ്പു മാവേലിക്കര വഴുവാടിയിൽനിന്നും കോട്ടകുളഞ്ഞിയിൽ വന്ന താമസമാക്കിയതായി മനസ്സിലാക്കുന്നു. അവർ അക്കാലത്തു പുരാതനമായ (A. D. 943 ൽ സ്ഥാപിതമായത്) പുതിയകാവ് സെൻറ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ ആരാധിച്ചിരുന്നു. നാലുകെട്ടും പടിപ്പുരയും മററുമുള്ള വീട്ടിൽ അവർ താമസിച്ചിരുന്നതായി വല്യ പിതാക്കന്മാരിൽനിന്നും മനസ്സിലാക്കുന്നു. അവർ അക്കാലത്തു സാമാന്യം നല്ല സാമ്പത്തിക ശേഷിയിൽ കഴിഞ്ഞിരുന്നുവെന്നും മനസ്സിലാക്കാവുന്നതാണ്.

മാവേലിക്കര കൊട്ടാരത്തിലെ നിർബന്ധിത ഊഴിയം വേലയ്ക്കെതിരെ ശബ്ദം ഉയർത്തിയതിനാൽ നമ്മുടെ പൂർവ പിതാക്കന്മാർക്ക കൊട്ടാരം പോലീസുകാരിൽനിന്നും നിരന്തരമായ പീഡനങ്ങൾ അനുഭവിക്കേണ്ടതായി വന്നു. തന്മൂലം നമ്മുടെ നാലു പൂർവപിതാക്കന്മാർ കുടുംബസമേതം കോട്ടകുളഞ്ഞിയിലേക്ക യാത്ര തിരിച്ചു. കുട്ടംപേരൂർ സ്വദേശികളായ ഒരു നായർ തറവാട്ടുകാരും അവരെ അനുഗമിച്ചതായി അറിയുന്നു. ഈ കൂട്ടരാണു കടപ്പള്ളി കുടുംബക്കാരായി ഇപ്പോൾ അറിയപ്പെടുന്നത്. ആദ്യകാലത്തു പാലത്തുംപാട്ട കുടുംബക്കാർ കടപ്പള്ളി പുരയിടത്തിലും കടപ്പള്ളി കുടുംബക്കാർ ആലപ്പുറത്തു പുരയിടത്തിലുമായിരുന്നു താമസിച്ചിരുന്നത്. എന്നാൽ ഒരു ചുരുങ്ങിയ കാലത്തെ താമസത്തിനുശേഷം കടപ്പള്ളി പുരയിടം ആലപ്പുറത്തുകാർക്കുകൊടുത്തിട്ട് അതിൻെറ വടക്കുഭാഗത്തുള്ള പാലത്തുംപാട്ട പുരയിടത്തിലേയ്ക്ക നമ്മുടെ പൂർവികന്മാർ മാറുകയായിരുന്നുവെന്നും അറിയുന്നു. [ഉളിയന്തറ (വെണ്മണി)മാർത്തോമാ പള്ളിക്കു കിഴക്ക ഭാഗത്തായി പല്ലോന്നിച്ചാലിൻെറ കരയിൽ തെക്ക–വടക്കായി കിടക്കുന്ന വിസ്തൃതമായ ഭൂമിയാണു കടപ്പള്ളി പുരയിടം. ഇതിൻെറ തെക്കേ അററത്ത് ഒരു കാവുണ്ട്. വടക്കേ അററത്തുള്ള തോടിൻെറ വടക്കു ഭാഗത്തായി പാലത്തുംപാട്ട പുരയിടം സ്ഥിതിചെയ്യുന്നു.] പാലത്തുംപാട്ട്–കടപ്പള്ളി കുടുംബങ്ങളിലെ പൂർവികന്മാർ തലമുറകളായി ഉററ സുഹൃത്തു

ക്കളായിരുന്നുവെന്നുള്ള വസ്തുത കൊടുങ്ങല്ലൂരേത്തു ശ്രീ രാഘവൻ പിള്ളയും ആഞ്ഞിലിമൂട്ടിൽ ശ്രീ നാരായണക്കുറുപ്പും സ്ഥിരീകരിച്ചിട്ടുണ്ട്. തലമുറകൾക്കുശേഷവും ഈ സ്നേഹബന്ധം തുടരുന്നുവെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

അക്കാലത്തു കുടുംബങ്ങൾ സ്ഥലംമാറി പാർക്കുമ്പോൾ ആററുതീരത്തേക്കാണു സാധാരണ പോകാറുള്ളത്. സ്നാനം, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള സൗകര്യമാണ് ഇതിനു പ്രധാന കാരണം. ഇപ്രകാരം ഒരു ആററിൻെറ സാമീപ്യമില്ലാത്ത കോട്ടകുളഞ്ഞിയിലേക്കു നമ്മുടെ പൂർവികന്മാർ കുടിയേറിയതിൽ അതിശയം തോന്നാവുന്നതാണ്. എന്നാൽ പന്തളം-വെട്ടിയാർ-കൊല്ലകടവ് വഴി ഇന്നൊഴുകുന്ന അച്ചൻകോവിലാറു പുത്താററിൻകര (ചാമക്കാവ്) ഭാഗത്തുവെച്ച രണ്ടായി പിരിഞ്ഞ് അതിൻെറ പ്രധാന ശാഖ അക്കാലത്തു വെണ്മണി-കോട്ടകുളഞ്ഞി-ആലാ-ബുധന്നൂർ വഴി ഒഴുകിയിരുന്നുവെന്ന വസ്തുത മനസ്സിലാക്കുമ്പോൾ ഈ സംശയം ദൂരീകരിക്കപ്പെടുന്നു. ഏതോ പ്രശ്നത്തിൻെറ പേരിൽ അന്നത്തെ രാജാവിൻെറ പല്ലക്ക് ബുധന്നൂർ ഭാഗത്തുവെച്ച് ഒരുകൂട്ടം ആളുകൾ തടഞ്ഞതായും ക്ഷുഭിതനായ രാജാവ് ആററിൻെറ ഗതി മാററി ഒഴുക്കുവാൻ ഉത്തരവിട്ടതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ വെട്ടിയുണ്ടാക്കിയ ആറായതിനാലാണു 'വെട്ടിയാർ' എന്ന സ്ഥലനാമം ഉണ്ടായത്. 'പുത്താററിൻകര' എന്ന സ്ഥലനാമവും അതുവഴി ഉണ്ടാക്കിയ പുതിയ ആററിൻെറ സൂചന നല്കുന്നു. നമ്മുടെ പൂർവികന്മാരെ കോട്ടകുളഞ്ഞിയിലേക്ക് ആകർഷിച്ചതിനു മറെറാരു കാരണംകൂടി കാണാം. അന്നത്തെ കാലത്തു പാലത്തുംപാട്ടു ഭാഗത്ത് ആററുതീരത്തായി ധാരാളം ബ്രാഹ്മണ കുടുംബങ്ങൾ വസിച്ചിരുന്നു. മേലേമഠം, പുതുശ്ശേരി മഠം, ഇളയിടത്തു മഠം, ഇരട്ടക്കാവില്ലത്ത് തുടങ്ങിയ ഗൃഹനാമങ്ങൾ ഇപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ട്. മേല്പറഞ്ഞ ബ്രാഹ്മണ കുടുംബങ്ങളുടെ ആവശ്യപ്രകാരമായിരിക്കാം നമ്മുടെ പൂർവികന്മാർ ഈ ഭാഗത്തു താമസമാക്കിയതെന്നും വിശ്വസിക്കുവാൻ ന്യായമുണ്ട്. (അന്നൊക്കെ താഴ്ന്ന ജാതിക്കാർ തീണ്ടിയ വസ്തുക്കൾ തൊട്ടു ശുദ്ധീകരിക്കുന്നതിനായി ക്രിസ്ത്യാനികളെ ഉന്നതജാതിക്കാർ ഉപയോഗിച്ചിരുന്നു) തീണ്ടൽ-തൊടീൽ അത്യധികം പ്രബലമായിരുന്ന അക്കാലത്ത് ഒരു അവർണ ബാലികമൂലം തീണ്ടൽ സംഭവിച്ചതിനാലാണ് അവിടെ താമസിച്ചിരുന്ന ബ്രാഹ്മണ ഇല്ലക്കാർ കൂട്ടമായി സ്ഥലംവിട്ടു പോയതെന്നും പറയപ്പെടുന്നു.

വഴുവടിയിൽനിന്നും യാത്രതിരിച്ച നാലു പൂർവപിതാക്കന്മാരിൽ ഒരാൾ പാലത്തുംപാട്ടു പുരയിടത്തിൽ സ്ഥിരതാമസ

മാക്കി. ഇദ്ദേഹമാണ് നമ്മുടെ മൂല കുടുംബത്തിന്റെ പിതാവായ നൈനാൻ (നൈനാ). ശ്രീ നൈനാന്റെ സഹോദരന്മാരിൽ ഒരാളായ കുര്യൻ (കിര്യാൻ) കോട്ടകുളഞ്ഞി–കരോട്ടു പഴയാറു വടക്കേതിൽ താമസമാക്കി. രണ്ടാമത്തെ സഹോദരൻ കുളനടഭാഗത്തും മൂന്നാമത്തെ സഹോദരൻ കുമ്പഴയിലും താമസമാക്കി. കുളനട–കുമ്പഴ ഭാഗങ്ങളിലേക്കു പോയ സഹോദര കുടുംബങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കാലങ്ങൾ പിന്നിട്ടതോടെ നമുക്കു നഷ്ടപ്പെട്ടിരിക്കയാണ്. പാലത്തുംപാട്ടു തുമ്പുങ്കൽ കുടുംബത്തിലെ ശ്രീ പി. പി. ഫിലിപ്പോസ് (കുട്ടി) 1957–58ൽ കുമ്പഴ പാലംപണിയുമായി ബന്ധപ്പെട്ട് അവിടെ കുറെനാൾ താമസമാക്കുവാനിടയായി. ആ കാലയളവിൽ കുമ്പഴ പാലത്തിനു സമീപം താമസിച്ചിരുന്ന നമ്മുടെ സഹോദര കുടുംബവുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നതായും അറിവുണ്ട്. പൂമൂട്ടിൽ ശ്രീ. പി. വി. ചെറിയാനിൽ (കൊച്ചൂട്ടി) നിന്നും കുളനടയിൽ താമസമാക്കിയ സഹോദര കുടുംബത്തെപ്പറ്റി ചില സൂചനകൾ–അവർ പന്തളത്തിനും കുളനടയ്ക്കും ഇടയിലായി റോഡരികിൽ താമസിച്ചിരുന്നതായി–മാത്രം ലഭിച്ചിട്ടുണ്ട്.

പഴയാറു വടക്കേതിൽ താമസമാക്കിയ ശ്രീ. കുര്യന്റെ കുടുംബം കാലങ്ങൾ പിന്നിട്ടതോടെ പാലത്തുംപാട്ട കുടുംബം പോലെ വളർന്നു വലിയൊരു കുടുംബശൃംഖലയായിത്തീർന്നിരിക്കുന്നു.

| A1 | A2 |
|---|---|
| നൈനാൻ | കിര്യാൻ (കുര്യൻ) |
| പാലത്തുംപാട്ട് | പഴയാറു വടക്കേതിൽ |

നൈനാൻ–കുര്യൻ സഹോദരങ്ങളുടെ മാതാപിതാക്കളെപ്പറ്റി കാര്യമായ വിവരങ്ങൾ ഒന്നുംതന്നെ ആധികാരികമായി ലഭിച്ചിട്ടില്ല. എന്നാൽ പിൻതലമുറക്കാരുടെ പേരുകളിൽനിന്നും അവരുടെ പേരുകൾ ഔസേഫ് എന്നും ഏലിയാമ്മയെന്നും ആയിരുന്നെന്നു മനസ്സിലാക്കുന്നു. മേല്പറഞ്ഞ നാലു സഹോദരങ്ങൾ വഴവാടിയിൽനിന്നും കോട്ടകുളഞ്ഞിയിലേക്കു പോരുന്ന കാലത്ത് അവരുടെ മാതാപിതാക്കൾ ജീവിച്ചിരുന്നുവോ ഇല്ലയോ എന്നും തീർച്ചയില്ല. എന്നാൽ ചരിത്രപരമായ അന്വേഷണങ്ങളിൽനിന്നും–ഇവർ വഴവാടിയിൽ ഒരു ചുരുങ്ങിയ കാലമേ താമസിച്ചിരുന്നുവെന്നുള്ള വസ്തുത കണക്കിലെടുക്കുമ്പോൾ–ഔസേഫ്, ഏലിയാമ്മ ദമ്പതികളാണു കുറവിലങ്ങാട്ടു നിന്നും മാവേലിക്കര, വഴവാടി ഭാഗത്തേക്കു കുടിയേറിയതെന്നു ചിന്തിക്കുന്നതിൽ ന്യായമുണ്ട്. അപ്പോൾ പ്രായങ്ങൾ വെച്ചുള്ള

കണക്കകൂട്ടലിൽനിന്നും പാലത്തുംപാട്ട കുടുംബത്തിലെ നമ്മുടെ ആദ്യപിതാവായ നൈനാൻെറ ജന്മദേശം വഴവാടിയെക്കാരം കറവിലങ്ങാടായിരിക്കാനാണ് ഏറെ സാധ്യതയെന്ന കാണുന്നു.

ശ്രീ നൈനാൻെറ വംശാവലിയുടെ (ഔസേഫ്, ചാണ്ടി, ഇട്ടിക്കള, കുഞ്ഞുനൈനാൻ എന്നീ പുത്രന്മാരും ഏലിയാമ്മ, സാറാമ്മ എന്നീ പുത്രിമാരും) വിശദമായ ചരിത്രം 'കുടുംബപുരാവൃത്തം' എന്ന അടുത്ത അദ്ധ്യായത്തിനുശേഷം അഞ്ചു ഭാഗങ്ങളിൽ പതിനഞ്ചദ്ധ്യായങ്ങളിലായി എഴുതിയിരിക്കുന്നു.

ആറാം ഭാഗത്തിൽ പാലത്തുംപാട്ട മൂലകുടുംബത്തിൻെറ ഇപ്പോഴം അറിവിൽപ്പെട്ട ഏക സഹോദരകുടുംബമായ പഴയാററു വടക്കേതിൽ കുടുംബത്തെപ്പററി ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നു.

# കുടുംബ പുരാവൃത്തം

ഏതാണ്ട് 180 വർഷങ്ങൾക്കു മുമ്പ് മാവേലിക്കര (വഴുവാടി) യിൽനിന്നും കോട്ടുകുളഞ്ഞിയിൽ കുടിയേറിയ നമ്മുടെ പൂർവ്വികന്മാരുടെ പുരാതന ചരിത്രത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. മാവേലിക്കരയിൽ ഇവർ ഒരു ചെറിയ കാലയളവ് (30–40 വർഷങ്ങൾ) മാത്രമെ താമസിച്ചിരുന്നുള്ളൂ എന്നാണ് അറിവ്.

പാലത്തുംപാട്ട് കുടുംബത്തിലെ പിതാമഹന്മാരിൽനിന്നും നമ്മുടെ പൂർവികന്മാർ കുറവിലങ്ങാട്ടുനിന്നും മാവേലിക്കരയിൽ വന്നു താമസിച്ചവരാണെന്നു കേട്ടറിഞ്ഞിരുന്നു. ഈ കുടിയേററം ഏതാണ്ട് 210 വർഷങ്ങൾക്കു മുമ്പാണ് നടന്നിരിക്കുന്നതെന്ന് അനുമാനിക്കുന്നു.

പൂർവകാലങ്ങളിൽ ക്രിസ്ത്യാനികളുടെ കുടിയേററം പ്രധാനമായും രണ്ടു കാരണങ്ങളാലാണ് നടന്നിരിക്കുന്നത്.

(1) മതപീഡനം:– കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ ലത്തീൻ റീത്തു സഭയിലേക്കു കൊണ്ടുവരുന്നതിനായി പോർട്ടുഗീസു പടയാളികളുടെ പിന്തുണയോടുകൂടി അന്നത്തെ ലത്തീൻ റീത്തു മേലധികാരികൾ നടത്തിയ മതപീഡനങ്ങളിൽ അസഹ്യരായിത്തീർന്ന് അനേകം കുടുംബങ്ങൾ 15–ാം നൂററാണ്ടിന്റെ അന്ത്യത്തിൽ കുറവിലങ്ങാട്ടുനിന്നും കുടിമാറി പാർക്കുവാൻ പ്രേരിതരായത് ഒരു ചരിത്രസത്യമാണ്.

(2) ഉന്നതജാതിക്കാരായ ഹിന്ദുക്കളുടെ ആവശ്യപ്രകാരം, അവർണർ തീണ്ടിയ വസ്തുക്കൾ തൊട്ടു ശുദ്ധീകരിക്കുന്നതിനായി അന്നൊക്കെ ക്രിസ്ത്യാനികളെ തൊട്ടടുത്തു താമസിപ്പിക്കുന്ന പതിവുണ്ടായിരുന്നു.

നമ്മുടെ പൂർവികന്മാരുടെ പുറപ്പാടു മതപീഡനത്തിന്റെ കാലഘട്ടത്തിലല്ലാത്തതിനാൽ കുറവിലങ്ങാട്ടുനിന്നുള്ള അവരുടെ യാത്ര രണ്ടാമതു പറഞ്ഞിരിക്കുന്ന കാരണത്താലായിരിക്കാനാണ് സാധ്യത. കൂടുതൽ കൃഷിസ്ഥലങ്ങളും ഉപജീവനമാർഗങ്ങളും തേടിയുള്ള യാത്രയും ആകാം. കാരണം എന്തുതന്നെയായിരുന്നാലും നമ്മുടെ മൂല കുടുംബത്തെപ്പററി അന്വേഷിക്കുന്നതിനായി ഞാൻ കുറവിലങ്ങാട്ടു പോകുകയും പ്രായമുള്ള പല വ്യക്തികളുമായി ഇതെപ്പററി സംസാരിക്കുകയും നിരവധി നസ്രാണി ചരിത്രഗ്രന്ഥങ്ങൾ പരിശോധിക്കുകയും ചെയ്തതിന്റെ ഫലമായി കുറവിലങ്ങാട് തെക്കേടം കുടുംബത്തിന്റെ ശാഖയാണു മാവേലിക്കരയിലേക്കു കുടിയേറിയതെന്നു സ്ഥിരീകരിക്കുവാൻ സാധിച്ചു.

[കേരള ക്രിസ്ത്യാനി ചരിത്രത്തിൽ അതീവ തത്പരനും പണ്ഡിതനുമായ ജോൺ നിധിരി സാർ(Rtd Principal, Devamatha College, Kuravilangad) എനിക്കു വേണ്ട നിർദേശങ്ങളും ഉപദേശങ്ങളും നല്കിയെന്നുള്ളതു നന്ദിപൂർവം സ്മരിക്കുന്നു].

ശ്രീ. വി. സി. ജോർജ് 1973 ൽ പ്രസിദ്ധപ്പെടുത്തിയ 'കുറവിലങ്ങാട്ടു മാർത്തമറിയം പള്ളിയും കേരള നസ്രാണികളും' എന്ന ഗ്രന്ഥത്തിൽ ശങ്കരപുരി തെക്കേടം കുടുംബങ്ങളുടെ ദേശാന്തര ഗമനത്തെപ്പററി ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു: 'ഈ കുടുംബത്തിലെ അംഗങ്ങൾ കേരളത്തിൻെറ വിവിധ ഭാഗങ്ങളിലും പുറത്തും താമസം ഉറപ്പിച്ചു, നിരണം, അയിരൂർ, ചെങ്ങന്നൂർ, കോട്ടയം, തിരുവല്ല, മാവേലിക്കര, പുതുപ്പള്ളി കുമരകം, കൈനകരി, ചമ്പക്കുളം, ചമ്പക്കര, അതിരമ്പുഴ, കുടമാളൂർ, തുരുത്തി, ചങ്ങനാശേരി, പാലാ, രാമപുരം, കുടനാട്, എന്നീ സ്ഥലങ്ങളിലേക്കു മാറി പാർത്തു.'

എൻെറ പിതാവു കോട്ടയത്തു ജോലി ചെയ്തിരുന്ന കാലത്തു കുറവിലങ്ങാട്ടു തെക്കേടം കുടുംബത്തിൽപെട്ട വയോധികനായ ഒരു വ്യക്തിയുമായി പരിചയപ്പെടുവാനിടയായതായും തങ്ങൾ ഒരേ കുടുംബക്കാരാണെന്നു മനസ്സിലായപ്പോൾ സന്തോഷ പുരസ്സരം അദ്ദേഹം പിതാവിനെ ആശ്ലേഷിച്ചതായും പറഞ്ഞു കേട്ടിട്ടുണ്ട്.

കുറവിലങ്ങാടു തെക്കേടം കുടുംബത്തിൻെറ ഒരു ശാഖയായ പുത്തൻകാവ് തെക്കേടം കുടുംബത്തിൻെറ കുടുംബയോഗം സെക്രട്ടറിയും കുടുംബചരിത്ര രചയിതാവുമായ ശ്രീ എം. സി. ഉമ്മൻ തൻെറ കുടുംബത്തിലെ പിതാമഹന്മാരിൽനിന്നും മാവേലിക്കര വഴുവാടിയിൽ താമസിച്ചിരുന്ന കൂട്ടരെപ്പററി കേട്ടിട്ടുള്ളതായി എന്നോടു പറഞ്ഞിട്ടുണ്ട്. കൂടാതെ ശ്രീ ഉമ്മൻ നമ്മുടെ ആദ്യ കുടുംബയോഗത്തിൽ ആശംസാ സന്ദേശവേളയിൽ ഈ കാര്യം പ്രസ്താവിക്കുകയും ചെയ്യുകയുണ്ടായി.

പുത്തൻകാവ് തെക്കേടം കുടുംബത്തിലെ അംഗങ്ങളും നമ്മുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ആകാര—രൂപ സാദൃശ്യങ്ങളും ശ്രദ്ധേയമാണ്.

## ശങ്കരപുരി–തെക്കേടം കുടുംബത്തിൻെറ പൂർവചരിത്രം

[ഈ ലേഖനഭാഗത്തിനാധാരമായ ഗ്രന്ഥങ്ങൾ:

1. ശങ്കരപുരി കുടുംബം—ജോസഫ് തെക്കേടം

2. മാർത്തോമാ ക്രിസ്ത്യാനികൾ—ബർന്നാഡ് അച്ചൻ
3. കേരളത്തിലെ ക്രിസ്ത്യാനികൾ—കെ. ഈ. ജോബ്]

ശങ്കരപുരി—തെക്കേടം കുടുംബത്തിന്റെ പൂർവചരിത്രം ക്രിസ്തബ്ദം 59 ൽ യേശുദേവന്റെ ശിഷ്യന്മാരിലൊരാളായ സെന്റ് തോമസ് കൊടുങ്ങല്ലൂരിനടുത്ത പാലയൂർ എന്ന സ്ഥലത്തു വന്നതു മുതൽ ആരംഭിക്കുന്നു:–

യഹൂദന്മാരുടെ രാജാവായിരുന്ന സോളമന്റെ കാലം മുതല്ക്കെ പലസ്തീൻ വ്യാപാരികൾ കേരളവുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. തെക്കേ ഇൻഡ്യയുടെ കിഴക്കേ സമുദ്രതീരത്തു ചോഴ രാജ്യം ഭരിച്ചിരുന്ന ചോഴപ്പെരുമാളിന്റെ മന്ത്രിയായ ഹാബാനു മൊത്ത് എ. ഡി. 52 ൽ സെന്റ് തോമസ് കേരളത്തിലെ ഒരു പ്രധാന തുറമുഖമായിരുന്ന കൊടുങ്ങല്ലൂരിൽ ആദ്യമായി വന്നിറങ്ങി. സുവിശേഷം പ്രസംഗിച്ച് ഇൻഡ്യയിലെ ജനങ്ങളെ ക്രിസ്ത്യാനികളാക്കുക എന്നതായിരുന്നു വിശുദ്ധന്റെ ലക്ഷ്യം. സെന്റ് തോമസ് ആദ്യം ചോഴരാജ്യത്തും പിന്നീട് ഇൻഡ്യയിൽ മററു പല സ്ഥലങ്ങളിലും ചൈനയിലും സുവിശേഷ ഘോഷണം നടത്തിയതായി ചരിത്രങ്ങളിൽ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിനു ചോഴരാജ്യത്തിൽ നേരിടേണ്ടിവന്ന ക്ലേശങ്ങളെപ്പററിയും പ്രതിപാദനമുണ്ട്. എ. ഡി. 59 ൽ സെ. തോമസ് കേരളത്തിലേക്കു മടങ്ങിവന്നു പ്രധാനമായും ഉന്നതജാതിക്കാരായ ഹിന്ദുക്കളുടെ ഇടയിൽ സുവിശേഷ ഘോഷണം നടത്തുകയും അനേകരെ മാനസ്സാന്തരപ്പെടുത്തുകയും ചെയ്തു. കൂടാതെ കൊടുങ്ങല്ലൂർ, കൊല്ലം, കോക്കമംഗലം, നിരണം, ചായൽ, പറവൂർ, പാലയൂർ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ വിശുദ്ധൻ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. (1)

## പാലയൂരിൽ നടന്ന അദ്ഭുതം

സെന്റ് തോമസ് പാലയൂരിൽ എത്തിയത് അവിടത്തെ ശിവക്ഷേത്രത്തിലെ ഒരു വിശേഷ ദിവസമായിരുന്നു. ബ്രാഹ്മണർ അമ്പലത്തിനടുത്തുള്ള കുളത്തിൽ സ്നാനം ചെയ്തു ജലതർപ്പണം ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭം. വിശുദ്ധന്റെ ആകൃതിയും വേഷവും മററും കണ്ട ധാരാളം ആളുകൾ ചുററുംകൂടി. അദ്ദേഹം ബ്രാഹ്മണരോട 'നിങ്ങൾ മേലോട്ട് എറിയുന്ന ജലം തിരികെ താഴേക്ക വരാതെ അവിടെത്തന്നെ നിർത്തിച്ച തന്നാൽ ഞാൻ വിശ്വസിക്കുന്ന ദൈവത്തിൽ നിങ്ങളും വിശ്വസിക്കാമോ?' എന്നു ചോദിച്ചു. ബ്രാഹ്മണർ സമ്മതിച്ച ഉടനെ വിശുദ്ധൻ കുളത്തിലേക്കിറങ്ങി കൈക്കുമ്പിളിൽ വെള്ളം നിറച്ചു, പ്രാർത്ഥിച്ചു

കൊണ്ടു മുകളിലേക്കെറിഞ്ഞു. കൂടിനിന്ന ജനങ്ങളെ അത്ഭുതസ്തബ്ധരാക്കികൊണ്ട് മുകളിലേക്കെറിഞ്ഞ ജലം മുത്തുമണികൾപോലെ ആകാശത്തിൽ കുറെസമയം നിന്നശേഷം അപ്രത്യക്ഷമായി. കൂടാതെ വെള്ളം കോരിയ ജലോപരിതലത്തിൽ ഒരു കുഴിയും കാണപ്പെട്ടു. ബ്രാഹ്മണർ ആകെ പരിഭ്രാന്തരായി. വിശുദ്ധനാകട്ടെ അവരെ സമാധാനപ്പെടുത്തി; താൻ കാണിച്ച ഈ അത്ഭുതം തന്റെ ഗുരുവും ദൈവപുത്രനുമായ ക്രിസ്തുദേവന്റെ ശക്തിയാൽ സാധിച്ചതാണെന്നും അവരെ അറിയിച്ചു. തുടന്നു ശിവക്ഷേത്രത്തിന്റെ അധികാരികളായിരുന്ന കള്ളി, കാളികാവ്, ശങ്കരപുരി, പകലോമററം എന്നീ നാലു ബ്രാഹ്മണ ഇല്ലക്കാരും അവരോടൊപ്പം വേറെ ആറു ബ്രാഹ്മണ കുടുംബങ്ങളും മാനസാന്തരപ്പെട്ടു ക്രിസ്തുമതം സ്വീകരിച്ചു. ഇപ്രകാരം ക്രിസ്ത്യാനികളായിത്തീർന്ന ബ്രാഹ്മണരിൽ ശങ്കരപുരി, പകലോമററം ഇല്ലങ്ങളിൽ ഓരോരുത്തർക്കു വിശുദ്ധൻ പൗരോഹിത്യ പദവിയും കല്പിച്ചു നല്കുകയുണ്ടായി. ശങ്കരപുരി കുടുംബങ്ങൾക്കു പ്രത്യേകമായി ഗുരുപ്പട്ടവും പള്ളിയിലും മററും പുരോഹിതരെ മതകർമ്മങ്ങളിൽ സഹായിക്കുന്നതിനുള്ള അവകാശവും നല്കിയതായി പറയുന്നു. പാലയൂരിലെ ശിവക്ഷേത്രത്തിന്റെ പുരോഭാഗത്തു വിശുദ്ധൻ ഒരു കുരിശു സ്ഥാപിച്ചതോടെ അതൊരു ക്രിസ്തീയ ദേവാലയമായി രൂപാന്തരപ്പെടുകയും ചെയ്തു. കാലങ്ങൾ കടന്നുപോയതോടെ പഴയ ദേവാലയം പലതവണ പുതുക്കിപണിതു കൂടുതൽ മനോഹരമാക്കിയിട്ടുണ്ടെങ്കിലും അന്നത്തെ തളികക്കുളവും, പൂജാക്കിണറും അതിന്റെ മൂടികയും മററും ഇപ്പോഴും പരിപാലിക്കപ്പെടുന്നുവെന്നതു കേവല യാഥാർത്ഥ്യങ്ങൾ മാത്രമാണ്.

ജോസഫ് ചിററിലപ്പിള്ളിയുടെ 'പാലയൂർ പള്ളി' എന്ന ചെറുഗ്രന്ഥത്തിൽ മേൽവിവരിച്ച സംഭവങ്ങളെപ്പററി വിശദമായി എഴുതിയിട്ടുണ്ട്.

സെൻറ് തോമസ് ഇപ്രകാരം മതപരിവർത്തനം നടത്തിയത് കൂടുതലും വിദ്യാസമ്പന്നരും സൗമ്യരുമായ ബ്രാഹ്മണരുടെ ഇടയിലായിരുന്നതിനാൽ ഇപ്പോഴത്തെ കേരള ക്രിസ്ത്യാനികളിൽ പല കുടുംബങ്ങളുടെയും വേരുകൾ മേല്പറഞ്ഞ നാലില്ലങ്ങളിലോ അതുപോലെയുള്ള മററു ബ്രാഹ്മണ കുടുംബങ്ങളിലോ ചെന്നെത്തി നില്ക്കുന്നു.

## പാലയൂരിൽനിന്നു കുറവിലങ്ങാട്ടേക്ക്

മേൽ വിവരിച്ച പ്രകാരം പാലയൂരിലെ ബ്രാഹ്മണ പ്രമാണികൾ സുറിയാനി ക്രിസ്ത്യാനികളായതു മററു ചില ഹിന്ദു

ക്കാംക്ക വിദ്വേഷമുളവാക്കിയതിനാൽ അവർക്കവിടെ ധാരാളം ക്ലേശങ്ങാം അനുഭവിക്കേണ്ടി വന്നു. ഏററവും ഒടുവിൽ ചാവ ക്കാട് എന്ന സ്ഥലത്തുവെച്ചുണ്ടായ പ്രശ്നങ്ങളെ തുടർന്ന് അവർ ആ സ്ഥലത്തെ ശപിക്കുകയും കൂട്ടമായി നാടുവിടാൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെയാണ് ആ പ്രദേശത്തി നു 'ശാപക്കാട്" (ചാവക്കാട്) എന്ന സ്ഥലനാമം ഉണ്ടായത്.

അങ്ങനെ കള്ളി, കാളികാവ്, ശങ്കരപുരി, പകലോമററം എന്നീ നാലു കുടുംബക്കാർ പാലയൂരിൽനിന്നും യാത്രതിരിച്ച് ആദ്യം അങ്കമാലിയിൽ വന്നുചേർന്നു. അവിടെനിന്നും കടുത്തു രുത്തിവഴി ഏററുമാനൂരിൽ എത്തി. അവർ ഏററുമാനൂർ ക്ഷേത്രാധികാരികളോടു തങ്ങാംക്കു കുടിതാമസിക്കുവാൻ സ്ഥലം അനുവദിച്ചു തരണമെന്നപേക്ഷിക്കുകയും അവിടെനി ന്നും ഏകദേശം അഞ്ചു മൈൽ വടക്കുള്ള കാളികാവ് ക്ഷേത്ര ത്തിൻെറ വടക്കുഭാഗത്തായി താമസത്തിന് അനുവാദം ലഭിക്കുക യും ചെയ്തു.

പാലയൂർ നിവാസികാം ഏററുമാനൂരിൽ എത്തിയിട്ട് ഏതാണ്ട രണ്ടര നൂററാണ്ടുകാം പിന്നിട്ടതോടെ അനേകം കുടുംബ ങ്ങളായി വർദ്ധിച്ചു. എ. ഡി. 337ൽ കുറവിലങ്ങാട് ദേവാലയം പണി ചെയ്യപ്പെട്ടതോടെ ഏററുമാനൂരിൽ താമസിച്ചിരുന്ന പാ ലയൂർ ക്രിസ്ത്യാനികളായ നാലു കുടുംബക്കാർ പള്ളിയുടെ രണ്ടു ഭാഗങ്ങളിലായി വീടുവെച്ചു താമസമാക്കി. പള്ളിയുടെ വടക്കുഭാഗത്തു കള്ളി കുടുംബക്കാരും പകലോമററവും തെക്കുഭാഗ ത്ത് അല്പം പടിഞ്ഞാറായി ശങ്കരപുരിയും കാളികാവും പാല യൂരിൽനിന്നും പിന്നീടു വന്ന മറെറാരു കൂട്ടരായ കടപ്പൂർ കുടും ബക്കാരും താമസമാക്കിയതായി അറിയപ്പെടുന്നു. ക്രമേണ പക ലോമററത്തിനു വടക്കേടമെന്നും, ശങ്കരപുരിക്കു തെക്കേടമെന്നും ഗൃഹനാമങ്ങാം ഉണ്ടായി. ശങ്കരപുരിക്കു ശങ്കൂരിക്കൽ, ശംകൂരി എന്നൊക്കെ പ്രയോഗാന്തരങ്ങാം ഉണ്ടായിട്ടുണ്ട്. കള്ളി കുടുംബ ക്കാർ പിന്നീടു പള്ളിവീട്ടുകാർ എന്നും വിളിക്കപ്പെട്ടു.

മേൽ വിവരിച്ച നാലു പുരാതന കുടുംബങ്ങളിൽനിന്നും പല കാലഘട്ടങ്ങളിലായി കേരളത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു ശാഖകാം പിരിഞ്ഞിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂർ ഭാഗത്തേക്കു കുടിയേറിയവരിൽ ഭൂരിഭാഗവും പകലോമററം, ശങ്കരപുരി എന്നീ കുടുംബങ്ങളാണെന്നുള്ളതും അറിവുള്ളതാണ്. ശങ്കരപുരി യായ തെക്കേടത്തുനിന്നും പോയ അനേകർ തിരുവല്ല, ചെങ്ങ ന്നൂർ, ഓമല്ലൂർ, കുടമാളൂർ, എടത്വാ, അതിരമ്പുഴ, പുത്തൻ കാവ്, മുളക്കുഴ, പത്തനംതിട്ട, എരുമേലി, എന്നിവടങ്ങളിൽ അധിവസിക്കുന്നുണ്ടെന്ന് അറിവുള്ളതായി ശ്രീ ജോസഫ് തെക്കേ

ടത്തിന്റെ 'ശങ്കരപുരി കുടുംബചരിത്ര'ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

'കേരള അസീസി' എന്നറിയപ്പെടുന്ന എടത്വാ പുത്തൻപറമ്പിൽ തൊമ്മച്ചൻ, എറണാകുളം അതിരൂപതയുടെ പ്രഥമ മെത്രാനായിരുന്ന പഴയപറമ്പിൽ ളൂയിസ് മെത്രാൻ, കേരള കത്തോലിക്കാ സഭയിൽ തലശ്ശേരി രൂപതയുടെ അദ്ധ്യക്ഷനായിരുന്ന ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, ജമ്മു–കാഷ്മീർ രൂപതാ മെത്രാൻ ബിഷപ്പ് ഹിപ്പോളിററസ് കുന്നുങ്കൽ, മാർത്തോമ്മാ സഭയിലെ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലിത്താ തുടങ്ങിയവർ ശങ്കരപുരി തെക്കേടം കുടുംബത്തിലെ ശ്രേഷ്ഠ സന്താനങ്ങളാണെന്ന് 1987ൽ എടത്വയിൽനിന്നും പ്രസിദ്ധീകരിച്ച 'കേരള അസീസി' സ്മരണികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മുൻ കേന്ദ്രമന്ത്രി ശ്രീ എം. എം. ജേക്കബ് എം. പി. തെക്കേടം കുടുംബത്തിന്റെ രാമപുരം ശാഖയായ ചോലപ്പിള്ളി മുണ്ടയ്ക്കൽ കുടുംബാംഗമാണ്.

കുറവിലങ്ങാട് തെക്കേടം കുടുംബത്തിന്റെ ഇപ്പോഴും അറിവിൽപ്പെട്ടതായ മററു ശാഖകൾ രാമപുരം–ചോലപ്പിള്ളി, ഞാറയ്ക്കൽ–ശങ്കൂരിക്കൽ, കരിമണ്ണൂർ–കുഴിക്കാട്, മൂവാററുപുഴ–കദളിക്കാട്, കുളത്തൂർ–പുതിയിടം, മണ്ണയ്ക്കനാട്–തറപ്പേൽ/നരിപ്പാറ, കുടമാളൂർ–തെക്കേടത്തു പണിക്കരിടം, കല്ലൂപ്പാറ, അടങ്ങപ്പുറം, ഇരവിപേരൂർ–ശങ്കരമംഗലം, പന്തളം–ശങ്കരത്തിൽ, പുളിങ്കുന്ന്–കുററിക്കൽ. പുത്തൻകാവ്–തെക്കേടം, എടത്വാ–തെക്കേടം, തുമ്പമൺ–കൈതവന, കോട്ടകുളഞ്ഞി–പാലത്തുംപാട്ട് എന്നിവയാണ്.

ജോസഫ് തെക്കേടത്തിന്റെ പുത്രൻ ശ്രീ ററി. ജെ. പോൾ ആണ് ഇപ്പോൾ കുറവിലങ്ങാട് തെക്കേടം മൂലകുടുംബ വീട്ടിൽ താമസിക്കുന്നത്.

# പാലത്തുംപാട്ട് കുടുംബം

## ആരംഭം

പാലത്തുംപാട്ട് കുടുംബത്തിലെ ആദ്യപിതാവായ നൈനാൻ ഔസേഫ്, ചാണ്ടി, ഇടിക്കുള, കുഞ്ഞുനൈനാൻ എന്നിങ്ങനെ നാലു പുത്രന്മാരും, ഏലിയാമ്മ, സാറാമ്മ എന്നീ പുത്രിമാരും ജനിച്ചു. ഈ കുടുംബം തൊട്ടടുത്തുള്ള മേലേമഠത്തിൽ കിഴക്കുപുരയിടം, പനപ്പള്ളിൽ പുരയിടം വരിക്കയിൽ പുരയിടം എന്നിവ കൂടാതെ പല്ലോന്നിപറമ്പിൽ, പൂമൊട്ടിൽ, പ്ലാവു നില്ക്കുന്നതിൽ, ആഞ്ഞിലിമൂട്ടിൽ എന്നീ ഭാഗങ്ങളിൽ വസ്തുക്കൾ തീറായും, ഒററിയായും, പാട്ടമായും കൈവശമാക്കി കാർഷിക വൃത്തിയിൽ ഉപജീവനം കഴിച്ചിരുന്നു. 1842ൽ കോടുകുളഞ്ഞി സി. എസ്. ഐ. പള്ളി പൂർത്തിയാകുന്നതുവരെ നമ്മുടെ പൂർവികന്മാർ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ (എ. ഡി. 300ൽ സ്ഥാപിതമായത്) ആരാധിച്ചിരുന്നതായി രേഖകൾ ഉണ്ട്.

വിവാഹാനന്തരം മൂത്ത പുത്രൻ ഔസേഫ് നൈനാൻ പനപ്പള്ളിൽ പുരയിടത്തിൽ താമസമാക്കി. രണ്ടാമനായ ചാണ്ടി നൈനാൻ മേലേമഠത്തിൽ കിഴക്കു പുരയിടത്തിലേക്കും, മൂന്നാമൻ ഇടിക്കുള നൈനാൻ വരിക്കയിൽ പുരയിടത്തിലേക്കും താമസം മാറി. ഇളയ പുത്രനായ കുഞ്ഞുനൈനാൻ പാലത്തുംപാട്ട് കുടുംബത്തിൽ താമസിച്ചു.

ശ്രീ നൈനാന്റെ മൂത്ത പുത്രി ഏലിയാമ്മയെ കോടുകുളഞ്ഞി ചെങ്കൽ വീട്ടിൽ ശ്രീ ചെറിയാൻ വിവാഹം ചെയ്തു. ഇളയപുത്രി സാറാമ്മയെ വെണ്മണി കൂറെറാഴത്തിൽ വീട്ടിൽ (കുറുങ്കാട്ടിൽ കുടുംബം) ശ്രീ ചാക്കോ വിവാഹം ചെയ്തു.

ശ്രീ നൈനാൻെറ സഹധർമ്മിണിയുടെ പേര് മറിയാമ്മ എന്നാണെന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

**A1 നൈനാൻ**

B1 ഔസേഫ്
B2 ചാണ്ടി
B3 ഇടിക്കുള
B4 കുഞ്ഞു നൈനാൻ
B5 ഏലിയാമ്മ
B6 സാറാമ്മ

ശ്രീ നൈനാൻെറ നാലു പുത്രന്മാരുടെ വംശാവലിയെ നാലു ഭാഗങ്ങളായി തിരിച്ചു പന്ത്രണ്ടദ്ധ്യായങ്ങളായും പുത്രിമാരെപ്പററി ചുരുക്കമായി അഞ്ചാം ഭാഗത്തിൽ രണ്ടദ്ധ്യായങ്ങളായും തുടർന്നു വിവരിച്ചിരിക്കുന്നു.

# ഒന്നാം ഭാഗം

## പനപ്പുള്ളിൽ കുടുംബം

## B1 ഔസേഫ് നൈനാൻ

പാലത്തുംപാട്ടു കുടുംബത്തിലെ ആദ്യ പിതാവായ നൈനാന്റെ മൂത്തപുത്രനായ ഔസേഫ് നൈനാൻ പനപ്പള്ളിൽ പുരയിടത്തിലേക്കു മാറിത്താമസിച്ചതായി നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഔസേഫിന്റെ സഹധർമ്മിണി അന്നമ്മ. ഔസേഫ്–അന്നമ്മ ദമ്പതികൾക്ക് നൈനാൻ ജോസഫ്, വർക്കിജോസഫ് എന്നീ രണ്ടു പുത്രന്മാർ മാത്രം ജനിച്ചു. വിവാഹാനന്തരം മൂത്ത പുത്രൻ നൈനാൻ ജോസഫ് പനപ്പള്ളിൽ കുടുംബത്തും വർക്കി ജോസഫ് പൂമൊട്ടിലും താമസമാക്കി.

C1 നൈനാൻ ജോസഫ്

**B1 ഔസേഫ് നൈനാൻ**

C2 വർക്കി ജോസഫ്

നൈനാൻ ജോസഫിന്റെയും വർക്കി ജോസഫിന്റെയും അനന്തര തലമുറകളുടെ വിശദാംശങ്ങൾ ഒന്നും രണ്ടും അദ്ധ്യായങ്ങളായി ചുവടെ വിവരിക്കുന്നു.

**അദ്ധ്യായം ഒന്ന്**

# പനപ്പള്ളിൽ ശാഖ

## C1 നൈനാൻ ജോസഫ്

കുടുംബനാഥനായ നൈനാൻ ജോസഫിന് ജോസഫ് നൈനാൻ, ചാക്കോ നൈനാൻ, യോഹന്നാൻ നൈനാൻ എന്നീ മൂന്നു പുത്രന്മാരും അന്നാമ്മ എന്ന ഏക പുത്രിയും ജനിച്ചു. വിവാഹാനന്തരം ശ്രീ ജോസഫ് നൈനാൻ പനപ്പള്ളിൽ കുടുംബത്തും ശ്രീ ചാക്കോ നൈനാൻ ചക്കാലയിലും ശ്രീ യോഹന്നാൻ നൈനാൻ നടയിൽ പടിഞ്ഞാറേതിലും താമസമുറപ്പിച്ചു. ശ്രീമതി അന്നമ്മയെ കോഴഞ്ചേരി വെള്ളാരേത്തു പുളിയിലേത്തു വീട്ടിലേക്കു വിവാഹം ചെയ്തയച്ചു.

| | |
|---|---|
| **C1 നൈനാൻ ജോസഫ്** | D1 ജോസഫ് നൈനാൻ |
| | D2 ചാക്കോ നൈനാൻ |
| | D3 യോഹന്നാൻ നൈനാൻ |
| | D4 അന്നാമ്മ നൈനാൻ |

പില്ക്കാലത്തു പനപ്പള്ളിൽ പുരയിടം വിററതിനുശേഷം ശ്രീ ജോസഫ് നൈനാന്റെ അനന്തര തലമുറക്കാർ കുന്നത്തും പുനലൂരും ആലപ്പുഴയിലുമായി താമസമുറപ്പിച്ചു.

## D1 പനപ്പള്ളിൽ ശാഖ—ജോസഫ് നൈനാൻ

ശ്രീ ജോസഫ് നൈനാന് ആദ്യ വിവാഹത്തിൽ നൈനാൻ ജോസഫ് എന്ന ഏക പുത്രൻ ജനിച്ചു. ആദ്യ ഭാര്യയുടെ മരണശേഷം ശ്രീ ജോസഫ് തലവടി തോട്ടയ്ക്കാട്ട് കുടുംബാംഗമായ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു സി. ജെ. ചെറിയാൻ, മറിയാമ്മ, സി. ജെ. ഫിലിപ്പോസ്, സി. ജെ. ജോൺ എന്നീ നാലു മക്കൾ ജനിച്ചു.

D1 **ജോസഫ് നൈനാൻ**

E1 നൈനാൻ ജോസഫ്
E2 സി. ജെ. ചെറിയാൻ
E3 മറിയാമ്മ
E4 സി. ജെ. ഫീലിപ്പോസ്
E5 സി. ജെ. ജോൺ

## E1 നൈനാൻ ജോസഫ്

കുറച്ചുകാലം കോട്ടകളഞ്ഞി പൂമൊട്ടിൽ കിഴക്കു ഭാഗത്തു താമസിച്ചതിനുശേഷം പുനലൂർ വിളക്കുവെട്ടം എന്ന സ്ഥലത്തേക്കു താമസം മാററി അവിടെവെച്ചു 95-ാമത്തെ വയസ്സിൽ 1982 ൽ നിര്യാതനായി. സഹധർമ്മിണി വെൺമണി കുററിയിൽ കുടുംബാംഗമായ അന്നമ്മ 1964 ൽ 72-മത്തെ വയസ്സിൽ നിര്യാതയായി. ഈ ദമ്പതികളുടെ മക്കാം സാറാമ്മ, ശോശാമ്മ, ഏലിയാമ്മ, പി. എൻ. ജോസഫ് (കുഞ്ഞൂഞ്ഞ്), യോഹന്നാൻ നൈനാൻ, തങ്കമ്മ എന്നിവരാണ്.

## F1 മിസ്സിസ് സാറാമ്മ കുഞ്ഞച്ചൻ (കുഞ്ഞാമ്മ)

ശ്രീമതി സാറാമ്മയെ പെരുമ്പെട്ടി സ്വദേശിയായ ശ്രീ കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഈ കുടുംബം പിന്നീട പാലസ്സാട്ട് താമസമാക്കി. ബേബി, ജോണി, തങ്കച്ചൻ, ഫിലിപ്പോസ്, രാജു, മേരി, പൊടിയമ്മ എന്നിവർ മക്കളാണ്.

## F2 മിസ്സിസ് ശോശാമ്മ തോമസ്

കോന്നി പെരിഞ്ഞൊട്ടയ്ക്കൽ കോതശ്ശേരിയത്തു വീട്ടിൽ ശ്രീ തോമസ് വിവാഹം ചെയ്തു. ശ്രീ തോമസ് 70-ാമത്തെ വയസ്സിൽ നിര്യാതനായി. ഈ ദമ്പതികളുടെ മക്കാം ഇടിക്കുള തോമസ് (ജോയി), മിസ്സിസ് ഏലിയാമ്മ ചാക്കോ (കുഞ്ഞുമോാം) തോപ്പിൽ ഹൗസ്, പുറമററം, മിസ്സിസ് അന്നാമ്മ ബേബി (അമ്മിണി) ചുട്ടിപ്പാറയിൽ കാവുങ്കൽ, പെരുമ്പെട്ടി, നൈനാൻ തോമസ് (ബേബി), കെ. ററി. തോമസ് (രാജു).

## F3 മിസ്സിസ് ഏലിയാമ്മ ഉമ്മൻ

നിരണം തെങ്ങുംതുണ്ടിയിൽ ശ്രീ ഉമ്മൻ വിവാഹം ചെയ്തു. ഈ കുടുംബം കുമ്മണ്ണൂർ (കോന്നി) എന്ന സ്ഥലത്തു താമസം മാറി. തെങ്ങുംതുണ്ടിയിൽ ഹൗസ്. മക്കാം:- മറിയാമ്മ, നൈനാൻ, മത്തായി, കുഞ്ഞുമോാം, ജേക്കബ് ഉമ്മൻ, ഏത്സമ്മ എന്നിവരാണ്.

## F4. പി. എൻ. ജോസഫ് (കുഞ്ഞൂഞ്ഞ്)

ശ്രീ ജോസഫ്, പുനലൂർ ഇളമ്പലിൽ ശ്രീ തോമസിൻെറയും ശ്രീമതി മറിയാമ്മയുടെയും പുത്രി ഏലിയാമ്മയെ വിവാഹം

ചെയ്തു. ഈ കുടുംബം തിരുമേനിയിൽ മരുതൻപാടി എന്ന സ്ഥലത്തു സ്ഥിരതാമസമാക്കിയിരിക്കുകയാണ്.
[പാറകടവിൽ വീട്, തിരുമേനി പി. ഒ, ചെറുപുഴ (Via) കണ്ണൂർ]

കുഞ്ഞുമോൻ, ബേബി, രാജു, അച്ചൻകുഞ്ഞ് മറിയാമ്മ, പൊന്നച്ചൻ, മേരിക്കുട്ടി, എന്നിവർ മക്കളാണ്.

G1 തോമസ് (കുഞ്ഞുമോൻ):–

തളിപ്പറമ്പ ചെമ്പൻതൊട്ടിയിൽ പാലയ്ക്കൽ വീട്ടിൽ ശ്രീ പൈലിയുടെയും ശ്രീമതി കത്രീനയുടെയും പുത്രി അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മൂന്നു മക്കളാണ്.

ജോസഫ് തോമസ് — സ്കൂൾ ഫൈനൽ വിദ്യാർത്ഥി
മിസ്സ് ഡോളി തോമസ് — സ്കൂൾ ഫൈനൽ വിദ്യാർത്ഥിനി
മിസ്സ് ഡെയ്സി തോമസ് — ബത്തേരി മഠത്തിൽ കന്യാസ്ത്രീയാകാൻ പഠിക്കുന്നു

G2 പി. ജെ. ജോസഫ് (ബേബി)

കാസർകോട ചിററാരിക്കൽ മുഴിക്കുഴിയിൽ ശ്രീ എം. ററി. ജോസഫിൻെറയും ശ്രീമതി മറിയത്തിൻെറയും പുത്രി ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കളാണ്.

മിസ്സ് ബിൻസി ജോസഫ് — ഹൈസ്കൂൾ വിദ്യാർത്ഥിനി
മിസ്സ് ഉഷ ജോസഫ് — പ്രൈമറി സ്കൂൾ വിദ്യാർത്ഥിനി
റോബിൻ ജോസഫ് — പ്രൈമറി സ്കൂൾ വിദ്യാത്ഥി

G3 പി. ജെ. യോഹന്നാൻ (രാജു)

കോഴിച്ചാൽ തോട്ടുങ്കൽ വീട്ടിൽ ശ്രീ കുര്യാക്കോസിൻെറയും ശ്രീമതി ഏലിയാമ്മയുടെയും പുത്രി ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു മക്കളാണ്.

മിസ്സ് ഏലിയാമ്മ യോഹന്നാൻ (ജോളി) — ഹൈസ്കൂൾ വിദ്യാത്ഥിനി
ജോസഫ് യോഹന്നാൻ (ജോജി)—മിഡിൽ സ്കൂൾ വിദ്യാത്ഥി

G4 ഗീവർഗീസ് (അച്ചൻകുഞ്ഞ്)

കണ്ണിവയലിൽ ചാത്തൻഗിരിയിൽ വീട്ടിൽ ശ്രീ അബ്രഹാമിൻെറയും ശ്രീമതി മറിയാമ്മയുടെയും പുത്രി മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മൂന്നു മക്കളാണ്.
ലിലോ — പ്രൈമറി സ്കൂൾ വിദ്യാർഥിനി
ലിററി — പ്രൈമറി സ്കൂൾ വിദ്യാർഥിനി
ലിഞ്ചു — ഒരു വയസ്പ്രായം

G5 മറിയാമ്മ– പട്ടോം മഠത്തിൽ താമസിക്കുന്നു.

G6 ആൻറണി (പൊന്നച്ചൻ)
ചെമ്പംതൊട്ടിയിൽ മററത്തിൽ വീട്ടിൽ ശ്രീ. എം. ജെ. ജോബിൻെറയും ശ്രീമതി അന്നമ്മയുടെയും പുത്രി റോസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകളാണ്.

സോണിയ (ഏലിയാമ്മ) – 3 വയസ്സ്

G7 Mrs. **മേരി കുര്യാക്കോസ് (മേരിക്കുട്ടി)**
പുളിങ്ങോം–എടവരമ്പ് പുത്തൻപുരയ്ക്കൽ വീട്ടിൽ ശ്രീ. പി. കെ. കുര്യാക്കോസിൻെറയും ശ്രീമതി അന്നമ്മയുടെയും പുത്രൻ കുര്യാക്കോസ് (ജോയി) മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു വയസ്പ്രായമുള്ള മകനുണ്ട്.

## F5 യോഹന്നാൻ നൈനാൻ (ജോർജ്)

പത്നി ഏലിയാമ്മ യോഹന്നാൻ (തെങ്ങമത്തോട്ടത്തിൽ കുറിയന്നൂർ)

ഈ കുടുംബം ഉറുകുന്ന് എന്ന സ്ഥലത്ത് സ്ഥിരതാമസമാക്കി. (കുഴിയിൽ പുത്തൻവീട്, ഉറുകുന്ന് പി. ഒ. via പുനലൂർ) യോഹന്നാൻ–ഏലിയാമ്മദമ്പതികൾക്കു നൈനാൻ മറിയാമ്മ, അന്നമ്മ, അച്ചൻകുഞ്ഞ്, ഫിലിപ്പോസ് വത്സമ്മ, തോമസ്, സാറാമ്മ എന്നീ 8 മക്കളാണ്.

G1 നൈനാൻ: കൊട്ടാരക്കര സ്വദേശിനിയായ ഓമനയെ വിവാഹം ചെയ്തു. ഇവക്ക് 2പെൺമക്കളാണ്. ആഷ, നിഷ. നൈനാൻ നിര്യാതനായി.

G2 മറിയാമ്മ: ശ്രീമതി മറിയാമ്മയെ തേപ്പുപാറ (പറക്കോട് via) ഏവൂർ പുത്തൻ വീട്ടിൽ ശ്രീ തങ്കച്ചൻ വിവാഹം ചെയ്തു. ഇവർക്കു രണ്ടു മക്കളാണ്. മനോജ്, മഞ്ജു.

G3 അന്നമ്മ: ശ്രീമതി അന്നമ്മയെ പത്തടി (via അഞ്ചൽ) വടക്കേര പുത്തൻ വീട്ടിൽ ശ്രീ ശമുവേൽകുട്ടി വിവാഹം ചെയ്തു. ഇവർക്കു 2 മക്കളാണ് ബൈജു, അനീജ

G4 അച്ചൻകുഞ്ഞ്: കോന്നി സ്വദേശിനിയായ ലീലാമ്മയെ വിവാഹം ചെയ്തു. ഇവർക്കു 2 പുത്രൻമാരാണ്. ജോജി, ജോബി.

G5 ഫിലിപ്പോസ്: ആലഞ്ചേരി സ്വദേശിനിയായ സാലിയെ വിവാഹം ചെയ്തു. ഇവർക്ക് 2 മക്കളാണ് റെനി, റീന

G6 വൽസമ്മ: ശ്രീമതി വൽസമ്മയെ തെങ്ങുകാവ് (കോന്നി) ശങ്കരത്തിൽ വീട്ടിൽ ശ്രീ അച്ചൻകുഞ്ഞു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 2 മക്കളാണ്.
ബെൻസി—മകൾ ബെന്നീസ്—മകൻ

G7 തോമസ്: ആര്യാങ്കാവ് പ്ലാത്തറവീട്ടിൽ ശ്രീമതി അന്നമ്മയെ വിവാഹം ചെയ്തു.

G8 സാറാമ്മ: ശ്രീമതി സാറാമ്മയെ കല്ലറ സ്വദേശി ശ്രീ. ജോൺസൺ വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രനുണ്ട്. നിജോ വറുഗീസ്.

F6 Mrs. **തങ്കമ്മ ചാക്കോ** നൈനാൻ ജോസഫ്–അന്നാമ്മ നൈനാൻ ദമ്പതിമാരുടെ ഇളയപുത്രിയായ തങ്കമ്മയെ പുനലൂർ അഞ്ചാടിക്കടവു സ്വദേശിയായ ശ്രീ ചാക്കോ ഫിലിപ്പ് വിവാഹം ചെയ്തു. ഇവർ കുടുംബസമേതം മലബാറിൽ താമസിക്കുന്നു. (വയലുങ്കൽ, അഞ്ചാടിക്കടവ് പി. ഒ, മുടയിരഞ്ഞി, ഇരിട്ടി (via) തലശ്ശേരി)

E2 **സി ജെ. ചെറിയാൻ**(പുല്ലേലിൽ കിഴക്കേതിൽ, കുന്നം) കുന്നത്തു പുല്ലേലിൽ കിഴക്കേതിൽ വീട്ടിൽ സ്ഥിരതാമസമാക്കിയ ശ്രീ ചെറിയാൻ ആലപ്പുഴയിലും പിന്നീട മാവേലിക്കരയും മെഡിക്കൽ ഡിപ്പാർട്ട്മെൻറിൽ കമ്പോണ്ടറായി സേവനം ചെയ്തു. ചെങ്ങന്നൂർ ഇഞ്ചക്കലോടിൽ ശ്രീ തോമസിൻെറയും ശ്രീമതി അന്നമ്മയുടെയും പുത്രി സാറാമ്മയാണു ഭാര്യ. ശ്രീ ചെറിയാൻ 1970–ൽ 83–ാമത്തെ വയസ്സിൽ നിര്യാതനായി. ഇവർക്ക് എട്ട മക്കളാണ്. മിസ്സിസ് അന്നമ്മ ഗീവർഗീസ്, പി. സി. ജോസഫ് മിസ്സിസ് ശോശാമ്മ തോമസ്, മിസ്സിസ് സാറാമ്മ ജോൺ, മിസ്സിസ് ഏലിക്കുട്ടി തോമസ്, പി. സി. തോമസ്, പി. സി. ജേക്കബ്, മിസ്സസ് മറിയാമ്മ ചെറിയാൻ.

F1 Mrs. **അന്നമ്മ ഗീവറുഗീസ്** (തങ്കമ്മ): 1977–ൽ 65–ാമത്തെ വയസ്സിൽ നിര്യാതയായി. കുന്നത്തു കൊല്ലൻെറ തെക്കേമൊത്തിൽ ശ്രീ ഉമ്മൻെറയും ശ്രീമതി അന്നാമ്മയുടെയും പുത്രൻ കെ. ഗീവറുഗീസാണു ഭർത്താവ്. ഇവർക്കു മൂന്നു മക്കളാണ്. മിസ്സസ് അന്നാമ്മ ഈപ്പൻ (ലില്ലിക്കുട്ടി), കരിപ്പുമണ്ണിൽ, തിരുവല്ല.
മിസ്സിസ് സാറാമ്മ ജോൺ (വത്സമ്മ), പത്തനാപുരം.
മിസ്സിസ് മേരിക്കുട്ടി ബാബു, ഓടക്കാലിൽ, ആലുവ

F2 **പി.സി ജോസഫ്** (പാപ്പച്ചൻ): ഇംഗ്ലീഷ് ഹൈസ്ക്കൂം വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം മിലിട്ടറി സർവീസിലും അതിനുശേഷം ഗവൺമെൻറ് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിലും സേവനം ചെയ്തു. 1983– ൽ 67–ാമത്തെ വയസ്സിൽ നിര്യാതനായി. ഭാര്യ അഞ്ചാടിക്കൽ തെക്കു

കഴിയിൽ കിഴക്കേതിൽ മത്തായി സാറിൻെറയും ശോശാമ്മ യുടെയും പുത്രി ശോശാമ്മ ജോസഫ്. ഈ കുടുംബം കുമ്പഴ പാലമരൂരിൽ പുത്തൻപുരയിൽ വീട്ടിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്കു പി. ജെ. ചെറിയാൻ, പി. ജെ. മാത്യു, പി.ജെ. തോമസ്, പി. ജെ എബ്രഹാം എന്നിങ്ങനെ 4 മക്കളാണ്.

G1 പി. ജെ. ചെറിയാൻ (രാജു) B. Sc, H. D. C, M. A.

പത്തനംതിട്ട ലേബർ ഡിപ്പാർട്ടുമെൻറിൽ ജോലി. പെരിങ്ങനാട് ചരുവിള വടക്കേതിൽ ശ്രീ. ററി. വി, കോശിയുടെയും കുഞ്ഞമ്മ കോശിയുടെയും പുത്രി അന്നമ്മ ചെറിയാൻ ആണ് ഭാര്യ. ഈ ദമ്പതികൾക്കു 2 മക്കളാണ്.

ആഷാ സൂസൻ ചെറിയാൻ
അനിഷ് ജോ ചെറിയാൻ
ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.

G2 പി. ജെ. മാത്യു (മോഹൻ) ഡിപ്ലോമ ഇൻഇലക്ട്രിക്കൽ എൻജിനിയറിംഗ്

റാസൽഖൈമയിൽ ജോലി ചെയ്യുന്നു. ഭാര്യ: ജോളിയമ്മമാത്യു B.Sc. B.Ed കൈപ്പട്ടൂർ കുന്നത്തോത്ത് മലയിൽ ശ്രീമാൻ ഡാനിയേലിൻെറ പുത്രിയാണ് ഇവർക്ക് 2 മക്കളാണ്.

മിസ് പ്രിയാ സൂസൻ മാത്യു
മാസ്ററർ പ്രദീപ് ജോസഫ് മാത്യു ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.

G3 പി. ജെ. തോമസ് (റോയ്) B.Com

പത്തനംതിട്ട പി. ഡബ്ളിയു. ഡി. യിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ശ്രീമതി വൽസമ്മ തോമസ് അഞ്ചൽ തെങ്ങുവിളയിൽ ശ്രീ ഒ. എൻ. ചാക്കോയുടെയും ശ്രീമതി മറിയാമ്മ ചാക്കോയുടെയും പുത്രിയാണ്. ശ്രീമതി വൽസമ്മ പത്തനംതിട്ട ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജോലി ചെയ്യുന്നു. ഇവക്കു 3 മക്കളാണ്.

മിസ് നിഷാ തോമസ് പ്രൈമറി സ്കൂൾ വിദ്യാർത്ഥിനി
മാസ്ററർ നിബു തോമസ് ,, ,, വിദ്യാർത്ഥി
മാസ്ററർ നിജോ തോമസ് നഴ്സറി സ്കൂൾ വിദ്യാർത്ഥി

G4 പി. ജെ. എബ്രഹാം (റെജി) പി. ജി. ഡി. സി. എ. വിദ്യാർത്ഥി

## F3 മിസ്സിസ് ശോശാമ്മ തോമസ്

ശ്രീമതി ശോശാമ്മയെ പെരുമ്പെട്ടി ഈട്ടിക്കൽ ഹൗസിൽ ശ്രീ ഈ. ററി. തോമസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു 7 മക്കളാണ്. പൊടിയമ്മ, ജോയിക്കുട്ടി, അച്ചൻകുഞ്ഞ്, ലീലാമ്മ, വൽസമ്മ, സൂസമ്മ, സോമിനി

## F4 മിസ്സിസ് സാറാമ്മ ജോൺ (പെണ്ണമ്മ)

ശ്രീമതി സാറാമ്മയെ പ്രക്കാനം (ചിക്കനാൽ, ഓമല്ലൂർ) മുളമൂട്ടിൽ പുത്തൻവീട്ടിൽ മത്തായി സാറിന്റെ മകൻ ശ്രീ. പി. എം. ജോൺ വിവാഹം ചെയ്തു. ശ്രീമതി സാറാമ്മ ഹെഡ് മിസ്ട്രസായും ശ്രീ. ജോൺ തൃശൂർ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററി സീനിയർ സൂപ്രണ്ടായും വിരമിച്ചു. ഇവർക്ക് 4 മക്കളാണ്.

ജ്യോതി ജോൺ; M. Tech കൊച്ചി എൻജിനിയറിംഗ് കോളജ് ലക്ചറർ

മിസ്സിസ് ജെയ്താ ജോൺ; M. Sc കോട്ടയം ആർ. ററി. ഓ. ഓഫീസിൽ ഉദ്യോഗസ്ഥ

മിസ് അജിതാ ജോൺ M. A. M. Ed കോട്ടയം ഗാന്ധി യൂണിവേഴ്സിററി ഓഫീസ് അസിസ്ററൻറ്

മിസ് പ്രീതാ ജോൺ B. A: H. D. C. M. A. തിരുവനന്തപുരം കോ-ഓപ്പറേററീവ് ഡിപ്പാർട്ടമെൻറിൽ ഉദ്യോഗസ്ഥ.

## F5 മിസ്സിസ് ഏലിക്കുട്ടി തോമസ്

ശ്രീമതി ഏലിക്കുട്ടിയെ ആലുവാ ആക്കല്ലൂർ ശ്രീ. വർക്കിയുടെ മകൻ ശ്രീ. ററി. വി. തോമസ്, B.Sc, B. Ed വിവാഹം ചെയ്തു. ഇവർക്ക് നാലു മക്കളാണ്.

ബെന്നി, റോയ് (യു. എസ്. എ), ബീനാ, മായ

## F6 പി. സി. തോമസ്

ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാഭ്യാസവും സിവിൽ എൻജിനീയറിംഗും പൂർത്തിയാക്കിയശേഷം കേരളാ സ്റേററ് ഇലക്ട്രിസിററി ബോർഡിൽ ദീർഘകാലംസേവനം ചെയ്ത് അസിസ്ററൻറ് എൻജിനിയറായി റിട്ടയർ ചെയ്തു. ഇറവങ്കര കളരിക്കൽ മഠം ശ്രീമാൻ സി. ററി. ഗീവറുഗീസിന്റെയും ശ്രീമതി മറിയാമ്മയുടെയും പുത്രി മേരിക്കുട്ടിയാണ് സഹധർമ്മിണി. ഈ ദമ്പതികൾക്ക് തോമസ് ചെറിയാൻ സുജ, മിനി, ജോർജ് തോമസ് എന്നീ നാലു മക്കളാണ്.

G1 തോമസ് ചെറിയാൻ B. Sc. B. Ed: കൊല്ലം കാനറാ ബാങ്കിൽ ഉദ്യോഗസ്ഥനാണ്. തേവലക്കര കന്നുവേലിൽ തോട്ടത്തിൽ ശ്രീ. ചെറിയാൻ ഏബ്രഹാമിൻെറ പുത്രി സൂസൻ ചെറിയാൻ B Sc. ആണ ഭാര്യ. സ്റ്റേററ് ബാങ്ക്ഓഫ് ട്രാവൻ കൂറിൽ ഉദ്യോഗസ്ഥയാണ്. ഈ ദമ്പതികൾക്ക് 2 മക്കൾ. റിയാമേരി ചെറിയാൻ, റിന്റു ജാൻ ചെറിയാൻ.

G2 മിസ്സിസ് സുജ ററി. സാം B.Sc, B.Ed: ശ്രീമതിയെ സുജയെ കുററപ്പുഴ തോട്ടങ്കൽ ശ്രീ സാമുവേലിൻെറയും ശ്രീമതി ഏലമ്മയുടെയും പുത്രൻ എം. ററി. സാം (B. Com) വിവാഹം ചെയ്തു. ഇവർക്ക് 2 മക്കളാണ് സുമിത് സാമുവൽ മാത്യൂസ്, സ്നേഹ എലിസബത്ത് മാത്യൂസ്.

G3 മിസ്സിസ് മിനി സാലു: കുമ്പഴ മംഗലത്ത് വീട്ടിൽ ശ്രീ തോമസിൻെറ പുത്രൻ സാലു തോമസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്. ററിനി എസ്. തോമസ്.

G4 ജോർജ് തോമസ് (മനോജ്): കോളജ് വിദ്യാഭ്യാസം ചെയ്യുന്നു.

## F7 പി. സി. ജേക്കബ് M. A., B. Ed.

ഹൈസ്കൂൾ അദ്ധ്യാപകനായി റിട്ടയർ ചെയ്തു. ശ്രീമതി മേരി വർഗീസ് ബി. എ ഭാര്യയാണ്. കെ. എസ്. ഇ. ബോർഡ് അക്കൗണ്ട്സ് ഓഫീസറായി റിട്ടയർ ചെയ്തു. കുമ്പഴ ഈറപ്ളാക്കൽ ഗ്രേസ് കോട്ടേജിൽ ശ്രീ ഐ. പി. വർഗീസിൻെറയും ശ്രീമതി സാറാമ്മയുടെയും പുത്രിയാണ്. ഈ ദമ്പതികൾക്ക് 2 മക്കൾ.

ചെറിയാൻ പി. ജേക്കബ് B. Sc.
ജോർജ് പി. ജേക്കബ്—കോളജ് വിദ്യാർത്ഥി

## F8 Mrs. മറിയാമ്മ ചെറിയാൻ (മേരിക്കുട്ടി)

റിട്ട. ഹൈസ്കൂൾ ടീച്ചർ ചിക്കനാൽ ഇടയിൽ ഹൗസിൽ ശ്രീ. ഇട്ടിച്ചെറിയായുടെ മകൻ ശ്രീ. ഇ. ഐ. ചെറിയാൻ; M.Com (റിട്ട. എ. ഒ; ഡി. ഡി. ഓഫീസ് കോട്ടയം) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 3 മക്കളാണ്.

മിസ്സിസ് ഷൈനി തോമസ്; B. A. ഭർത്താവ് തോമസ് മാത്യു, മൂന്നാലിക്കൽ, വള്ളക്കാലി, മാന്നാർ
ഡോ. സാഗർ ചെറിയാൻ M. D.
ബോസ് ചെറിയാൻ M. A.

## E3 Mrs. മറിയാമ്മ മത്തായി

ശ്രീമതി മറിയാമ്മയെ കരുവാററാ തെങ്ങോലിൽ ശ്രീ മത്താ യി വിവാഹം ചെയ്തു.

## E4 സി. ജെ. ഫിലിപ്പോസ് (പാപ്പി)

ഭാര്യ പെണ്ണമ്മ. ഈ ദമ്പതികൾ ആലപ്പുഴയിൽ സ്ഥിര താമസമാക്കിയിരുന്നു. വർഗീസ് ഏകപുത്രനാണ്. കരുവാററാ സ്വദേശിനി റാഹേലമ്മയെ വിവാഹം ചെയ്തു. ഇവർക്ക് 3 മക്കളാണ്.

കുഞ്ഞുമോൻ, ജോയി, ഓമന.
ശ്രീ ഫിലിപ്പോസും, ശ്രീമതി പെണ്ണമ്മയും, ശ്രീ വറുഗീസും ആലപ്പുഴയിൽ നിര്യാതരായി.

## E5 സി. ജെ. ജോൺ (യോഹന്നാൻ)

ഉദ്യോഗം പ്രമാണിച്ച് ആലപ്പുഴയിൽ കുറച്ചുകാലം താമസിച്ചു. പിന്നീട മൂത്ത ജ്യേഷ്ഠന്റെ അഭിപ്രായപ്രകാരം പുനലൂരിൽ താമസമാക്കി. 1973–ൽ നിര്യാതനായി. ശ്രീമതി ശോശാമ്മയാണു ഭാര്യ. 1992ൽ നിര്യാതയായി. പി. ജെ. ജോസഫ് (കൊച്ചുണ്ണൂണ്ണി), പി. ജെ. അന്നമ്മ (ചിന്നമ്മ), പി. ജെ. മറിയാമ്മ(കുഞ്ഞൂഞ്ഞമ്മ) പി. ജെ. വർഗീസ്(കുഞ്ഞുമോൻ), പി. ജെ. ഏലിയാമ്മ (മേരിക്കുട്ടി), പി. ജെ. സാറാമ്മ (ലില്ലിക്കുട്ടി) എന്നിവർ മക്കളാണ്.

F1 പി. ജെ. ജോസഫ്: ചെപ്പാറ സ്വദേശിനി അന്നമ്മയെ വിവാഹം ചെയ്തു. ജോൺ ജോസഫ്, സാലി ജോസഫ് എന്നിവർ മക്കളാണ്. ജോൺ ജോസഫ് തിരുവല്ലാ കൊമ്പാടി ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കിയ ശേഷം സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

F2 പി. ജെ. അന്നമ്മ: പുനലൂർ കമുകുംചേറി പാമ്പാമുക്കിൽ മുരുപ്പേൽ വീട്ടിൽ ശ്രീ ഉണ്ണൂണ്ണി വിവാഹം ചെയ്തു.

F3 പി. ജെ മറിയാമ്മ: കല്ലട സ്വദേശി ശ്രീ. സി. ജെ. ഏബ്രഹാം വിവാഹം ചെയ്തു. ഇവർക്ക് ഏബ്രഹാം ജേക്കബ്, ജോണിക്കുട്ടി, സൂസമ്മ, റററി. എ. ഏബ്രഹാം, സജി ഏബ്രഹാം, സാജൻ എന്നിങ്ങനെ ആറു മക്കൾ.

F4 പി. ജെ. വർഗീസ്: പത്തനാപുരം പുന്നല കടശ്ശേരിൽ പനംപ്പാവിൽ വീട്ടിൽ കുഞ്ഞൂഞ്ഞമ്മയാണു ഭാര്യ. ഈ ദമ്പതികൾക്ക രണ്ട മക്കളാണ്. ജോൺ പി. വർഗീസ്, ജോസഫ് പി. വർഗീസ്. ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്. ഈ കുടുംബം പുനലൂർ അറമ്പന്നയിൽ (ഇളമ്പൽ പി. ഒ.) ജോൺവിലാസം വീട്ടിൽ താമസിക്കുന്നു.

F5 പി. ജെ. ഏലിയാമ്മ: പുനലൂർ ഭരണിക്കാവിൽ ശ്രീ മാത്യുവാണു ഭർത്താവ്. രണ്ടു മക്കളാണ്. പ്രിഫി മാത്യു, പ്രിൻസി മാത്യു (സ്കൂൾ വിദ്യാർത്ഥികളാണ്).

F6 പി. ജെ. സാറാമ്മ: പുനലൂർ കാഞ്ഞിരമലയിൽ ശ്രീ ബാബു വിവാഹം ചെയ്തു. 3 മക്കളാണ്. ലിബു, ലിബി, ലിജു. മൂവരും സ്കൂൾ വിദ്യാർത്ഥികളാണ്.

## D2 ചാക്കോ നൈനാൻ (ചക്കാലയിൽ ശാഖ)

പനപ്പള്ളിൽ ശ്രീ നൈനാൻ ജോസഫിന്റെ രണ്ടാമത്തെ പുത്രനായ ചാക്കോ നൈനാൻ കോട്ടകളഞ്ഞി ചക്കാലയിൽ താമസമാക്കി. കോഴഞ്ചേരി പുളിയേലിൽ വീട്ടിൽ ശ്രീമതി അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മറിയാമ്മ, സി. സി. വർഗീസ്, സി. സി. യോഹന്നാൻ, അന്നമ്മ, റാഹേലമ്മ, സി. സി. ജോർജ് എന്നീ ഏഴ മക്കളാണ്.

D2 ചാക്കോ നൈനാൻ

- E1 മറിയാമ്മ
- E2 സി. സി. വർഗീസ്
- E3 സി.സി. യോഹന്നാൻ
- E4 അന്നമ്മ
- E5 റാഹേലമ്മ
- E6 സാറാമ്മ
- E7 സി. സി. ജോർജ്

E1 **മറിയാമ്മ**:– മറിയാമ്മയെ എണ്ണയ്ക്കാടു ഗ്രാമത്തിൽ തോപ്പിൽ തെക്കേതിൽ വീട്ടിൽ വിവാഹം ചെയ്തയച്ചു. നാലു മക്കളാണ്. പാപ്പി, ഗീവർഗീസ്, കുഞ്ഞൂഞ്ഞ്, തങ്കമ്മ–പാനിക്കൽ വീട്, പുന്നയ്ക്കാട്.

E2 **സി. സി. വറുഗീസ്** (കൊച്ചുഗീവറീത്): 1974 ൽ 82–ാമത്തെ വയസ്സിൽ നിര്യാതനായി. ചെട്ടികുളങ്ങര നെടുമ്പ്രത്ത് വടക്കേതിൽ കുടുംബാംഗമായ ഏലിയാമ്മ വറുഗീസ് ആണു ഭാര്യ. 1982–ൽ 72–ാമത്തെ വയസ്സിൽ നിര്യാതയായി. ഇവർക്ക മൂന്നു മക്കളാണ്. സി. വി. ചാക്കോ, സി. സി. നൈനാൻ, സി. വി. ജോർജ്.

F1 സി. വി. ചാക്കോ (കുഞ്ഞൂഞ്ഞ്): അവിവാഹിതനായി ഇളയ സഹോദരൻ ശ്രീ സി. വി. ജോർജിനോടൊപ്പം താമസിക്കുന്നു.

F2 സി. സി. നൈനാൻ (തങ്കച്ചൻ): എറണാകുളത്ത് ടിംബർ എക്സ്പോർട്ട് ബിസിനസ്സിൽനഏർപ്പെട്ടിരിക്കുന്നു. എളംകുളം (എറണാകുളം) പനയ്ക്കൽ വീട്ടിൽ ശ്രീ പി. എ. സേവ്യറുടെയും ശ്രീമതി വിറോനി സേവ്യറുടെയും പുത്രി സെലിനെ വിവാഹം ചെയ്തു. ഈ കുടുംബം കടവന്തറ പ്ലാക്കാട്ടു കോളനിയിൽ താമസിക്കുന്നു. മക്കളായ അനിൽ നൈനാനും എബിൻ നൈനാനും സ്കൂൾ വിദ്യാർഥികളാണ്.

F3 സി. വി. ജോർജ് (കുഞ്ഞുമോൻ): ചെങ്ങന്നൂർ അങ്ങാടിക്കൽ മേലേപ്പുറത്തു വീട്ടിൽ ശ്രീ ഉമ്മൻ തര്യന്റെ പുത്രി മറിയാമ്മയെ (മേരിക്കുട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികളുടെ പുത്രി ഷീനാ എലിസബത്ത് ജോർജ് സ്കൂൾ വിദ്യാർഥിനിയാണ്.

E3 **സി. സി. യോഹന്നാൻ**(കുഞ്ഞച്ചൻ): മദ്രാസിൽ കുറച്ചു കാലം ജോലിചെയ്തശേഷം കർണാടക സ്റ്റേററിൽ ഹൂബ്ലി എന്ന സ്ഥലത്തു സ്ഥിരതാമസമാക്കി. കൂർഗ് സ്വദേശിനിയെ വിവാഹം ചെയ്തു. ശ്രീ യോഹന്നാന്റെ അനന്തര തലമുറകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

E4 **അന്നമ്മ:** മാരാമൺ പട്ടേരിൽവീട്ടിൽ കുട്ടിഉപദേശി വിവാഹം ചെയ്തു. പിന്നീട തോന്ന്യാമല പട്ടേരിൽ വീട്ടിൽ സ്ഥിരതാമസമാക്കി. ജോണി, അമ്മിണി, കൊച്ചുബേബി, തങ്കച്ചൻ, കുഞ്ഞുമോൻ, തങ്കമ്മ, കുഞ്ഞൂട്ടി, എന്നിവർ മക്കളാണ്.

E5 **റാഹേലമ്മ**: മാരാമൺമാളവേലിൽ വീട്ടിൽ ശ്രീ എം. എം. വർഗീസ് വിവാഹം ചെയ്തു. ഇവർക്കു 2 മക്കളാണ്. മിസ്സിസ് റെയ്ച്ചൽ അലക്സ് വർഗീസ് (അമ്മിണി)– മാമൂട്ടിൽ, തുകലശ്ശേരി. എം. വി. മത്തായി (കുഞ്ഞുമോൻ)– റിട്ടയാർഡ് ഇൻഡ്യൻ ആർമി.

E6 **സാറാമ്മ**: കൊല്ലകടവിൽ കടവിൽ വീട്ടിൽ വിവാഹം ചെയ്തയച്ചു.

E7 **സി. സി. ജോർജ്:** 1952–ൽ 32–ാമത്തെ വയസ്സിൽ മരണമടഞ്ഞു. കോടുകുളഞ്ഞി തെക്കേ കുരുമ്പോലിൽ കുടുംബാംഗമായ അന്നാമ്മയാണു ഭാര്യ. 1985–ൽ ഹൈദര

ബാദിൽവെച്ച് 63–ാമത്തെവയസ്സിൽ നിര്യാതയായി. മൂന്നു മക്കളാണ്. മിസ്സിസ് അന്നമ്മ ഉമ്മൻ, ചാക്കോ ജോർജ്, മിസ്സിസ് ഏലിയാമ്മ മാത്യു.

F1 മിസ്സിസ് അന്നമ്മ ഉമ്മൻ(അമ്മിണി):കോട്ടകുളഞ്ഞി കോയിക്കലേത്ത് തെക്കേതിൽ തേക്കുംമൂട്ടിൽ ശ്രീ. മത്തായിയുടെയും ശ്രീമതി ശോശാമ്മയുടെയും പുത്രൻ ഉമ്മൻ മത്തായി (ബേബി) ആണ് ഭർത്താവ്. ശ്രീ. ഉമ്മൻ 1983ൽ ഹൈദരബാദിൽ 50–ാം വയസിൽ നിര്യാതനായി. ഈ ദമ്പതികൾക്കു മൂന്നു പുത്രന്മാരാണ്. റ്റി. ഒ. മാത്യു (രാജു) റ്റി. ഒ. സാം, റ്റി. ഒ. ജോർജ് (സജി). ഈ കുടുംബം ഹൈദരബാദിൽ സഞ്ജീവ് റെഡ്ഡി കോളനിയിൽ താമസമാക്കിയിരിക്കുന്നു.

F2 ചാക്കോ ജോർജ് (ബേബി): ഹൈദരബാദിൽ ജോലി ചെയ്യുന്നു. കോട്ടകുളഞ്ഞി കരോട്ട മരുന്നുപൊയ്കയിൽ ശ്രീ. നൈനാന്റെയും ശ്രീമതി ശോശാമ്മയുടെയും പുത്രി ശ്രീമതി മറിയാമ്മയാണു ഭാര്യ. ബിജു ജോർജ്, മിസ് ബിജി ജോർജ്, ബിനു ജോർജ് എന്നിവർ മക്കളാണ്.

F3 മിസ്സിസ് ഏലിയാമ്മ മാത്യു (കുഞ്ഞുമോൾ): വെൺമണി പഴയാറു വടക്കേതിൽ ശ്രീ. കുര്യൻ മാത്യുവിന്റെയും ശ്രീമതി അച്ചാമ്മയുടെയും പുത്രൻ പി. കെ. മാത്യ (തങ്കച്ചൻ) വിവാഹംചെയ്തു. സൗദി അറേബ്യയിൽ ഉദ്യോഗസ്ഥനാണ്. കോട്ടകുളഞ്ഞി കരോട് പാറച്ചന്തയ്ക്കു സമീപം എബി വില്ലയിൽ താമസമാക്കിയിരിക്കുന്നു. രണ്ടു മക്കളാണ്. എബി മാത്യു, മിസ് ഷിബി മാത്യു. എബി കോളേജിലും ഷിബി സ്കൂളിലും പഠിക്കുന്നു.

## D3 യോഹന്നാൻ നൈനാൻ
## പനപ്പള്ളിൽ നടയിൽ പടിഞ്ഞാറേതിൽ ശാഖ

പനപ്പള്ളിൽ ശാഖയിലെ ശ്രീ നൈനാൻ ജോസഫിന്റെ മൂന്നാമത്തെ പുത്രനായ ശ്രീ യോഹന്നാൻ നൈനാൻ നടയിൽ പടിഞ്ഞാറേതിൽ വീട്ടിൽ താമസമാക്കി. ഇദ്ദേഹം 66–ാ മത്തെ വയസ്സിൽ നിര്യാതനായി.

ഭാര്യ: ചെറിയനാട് മലയിൽ കുടുംബാംഗമായ ശ്രീമതി അന്നമ്മ; 84–ാംമത്തെ വയസ്സിൽ നിര്യാതയായി.

ഈ ദമ്പതികൾക്ക് എൻ., ജെ. മത്തായി, ഏലിയാമ്മ, എൻ. ജെ. നൈനാൻ എന്നിങ്ങനെ മൂന്നു മക്കൾ ആണ്.

## E1 എൻ. ജെ. മത്തായി

ഇദ്ദേഹം നടയിൽ വടക്കേതിൽ വീട്ടിലേക്കു താമസം മാറി; 40-ാ മത്തെ വയസ്സിൽ നിര്യാതനായി.

ഭാര്യ: അന്നാമ്മ, കോട്ടകുളഞ്ഞി പെരുങ്കുഴി വീട്ടിൽ ശ്രീ ചാക്കോയുടേയും ശ്രീമതി ആച്ചിയമ്മയുടേയും മകൾ. 1978ൽ 78 ാംമത്തെവയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

ഈ ദമ്പതികൾക്കു നൈനാൻ മത്തായി, മിസ്സിസ് മറിയാമ്മ ജോർജ്, മിസ്സിസ് അന്നാമ്മഈശോ, മിസ്സിസ് ചിന്നമ്മ ചെറിയാൻ, എൻ. എം. ജോൺ, മിസ്സിസ് സാറാമ്മ തോമസ് എന്നിങ്ങനെ ആറു മക്കൾ.

## F1 നൈനാൻ മത്തായി (കൊച്ചുകുഞ്ഞ്)

44-ാ മത്തെ വയസ്സിൽ നിര്യാതനായി.

ഭാര്യ: ഏലിയാമ്മ നൈനാൻ (പൊന്നമ്മ) ചെട്ടികുളങ്ങര കാട്ടുതറയിൽ ശ്രീമാൻ ചാക്കോയുടേയും ശ്രീമതി സാറാമ്മ ചാക്കോയുടേയും പുത്രി.

മക്കൾ: മിസ്സിസ് കുഞ്ഞന്നാമ്മ തോമസ്, M. C. ചാക്കോ

## G1 മിസ്സിസ് കുഞ്ഞന്നാമ്മ തോമസ്

ഭർത്താവ്: തോമസ് ജെ. കുററിയിൽ (തോമസുകുട്ടി) വെണ്മണി കുററിയിൽ വീട്ടിൽ ശ്രീ കെ. ജോസഫിൻെറയും ശ്രീമതി തങ്കമ്മ ജോസഫിൻെറയും പുത്രൻ.

തോമസ്-കുഞ്ഞന്നാമ്മ ദമ്പതികളുടെ ഏകപുത്രൻ; അനിൽ തോമസ്. ഈ കുടുംബം ഇപ്പോൾ ന്യൂയോർക്കിലാണ്.

## G2 എം. സി. ചാക്കോ (ബാബു)

ഭാര്യ: പൊന്നമ്മ ചാക്കോ: പെണ്ണുക്കര തെങ്ങിൽ പുത്തുശ്ശേരിയത്ത് ശ്രീ മത്തായി തോമസിൻെറയും ശ്രീമതി മറിയാമ്മ മത്തായിയുടെയും പുത്രി.

മക്കൾ: നൈനാൻ മാത്യു (ബൈജു)
ജേക്കബ് നൈനാൻ (ബിജിൻ)

ഇരുവരും സ്കൂൾ വിദ്യാർഥികളാണ്.

F2 മിസ്സിസ് മറിയാമ്മ ജോർജ് (കുഞ്ഞമ്മ)

ശ്രീമതി മറിയാമ്മയെ മംഗലം (ചെങ്ങന്നൂർ) മുണ്ടോലിൽ വീട്ടിൽ ശ്രീ കൊച്ചിട്ടിയുടെയും ശ്രീമതി ഏലിയാമ്മ കൊച്ചിട്ടിയുടേയും മകൻ എം. കെ. ജോർജ് വിവാഹം ചെയ്തു.

മക്കൾ മിസ്സിസ് ഏലിയാമ്മ ഡേവിഡ് (കുഞ്ഞുമോൾ) കരുവേലിത്തറ, ഓതറ.

എം. ജി. വറുഗീസ് (ജോയി)

,, അന്നാമ്മ മാത്യു (കുഞ്ഞന്നാമ്മ) തുണ്ടിയത്ത്, പുതുക്കുളം

എം. ജി. മാത്യു (തമ്പി) U. S. A.

,, മറിയാമ്മ മാത്യു (മോളി) കോലത്തുവീട്, മംഗലം

,, ശോശാമ്മ തോമസ് (ലീലാമ്മ) കീത്തോട്ടത്തിൽ ആറന്മുള

ജെയിംസ് ജോർജ് –U. S. A.

ജോൺ ജോർജ് (ഷിബു) U. S. A.

F3 മിസ്സിസ് അന്നാമ്മ ഈശോ (തങ്കമ്മ)

ഭർത്താവ്: റെവ. ഈ. ഈശോ, കോട്ടകുളഞ്ഞി തെററിക്കുഴിയിൽ നടേവടക്കേതിൽ ശ്രീ ഈശോ കുര്യന്റെയും ശ്രീമതി ഏലിയാമ്മ ഈശോയുടേയും പുത്രൻ.

മക്കൾ മിസ്സിസ് ഏലിയാമ്മ വറുഗീസ് (മോളി) പഴമ്പള്ളിൽ, എഴുമററൂർ

എൻ. ഈ. ഈശോ (തങ്കച്ചൻ) സൗദി അറേബ്യ

,, അന്നമ്മ ഉമ്മൻ (പൊന്നമ്മ) ചെമ്പനാൽ, കോയിപ്രം

മാത്യു ഈശോ (സണ്ണി) സൗദി അറേബ്യ

എൻ. ഈ. ജോൺ (സാംകുട്ടി)

4 Mrs. ചിന്നമ്മ ചെറിയാൻ

ഭർത്താവ്: ചെറിയാൻ ഉമ്മൻ, പുത്തൻകാവ് മലയിൽ തട്ടയിൽ വീട്ടിൽ ശ്രീ ഉമ്മൻ വറുഗീസിന്റെയും ശ്രീമതി ശോശാമ്മ ഉമ്മന്റേയും പുത്രൻ.

മക്കൾ: മിസ്സിസ് സൂസമ്മ തോമസ് (റോസമ്മ) തുണ്ടൻപ്പാവിൽ കിഴക്കേതിൽ കുഴിക്കാല

,, അന്നമ്മ തോമസ് (ഓമന) തുമ്പുങ്കൽ വാഴാർമംഗലം

ഉമ്മൻ ചെറിയാൻ (ശശി) സൗദി അറേബ്യ
മാത്യു ചെറിയാൻ (റോയി) സൗദി അറേബ്യ
ഏബ്രഹാം ചെറിയാൻ (റെജി) ദുബായ്

**F5 എൻ. എം. ജോൺ (കുഞ്ഞൂഞ്ഞൂട്ടി)**

ഇൻഡ്യൻ നേവിയിൽ C. P. O. (Petty Officer) ആയി 20 വർഷം സേവനം ചെയ്തു. 1975ൽ റിട്ടയർ ചെയ്തു. 1985 ജൂലായ് 2–ാം തീയതി 50–ാമത്തെ വയസ്സിൽ നിര്യാതനായി.

ഭാര്യ: മിസ്സിസ് മറിയാമ്മ ജോൺ (മീനാമ്മ) മംഗലം പ്ലാമൂട്ടിൽ ശ്രീ പി. സി. പോത്തൻെറയും ശ്രീമതി ശോശാമ്മ പോത്തൻേറയും മകൾ. കൊഴുവല്ലൂർ സി. എം. എസ്. എൽ. പി. സ്കൂൾ അദ്ധ്യാപികയാണ്.

മക്കൾ: ജോൺ മാത്യു (ജോളി) ദോഹ
ജെസ്സി ആനി ജോൺ–ഡൽഹി
ജയാ സൂസൻ ജോൺ –കോളജ് വിദ്യാർഥിനി
ഫിലിപ്പ് ജോൺ (ജോബി)

**F6 Mrs. സാറാമ്മ തോമസ് (അമ്മിണി)**

ഭർത്താവ്: എം. വി. തോമസ് പെണ്ണുക്കര മററത്തേത്ത് വല്യപറമ്പിൽ ശ്രീ വർക്കി തോമസിൻെറയും ശ്രീമതി ഏലിയാമ്മ വർക്കിയുടേയും പുത്രൻ. ആലാ വില്ലേജ് ഓഫീസിൽ ഉദ്യോഗസ്ഥനാണ്.

മക്കൾ: ജോസ് വി. തോമസ് (ജോസ്) –ജോസ് ഇലക്ട്രിക്കൽസ് ചമ്മത്തുംമുക്ക്
ജോൺ വി. തോമസ് (ബെന്നി) –മസ്ക്കററ്

## E2 Mrs. ഏലിയാമ്മ കുഞ്ഞച്ചൻ

65–ാ മത്തെ വയസിൽ നിര്യാതയായി.

ഭർത്താവ്: ശ്രീ കുഞ്ഞച്ചൻ. എടപ്പാവൂർ (റാന്നി) വരൂർ ഈട്ടിക്കാലായിൽ കുടുംബാംഗമാണ്.

മക്കൾ: Mrs. പെണ്ണമ്മ മത്തായി – പ്ലാക്കൂട്ടത്തിൽ വീട്, പാമ്പിനി, ചിററാർ.
ജോർജ് – റാന്നി
ചാക്കോ – റാന്നി
Mrs. ചിന്നമ്മ – വടശ്ശേരിക്കര, മേക്കൊഴൂർ

Mrs. സാറാമ്മ – ചുണ്ടയ്ക്കാട്ട്, വയ്യാററുപുഴ, ചിററാർ
സാമുവേൽ – റാന്നി.
Mrs. ശോശാമ്മ – മണ്ണാരക്കുളഞ്ഞി.

## E3 എൻ. ജെ. നൈനാൻ (കുഞ്ഞൂഞ്ഞ്)

മാവേലിക്കര ബി. എച്ച്. സ്കൂളിൽനിന്നും മട്രിക്കുലേഷൻ പാസ്സായശേഷം മിറാജിൽ വളരെക്കാലം ഉദ്യോഗത്തിലായിരുന്നു. ഇളയപുത്രനായ ശ്രീ നൈനാൻ നടയിൽ പടിഞ്ഞാറേതിൽ കുടുംബത്തു താമസമാക്കി.

ഭാര്യ: സാറാമ്മ നൈനാൻ മേലുകര (കോഴഞ്ചേരി) പറോലിൽ കുടുംബാംഗമായ ശ്രീ പി. ജെ. ഫിലിപ്പിൻെറയും ശ്രീമതി റെയ്ച്ചൽ ഫിലിപ്പിൻെറയും പുത്രി.

മക്കൾ: Mrs. ആനി ജോൺ
ജോൺ നൈനാൻ
Mrs. ഡാർളി നൈനാൻ
Mrs. ഗ്രേസമ്മ മത്തായി
ബിജി ഫിലിപ്പ് നൈനാൻ
അജി മാത്യൂസ് നൈനാൻ.

### F1 Mrs. ആനി ജോൺ BSc (മോളി)

തിരുവല്ല ഹെഡ് പോസ്ററ് ഓഫീസിൽ അസിസ്റ്റൻറ് പോസ്ററ്മിസ്ട്രസായി ജോലി ചെയ്യുന്നു.

ഭർത്താവ്: Capt (Rtd) ജോൺ തോമസ് കെ. (ജോണി) മാരാമൺ കുലത്താക്കൽ വീട്ടിൽ ശ്രീ കെ. എം. തോമസിൻെറയും ശ്രീമതി ഏലിയാമ്മ തോമസിൻെറയും പുത്രൻ.

മക്കൾ: മിസ്സിസ് പുഷ്പാ എലിസബേത്ത് കോശി M.A B Ed മണലിൽ കാരയ്ക്കൽ തിരുവല്ല.

സുമ സാറാ ജോൺ BSc (Nursing)
ജാസ്മിൻ ജെ. തോമസ് – കോളജ് വിദ്യാർഥി
ജെന്നി നൈനാൻ ജോൺ – കോളജ് വിദ്യാർഥി

### F2 ജോൺ നൈനാൻ M. A (ജോയി)

മസ്ക്കററിൽ ഒമാൻ ഡിഫൻസ് ഫോഴ്സിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ: എലിസബേത്ത് ജോൺ BSc BEd (ഏലിക്കുട്ടി) തിരുവല്ലായിൽ വാട്ടർ അതോറിററി ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗ

സ്ഥയാണ്. തിരുവല്ല എബനെസ്സർ ഹൗസിൽ (ഓലിക്കൽ കുടുംബം) ശ്രീ. ഒ. സി. സഖറിയായുടേയും ശ്രീമതി കുഞ്ഞമ്മ സഖറിയായുടെയും മകൾ.

മക്കൾ: ക്രിസ്റ്റീന സാറാജോൺ – B.sc വിദ്യാർത്ഥിനി
ഈനോക്ക് ജോൺ നൈനാൻ – സ്കൂൾ വിദ്യാർത്ഥി.

F3 Mrs ഡാർലി നൈനാൻ

തിരുവല്ല സി. എം. എസ്. എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസായി സേവനം ചെയ്യുന്നു.

ഭർത്താവ്: നൈനാൻ വർക്കി (ജോയി) ചെങ്ങന്നൂർ നന്ദാവനം വീട്ടിൽ ശ്രീ എൻ. വി. വറുഗീസിന്റെയും ശ്രീമതി ശോശാമ്മ വറുഗീസിന്റെയും പുത്രൻ. അബുദാബിയിൽ എ. സി. ജി. കമ്പനി സൂപ്പർവൈസറായി ജോലി ചെയ്യുന്നു.

മക്കൾ: അനി സൂസൻ വറുഗീസ് – കോളജ് വിദ്യാർത്ഥിനി
ബിനി സാറാ വറുഗീസ് – എൻജിനിയറിംഗ് കോളജ് വിദ്യാർത്ഥിനി.
അജിത് നൈനാൻ വറുഗീസ് – സ്കൂൾ വിദ്യാർത്ഥി.

F4 Mrs ഗ്രേസമ്മ മത്തായി

New York (U.S.A) ൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു.

ഭർത്താവ്: സി. എം. മത്തായി, മാരാമൺ ചെറുതോൺ കുടുംബാംഗമാണ്. മക്കൾ രാജേഷ് മാത്യു, ഷീജ മാത്യു, ജോൺ മാത്യു എന്നിവർ ആണ്. ഈ കുടുംബം ന്യൂയോർക്കിൽ താമസിക്കുന്നു.

F5 ബിജി ഫിലിപ്പ് നൈനാൻ Dip. in Archi. Engr.

New York (U. S. A.) ൽ ജോലി ചെയ്യുന്നു.

ഭാര്യ: ഷേർലി ഫിലിപ്പ്, M Com. ഈട്ടിച്ചുവട് (റാന്നി) ഇലഞ്ഞാത്ര മണ്ണിൽ ശ്രീ മത്തായി തോമസിന്റെയും ശ്രീമതി മറിയാമ്മ മത്തായിയുടെയും പുത്രി.

മകൻ: ഫിലിപ്സ് ജോൺ നൈനാൻ (ഫിലി)

F6 അജി മാത്യുസ് നൈനാൻ Dip. in Tool&Dye making

New York ൽ ജോലി ചെയ്യുന്നു.

ഭാര്യ: ഷീബ മാത്യൂസ്, B.sc (Nursing)

അങ്കമാലി കൂരൻസ് ഹൗസിൽ ശ്രീ കെ. എം. വറുഗീസിൻെറ പുത്രി. New York ൽ Registered Nurse ആയി ജോലി ചെയ്യുന്നു. ഈ ദമ്പതികളുടെ മകരം ലിൻഡാ സാറാ നൈനാൻ.

## D4 Mrs. അന്നമ്മ മത്തായി

(വെള്ളാരേത്ത് പുളിയിലേത്ത്, കോഴഞ്ചേരി)

പനപ്പള്ളിൽ കുടുംബത്തിലെ നൈനാൻ ജോസഫിൻെറ ഏക പുത്രി അന്നമ്മയെ കോഴഞ്ചേരി വെള്ളാരേത്ത് പുളിയിലേത്തു വീട്ടിൽ മത്തായി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴു മക്കൾ—:

അബ്രഹാം മത്തായി — റാന്നിയിൽ താമസമാക്കി.
[പ്രസിദ്ധ രോഗശാന്തി ശുശ്രൂഷകനായ Rev. P. M. Johnson ഇദ്ദേഹത്തിൻെറ കൊച്ചുമകനാണ്.]

ഏലിയാമ്മ — മേക്കൊഴൂർ
ശോശാമ്മ — അയിരൂർ
അന്നമ്മ — നാരങ്ങാനം
സാറാമ്മ — പെരുമ്പെട്ടി
മറിയാമ്മ — വെണ്ണിക്കുളം

പി.എം. മത്തായി (കുട്ടി)

ശ്രീ പി. എം. മത്തായിയുടെ അനന്തര തലമുറക്കാർ കോഴഞ്ചേരി പുളിയിലേത്തു വീട്ടിൽ താമസിക്കുന്നു.

## അദ്ധ്യായം രണ്ട്

# പൂമൊട്ടിൽ കുടുംബം

### C2 വർക്കി ജോസഫ്

പനപ്പള്ളിൽ കുടുംബത്തിൽനിന്നും ജോസഫ് നൈനാന്റെ ഇളയ പുത്രൻ വർക്കി ജോസഫ് പൂമൊട്ടിൽ ഭവനത്തിലേക്കു താമസം മാററി. പൂമൊട്ടിൽ എന്ന ആദ്യ ഗൃഹനാമമാണ രൂപാന്തരപ്പെട്ട് ഇപ്പോൾ പൂമൂട്ടിൽ എന്നറിയപ്പെടുന്നത്. കോട്ടകുളഞ്ഞി സി. എസ്. ഐ. പള്ളി റെജിസ്ട്രറുകളിലും പൂമൊട്ടിൽ എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി കാണാവുന്നതാണ്. ഇപ്പോഴും ഈ കുടുംബത്തിലെ ചില ശാഖകൾ ആദ്യ ഗൃഹനാമം ഉപയോഗിക്കുന്നുണ്ട്. ആദ്യകാലത്തു പൂമൊട്ടിൽ പുരയിടങ്ങളും തൊട്ടടുത്തുള്ള തേക്കിൻകാട്ടു പുരയിടങ്ങളും കുററിക്കാടുകളായിരുന്നു വെന്നും അവിടെ ധാരാളമായി പൂമൊട്ടുകളും പൂക്കളും ഉണ്ടായിരുന്നതിനാലാണ് അപ്രകാരം പേരുണ്ടായതെന്നും അറിയുന്നു.

പൂമൊട്ടിൽ കുടുംബത്തിലെ ആദ്യ പിതാവായ വർക്കി ജോസഫ് കാരയ്ക്കാട്ടു ചെറുകാലേത്തു കുടുംബത്തിലെ മറിയാമ്മയെ വിവാഹം ചെയ്തു. [മറിയാമ്മയുടെ പിതൃ സഹോദര കുടുംബങ്ങൾ ഇപ്പോഴും കാരയ്ക്കാട്ടു താമസമുണ്ട്. എന്നാൽ സഹോദര കുടുംബങ്ങൾ റാന്നിയിലേക്കു താമസം മാററിയതായി അറിയുന്നു].

വർക്കി–മറിയാമ്മ ദമ്പതികൾക്കു പി. വി. വർക്കി, മറിയാമ്മ, പി. ഗീവറുഗീസ് വർക്കി, പി. ചെറിയാൻ വർക്കി, പി. മാത്തുണ്ണി വർക്കി എന്നിങ്ങനെ അഞ്ചു മക്കൾ ജനിച്ചു.

**C2 വർക്കി ജോസഫ്**

- D1 പി. വി. വർക്കി
- D2 മറിയാമ്മ
- D3 പി. ഗീവറുഗീസ് വർക്കി
- D4 പി. ചെറിയാൻ വർക്കി
- D5 പി. മാത്തുണ്ണി വർക്കി

## പൂമൊട്ടിൽ കോട്ടയം ശാഖ

### D1 പി. വി. വർക്കി

പൂമൊട്ടിൽ കുടുംബത്തിലെ മൂത്ത പുത്രൻ പി. വി. വക്കി പെണ്ണുക്കരനിന്നും വാഴൂർക്കു മാറിത്താമസിച്ച കോയിക്കൽവടക്കേതിൽ വീട്ടിൽ അന്നമ്മയെ (റവ. കെ. പി. ഫിലിപ്പിന്റെ മാവി) വിവാഹം ചെയ്തു. കോട്ടയം ചുങ്കത്ത് കൊണ്ടാട്ടു തെക്കേതിൽ ഭവനത്തിൽ താമസമാക്കി. ശ്രീ. പി. വി വർക്കി 80–ാം വയസ്സിൽ കോട്ടയത്ത് നിര്യാതനായി. വർക്കി–അന്നമ്മ ദമ്പതികൾക്ക് Mrs. മറിയം പോൾ (ശോശ) മിസ്സ് അന്നമ്മ വർക്കി എന്നീ രണ്ടു പെൺമക്കൾ മാത്രം.

### E1 Mrs. മറിയം പോൾ

തൃശൂർ വട്ടക്കഴിയിൽ കല്ദായ കുടുംബാംഗമായ W. A. പോൾ വിവാഹം ചെയ്തു. ഈ കുടുംബം ചുങ്കത്ത് കൊണ്ടാട്ടു തെക്കേതിൽ താമസമാക്കി. ശ്രീ പോൾ സി. എസ്. ഐ. സഭയിലെ മിഷനറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മറിയം പോൾ 55–ാം വയസ്സിലും W. A. പോൾ 88–ാമത്തെ വയസ്സിലും കോട്ടയത്തു നിര്യാതരായി.

ഈ ദമ്പതികൾക്ക് Mrs. ലിസി ജോർജ്, മിസ്സിസ്. ഹെലൻ കുര്യൻ, വിൽസൺ പോൾ, മിസ്സിസ്. എലിസബത്ത് ചെറിയാൻ, മിസ്സിസ്. സാറാമ്മ ഫിലിപ്പ് എന്നിങ്ങനെ അഞ്ചു മക്കളാണ്.

### F1 Mrs. ലിസി ജോർജ്

ഭർത്താവ് സി. കെ. ജോർജ് (കുഞ്ഞൂഞ്ഞ്) കോട്ടയം–വടവാതൂർ, ചെമ്പത്തു വീട്ടിൽ ശ്രീമാൻ കോരയുടെയും ശ്രീമതി മറിയാമ്മയുടെയും പുത്രനാണ്. ഈ ദമ്പതികൾക്ക് അഞ്ചു മക്കൾ. മിസ്സിസ്. മേരി ലളിത് റോയി, മിസ്സിസ് ആനി ബി. മോഹൻ മിസ്സസ് എലിസബത്ത് ആനന്ദ്, അലക്സ് ജോർജ് & പോൾ സി. ജോർജ്.

### F2 Mrs. ഹെലൻ കുര്യൻ

ഭർത്താവ്. കോട്ടയം പാലത്തുങ്കൽ ക്യാപ്റ്റൻ പി. കെ. കുര്യൻ (പാപ്പച്ചൻ). ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാർ. സുരേഷ് കുര്യൻ & സുനിൽ കുര്യൻ. സുരേഷ് 30–ാം വയസ്സിൽ 1991–ൽ മരണമടഞ്ഞു.

F3 വിൽസൺ പോാം B. A. (കുഞ്ഞുഞ്ഞ്)

ബാററാ ഷൂ കമ്പനിയുടെ കോട്ടയം ശാഖയിൽ പച്ചേസിംഗ് മാനേജർ ആയി ദീർഘകാലം സേവനം ചെയ്തു. ഇപ്പോാം കോട്ടയത്തു സ്വന്തമായി ബിസിനസ് ചെയ്യുന്നു. കോട്ടയം തുമ്പ യിൽ കുടുംബാംഗമായ അന്നമ്മ വിൽസൺ, ·BSc, B Ed· (മോളി) ആണു ഭാര്യ. ഈ ദമ്പതികാംക്ക നാലു മക്കാം.

ആഷാ മേരി വിൽസൺ, എം. എസ്‌സി, ബി. എഡ്.
അനിൽ പോാം വിൽസൺ, ബി. എ.
മോഹൻ മാത്യു വിൽസൺ, ബി. കോം.
അനു എലിസബത്ത് വിൽസൺ, കോളേജ് വിദ്യാർഥിനി.

F4 Mrs. എലിസബേത്ത് ചെറിയാൻ
ബി. എസ്‌സി, ബി. എഡ്. (ആലീസ്)

ഭർത്താവിനോടൊപ്പം 'സിയെറാ ലിയോണിൽ ദീർഘകാ ലം അദ്ധ്യാപികയായി സേവനം ചെയ്തിട്ടുണ്ട്. ഭർത്താവ് മല്ലപ്പള്ളി കാളേമഠത്തിൽ കെ. എം. ചെറിയാൻ, ബി. എസ് സി, ബി. എഡ്. ശ്രീ. ചെറിയാൻ സെക്കൻഡറി സ്കൂാം റീച്ചറായും പ്രിൻസിപ്പൽ ആയും സിയെറാ ലിയോണിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ ദമ്പതികാംക്ക മൂന്നു പുത്രിമാർ. ലാലു, ലത, ലിൻഡ. ലാലു തൃശൂർ എൻജിനി യറിംഗ് കോളജിൽനിന്നും ബി. ഇ. ഡിഗ്രി പാസ്സായശേഷം വിവാഹിതയായി. ഇപ്പോാം ഭർത്താവിനോടൊപ്പം U. S. A. യിലാണ്.

ലത – എം. ഡി. എസ്. സ്റ്റുഡൻറ്, തിരുവനന്തപുരം മെഡിക്കൽ കോളജ്
ലിൻഡ – ബി. എസ്‌സി. (M. L. T) സ്റ്റുഡൻറ്, തിരുവ നന്തപുരം മെഡിക്കൽ കോളജ്

F5 Mrs. സാറാമ്മ ഫിലിപ്പ് (തങ്കു) B.sc B·Ed

കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂാം അദ്ധ്യാപികയാ ണ്. ഭർത്താവ് പുല്ലാട് തൈക്കൂട്ടത്തിൽ മാത്യു ഫിലിപ്പ് എം. എ. ഈ ദമ്പതികാംക്ക മൂന്നു മക്കളാണ്.

മനോജ്: എം. ബി. എ–എറണാകുളത്തു ജോലി
അഞ്ജു – കോളേജ് വിദ്യാർത്ഥിനി
മഞ്ജു – കോളേജ് വിദ്യാർത്ഥിനി

## E2 Miss. അന്നമ്മ വർക്കി

കോട്ടയം ബേക്കർ മെമ്മോറിയൽ സ്ക്കൂളിൽ 42 വർഷം ടീച്ചറായും 30 വർഷം ഹോസ്റ്റൽ വാർഡൻ ആയും സേവനം ചെയ്തു. 1993ൽ 93-ാമത്തെ വയസ്സിൽ കോട്ടയത്തു നിര്യാതയായി.

## D2 Mrs. മറിയാമ്മ വർഗീസ്

മറിയാമ്മയെ ചെന്നിത്തല പാലത്തറയിൽ വറുഗീസ് വിവാഹം ചെയ്തു. അറുപതാമത്തെ വയസിൽ നിര്യാതയായി. ഈ ദമ്പതികൾക്ക കൊച്ചുകുഞ്ഞ്, യോഹന്നാൻ, അച്ചാമ്മ എന്നീ മൂന്നു മക്കളാണ്.

## E1 കൊച്ചുകുഞ്ഞ് വറുഗീസ്

നാല്പത്തി അഞ്ചാമത്തെ വയസിൽ 1931ൽ നിര്യാതനായി. ഭാര്യ സാറാമ്മ പള്ളിക്കൽ. പള്ളി വടക്കേതിൽ കുടുംബാംഗമാണ്. 82-ാമത്തെ വയസിൽ1988ൽനിര്യാതയായി.ഈ ദമ്പതികൾക്ക നാലു മക്കളാണ്.

മിസ്സിസ് മറിയാമ്മ ചാക്കോ (പെണ്ണമ്മ) മങ്ങാട്ട് ഹൗസ് വെൺമണി
മിസ്സിസ് തങ്കമ്മ വർഗീസ്-ഇടപറമ്പിൽ ഹൗസ്, കൊഴവല്ലൂർ
മിസ്സിസ് കൊച്ചുമറിയ തോമസ്- നടുവിലേതകിടിയിൽ, പെണ്ണുക്കര

വൈ. കുഞ്ഞൂഞ്ഞ്- കുടുംബസമേതം ചെന്നിത്തല പാലത്തറയിൽ താമസിക്കുന്നു.

## E2 യോഹന്നാൻ വർഗീസ്

96-ാമത്തെ വയസിൽ 1984-ൽ നിര്യാതനായി. ഭാര്യ കണ്ണമംഗലം കന്നേൽവീട്ടിൽ അച്ചാമ്മ. 70-ാമത്തെ വയസിൽ 1975ൽ നിര്യാതയായി. ഈ ദമ്പതികൾക്കു സന്താനഭാഗ്യം ഉണ്ടായില്ല.

## E3 അച്ചാമ്മ ഇടിച്ചെറിയാ

81-ാമത്തെ വയസിൽ നിര്യാതയായി. ഭർത്താവ് കിടങ്ങന്നൂർ പറമ്പേത്ത് വീട്ടിൽ ഇടിച്ചെറിയാ വർഗീസ് 79-ാമത്തെ

വയസിൽ നിര്യാതനായി. ഈ ദമ്പതികൾക്ക് 5 മക്കളാണ്. പി. ഐ. വർഗീസ് (കുട്ടി ഉപദേശി). ഇപ്പോൾ 88 വയസ് പ്രായമുണ്ട്. ഇളയ പുത്രനായ പി. വി. ജോണിന്റെ കൂടെ ഇടയാറൻമുള യ്ക്കടുത്ത് ഇരമയ്ക്കാട്ടുള്ള പറമ്പേത്ത് വീട്ടിൽ താമസിക്കുന്നു.

മിസ്സിസ് അന്നാമ്മ ചെറിയാൻ— തെക്കേടത്ത് തെക്കേതിൽ ഹൗസ്, മാവേലിക്കര

മിസ്സിസ് ശോശാമ്മ ശാമുവേൽ — കിടങ്ങന്നൂരിൽ, കുടുംബവീടായ പറമ്പേത്ത് വീട്ടിൽ താമസിക്കുന്നു

മിസ്സിസ് ഏലിയാമ്മ കര്യൻ — പടലുമാവുങ്കൽ ഹൗസ്, റാന്നി

മിസ്സിസ് തങ്കമ്മ ശാമുവൽ— നിരവുകാലായിൽ ഹൗസ് ഇലന്തൂർ

## പൂമൊട്ടിൽ ശാഖ

### D3 പി. ഗീവറുഗീസ് വർക്കി

പൂമൊട്ടിൽ വർക്കി ജോസഫിന്റെ രണ്ടാമത്തെ പുത്രനായ ഗീവറുഗീസ് വർക്കി കൊല്ലകടവ് മേലേവീട്ടിൽ ശ്രീ ഇട്ടിയുടെ പുത്രി മറിയാമ്മയെ വിവാഹം ചെയ്തു. (ശ്രീമതി മറിയാമ്മ മോൻസി വില്ലയിൽ ശ്രീ എം. ഓ. വറുഗീസ്, കെ. ഓ. ഉമ്മൻ, കെ. ഐ. വറുഗീസ്, കെ. ഐ. ഫിലിപ്പോസ് എന്നിവരുടെ പിതാമഹനായ ശ്രീ ഗീവറുഗീസ് ഇട്ടിയുടെ സഹോദരിയാണ്).

ഗീവറുഗീസ് വക്കി 60–ാമത്തെ വയസിൽ നിര്യാതനായി. മറിയാമ്മ 1973–ൽ 92–ാമത്തെ വയസിൽ ദ്വിതീയ പുത്രനായ പി. വി. മാത്തുണ്ണിയുടെ ഭവനത്തിൽവെച്ച നിര്യാതയായി. പി. വി.വർക്കി, പി. വി. മാത്തുണ്ണി, പി. വി. ചെറിയാൻ, ചിന്നമ്മ, പി. വി. തോമസ്, അന്നമ്മ, പി. വി. ജോർജ്, പി. വി. ചാക്കോ, പി. വി. ജോൺ, പി. വി. ദാനിയേൽ എന്നിവർ മക്കളാണ്.

### E1 ഡോ. പി. വി. വർക്കി (കുഞ്ഞച്ചൻ)

മാവേലിക്കര ബി. എച്ച്. ഹൈസ്കൂളിൽനിന്നും മട്രിക്കുലേഷൻ പാസ്സായി. മുണ്ടക്കയം എസ്റേററിൽ ജോലിക്കുശേഷം ഒരു വെള്ളക്കാരനോടൊപ്പം മലേഷ്യയിലേക്ക പോയി. അവിടെ വെച്ച് അദ്ദേഹം എൽ. എം. പി. കോഴ്സിനു തുല്യമായ മലേ

ഷ്യൻ മെഡിക്കൽ സർട്ടിഫിക്കററ് കോഴ്സ് പാസ്സാകുകയും ഡോക്ടറായി ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു. 26–ാമത്തെ വയസ്സിൽ 1931–ൽ പെനാംഗിൽവെച്ച് ഡോ. വർക്കി നിര്യാതനായി.

## E2 പി. വി. മാത്തുണ്ണി (ഉണ്ണി)

കോട്ടകുളഞ്ഞി പൂമൂട്ടിൽ വട്ടപ്പറമ്പിൽ വീട്ടിൽ താമസമാക്കി. കോട്ടയം സി. എം. എസ്സ്. കോളജ് ഹോസ്ററൽ മെസ് മാനേജരായി 32 വർഷം (1940–1972) സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം തെങ്ങിൽ പള്ളിത്താഴത്ത് ശ്രീ ഉമ്മൻെറ മകൾ അന്നമ്മയെ വിവാഹം ചെയ്തു. അന്നമ്മയുടെ മരണശേഷം മാത്തുണ്ണി കോട്ടകുളഞ്ഞി നടയിൽ വടക്കേതിൽ തെററിക്കുഴിയിൽ (നരിയാപുരം മുണ്ടയ്ക്കൽ ഇല്ലം കുടുംബം) ശ്രീ ഈശോ കുര്യൻെറയും തിരുവല്ലാ മൂത്തേടത്ത് ശങ്കരമംഗലം കുടുംബാംഗമായ ശ്രീമതി ഏലിയാമ്മയുടെയും മകൾ അന്നാമ്മ (കുഞ്ഞമ്മ) യെ വിവാഹം ചെയ്തു. മിസ്സിസ് മറിയാമ്മ ഈപ്പൻ, മിസ്സിസ് ആലീസ് പോത്തൻ, മിസ്സിസ് അന്നാമ്മ മാത്യു, ജോർജ് മാത്യു, ഈശോ മാത്യു, മിസ്സിസ് ശോശാമ്മ ജോൺ ചാലുങ്കൽ, ജോൺ മാത്യു, മിസ്സിസ് സാറാമ്മ കോശി, കുര്യൻ മാത്യു എന്നിവർ മക്കളാണ്. മാത്തുണ്ണി 1984 ജൂൺ 22–ാം തീയതി 75–ാമത്തെ വയസിൽ നിര്യാതനായി.

### F1 Mrs. മറിയാമ്മ ഈപ്പൻ

ഭർത്താവ്– വെണ്ണിക്കുളം മയിലാട്ടുംപാറ വീട്ടിൽ ശ്രീ ഗീവർഗീസിൻെറയും അന്നമ്മയുടെയും പുത്രനായ ഈപ്പൻ ഗീവറുഗീസ് ഇപ്പോൾ കോട്ടയം അണ്ണാൻകുന്നിൽ വീട്ടിൽ (സി എം. എസ്. കോളജിനു സമീപം) സ്ഥിരതാമസമാക്കിയിരിക്കുന്നു. ഈപ്പൻ–മറിയാമ്മ ദമ്പതികളുടെ മക്കൾ: മിസ്സിസ് അന്നമ്മ ചാക്കോ (മോളി); ആശാൻപറമ്പിൽ, കായംകുളം; ഗീവർഗീസ് ഈപ്പൻ (ബോസ്); മിസ്. മറിയാമ്മ ഈപ്പൻ (എൽസി); മാത്യു ഈപ്പൻ (റൈററസ്), മിസ് ശോശാമ്മ ഈപ്പൻ (മീനാ); മിസ് ഏലിയാമ്മ ഈപ്പൻ (കൊച്ചുമോൾ) ,ഡാനിയേൽ ഈപ്പൻ (കൊച്ചുമോൻ).

F2 Mrs. ആലീസ് പോത്തൻ

മദ്ധ്യപ്രദേശിലുള്ള അംബികാപൂർ കളക്ടറേററ് ഓഫീസിൽ അക്കൗണ്ടൻറായി ജോലി ചെയ്യുന്നു. ഭർത്താവ്: വി. എം. പോത്തൻ (കുഞ്ഞൂഞ്ഞുകുട്ടി) ആഞ്ഞിലിത്താനം വാലുപറമ്പിൽ ശ്രീ മത്തായി പോത്തൻെറയും ശ്രീമതി മറിയാമ്മയുടെയും പുത്രൻ. പോത്തൻ–ആലീസ് ദമ്പതികൾക്ക മൂന്നു മക്കളാണ്.

ജോൺസൺ പി. മത്തായി

മിനു മാത്യു പോത്തൻ, M.A.; Diploma in Comp. Engineering

വർഗീസ് പോത്തൻ (ബിജു): BSc അഗ്രിക്കൾച്ചർ വിദ്യാർത്ഥി (ജെ. എൻ. കൃഷി വിശ്വവിദ്യാലയം, ജബൽപൂർ)

F3 Mrs. അന്നാമ്മ മാത്യു (ലില്ലി)

ജബൽപൂർ അഗ്രിക്കൾച്ചർ യൂണിവേഴ്സിററിയിൽ യു.ഡി. സി. ആയി ജോലിയിലിരിക്കെ അവിടെവെച്ച് 39–ാമത്തെ വയസ്സിൽ 1983–ഫെബ്രുവരി 6–ാം തീയതി നിര്യാതയായി. ഭർത്താവ്: ശ്രീ പി. സി. മാത്യു കവിയൂർ പയ്യമ്പറകീഴഞ്ചേരിൽ ശ്രീ പി. സി. ചാക്കോയുടെയും ശ്രീമതി മറിയാമ്മ ചാക്കോയുടെയും പുത്രൻ. ജബൽപൂർ കോ–ഓപ്പറേററീവ് ഡിപ്പാർട്ട്മെൻറിൽ സീനിയർ അക്കൗണ്ടൻറായി ജോലി ചെയ്യുന്നു. മാത്യു–ലില്ലി ദമ്പതികൾക്ക 3 മക്കളാണ്.

ശ്രീ പോത്തൻ കോട്ടകുളഞ്ഞി സി. എസ്. ഐ. ചർച്ചു കമ്മിററി സെക്രട്ടറി ആയി പന്ത്രണ്ടു വർഷവും കൈക്കാരനായി മൂന്നു വർഷവും ഡയോസിഷൻ കൗൺസിൽ മെമ്പറായി മൂന്നു വർഷവും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൊല്ലകടവ് സി.എസ്. ഐ. പള്ളി പണികഴിപ്പിച്ചത് ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിലായിരുന്നു. പള്ളിയുടെ ഉദ്ഘാടന ചടങ്ങിൽ ബിഷപ്പ് തിരുമേനി ശ്രീ പോത്തന് ഒരു സ്വർണമോതിരം പാരിതോഷികമായി നല്കിയതും പ്രസ്താവയോഗ്യമാണ്. കൊല്ലകടവ് സ്കൂാം ഹെഡ്മാസ്ററായി മുപ്പതു വർഷവും പിന്നീട കോട്ടകുളഞ്ഞി ഗേംസ് സ്കൂാം ഹെഡ്മാസ്ററായി രണ്ടു വർഷവും സേവനം ചെയ്തു.

ആദ്യ ഭാര്യയുടെ മരണശേഷം ശ്രീ പോത്തൻ ആലാ മണ്ണാരേത്ത് ശ്രീമതി മറിയാമ്മയെ വിവാഹം ചെയ്തു. ശ്രീ പോത്തൻ 1948 ൽ 70–ാം വയസ്സിൽ നിര്യാതനായി. മറിയാമ്മ ഈപ്പൻ,പി. പി. ശാമുവേൽ, പി. പി. ഉമ്മൻ, പി. പി. ചാണ്ടി പി. പി. ജോസഫ്, റെയ്ച്ചൽ മാത്യു, പി. പി. പോത്തൻ, സാറാമ്മ തോമസ്, പി. പി. തോമസ്, പി. പി. ജോൺ എന്നിവർ മക്കളാണ്.

## E1 മറിയാമ്മ ഈപ്പൻ (പെണ്ണമ്മ)

തലവടി മണലേൽ വീട്ടിൽ Rev.കെ. വി. ഈപ്പൻ വിവാഹം ചെയ്തു. ശ്രീമതി മറിയാമ്മ ദീർഘകാലം തലവടി എൽ. പി. സ്കൂളിൽ അദ്ധ്യാപികയായി സേവനം ചെയ്തു. ഈ ദമ്പതികൾക്ക് ഡോ. കെ. ഇ. വർഗീസ് M. A. Ph. D (റിട്ടയാർഡ് പ്രൊഫസർ & ഹെഡ് ഓഫ് ഡിപ്പാർട്ടുമെൻറ്, സി. എം. എസ് കോളേജ്, കോട്ടയം) ലിസി സാമുവേൽ (കാഞ്ഞിരപ്പള്ളി, നാഗത്തറ മണ്ണിൽ വീട്) ഏലിയാമ്മ ജോർജ്, MSc BEd (വെളിംകൊടിയാററ് ഹൗസ്, അയിരൂർ) എന്നിവർ മക്കളാണ്.

## E2 പി. പി. ശാമുവേൽ (കൊച്ചൂട്ടി)

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥനായി റിട്ടയർ ചെയ്തു. തട്ടാരമ്പലം വാണിയംപറമ്പിൽ ശ്രീ നൈനാന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. പോത്തൻ ശാമുവേൽ, ഏലിയാമ്മ മാത്യു, അന്നമ്മ വർഗീസ്, നൈനാൻ ശാമുവേൽ, പി. എസ്. ചാണ്ടി, മറിയാമ്മ തോമസ്, റെയ്ച്ചൽ സഖറിയാ, പി. എസ്. ഉമ്മൻ, സാറാമ്മ ജയിക്കബ് എന്നിവർ ഈ ദമ്പതികളുടെ മക്കളാണ്.

### F1 പോത്തൻ ശാമുവേൽ (ജോയി)

ഇൻഡ്യൻ മിലിററി സർവീസിൽനിന്നും സുബൈദാരായി 1978 ൽ വിരമിച്ചു. വെണ്മണി പഞ്ചായത്ത് മെമ്പറായി അഞ്ചു വർഷവും, കോടുകുളഞ്ഞി കരോട്ട് സൊസൈററി പ്രസിഡൻറായി നാലു വർഷവും, സേവനം ചെയ്തു. കോടുകുളഞ്ഞി സി. എസ്. ഐ. ക്രൈസ്ററ് ചർച്ച് കമ്മിററിയിലും കോടുകുളഞ്ഞി ബി. ജെ. എസ്. എം. ഹോസ്പിററൽ കമ്മിററിയിലും മെമ്പറായി സേവനം ചെയ്തിട്ടുണ്ട്. വെണ്മണി കീരിക്കാട്ട് മലയിൽ ശ്രീ എബ്രഹാമിന്റെ പുത്രി ശ്രീമതി പൊന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ബീനാ സണ്ണി,ബിനു അരുൺ, ബിനി പോത്തൻ, ബിജു പോത്തൻ എന്നു നാലു മക്കൾ.

ബീനാ സണ്ണി(D. Pharm)

കറുത്തികാട്ട് ചേരുകററി കിഴക്കേതിൽശ്രീസണ്ണി വിവാഹം ചെയ്തു.

ബിനു അരുൺ(D. Pharm)

പോണ്ടിച്ചേരി പവിഴ നഗറിൽ ശ്രീ അരുൺ ലോകനാഥ് B. Com വിവാഹം ചെയ്തു.

ബിനി പോത്തൻ, ബിജുപോത്തൻ എന്നിവർ കോളേജ് വിദ്യാർത്ഥികളാണ്.

F2 ഏലിയാമ്മ മാത്യു (അമ്മിണി) B.Sc B.Ed

കോടുകുളഞ്ഞി ജെ. എം. ഹൈസ്കൂം ഹെഡ്മിസ്ട്രസ്സായി റിട്ടയർ ചെയ്തു. ഓതറ പൂവപ്പള്ളിൽ ശ്രീ തോമസ് മത്തായിയുടെ മകൻ ശ്രീ പി. എം. മാത്യു വിവാഹം കഴിച്ചു. ഡോ. എസ്ഥേർ ജോൺസൺ M. B. B.S., Dr. സജിമാത്യു, M. B. B. S എന്നിവർ മക്കളാണ്.

ഡോ. എസ്തേർ ജോൺസൺ M. B. B. S

ശ്രീമതി എസ്ഥേർ വെല്ലൂർ മെഡിക്കൽ കോളേജിൽ M. D. ക്ക് പഠിക്കുന്നു. കലയപുരം മാളിയേക്കൽ വീട്ടിൽ. Dr. ജോൺസൺ M. D. വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

ഡോ. സജി മാത്യു M. B. B. S.

ഡോ. സജി–M. S ന് പഠിക്കുന്നു. ഇദ്ദേഹത്തിൻെറ ഭാര്യ ഡോ. അനി M. B. B. S ആണ്.

F3 അന്നമ്മ വർഗീസ് (അമ്മാൾ)

ഓച്ചിറ കടക്കര വീട്ടിൽ ശ്രീ മത്തായിയുടെ മകൻ കെ. എം. വർഗീസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് സാബു, സജീവ്, സജു എന്ന് മൂന്നു പുത്രന്മാർ

F4 നൈനാൻ സാമുവേൽ (കുഞ്ഞുമോൻ)

ശ്രീ നൈനാൻ ശാമുവേൽ നാഗാലാൻഡിൽ ഡി. ജി. പി. യുടെ പേഴ്സനൽ അസിസ്ററൻണ്ടായി ജോലി ചെയ്യുന്നു.

നീരേററുപുറം അട്രമ്പയിൽ വീട്ടിൽ ശ്രീ നൈനാൻെറ മകറം മോള മ്മയാണ ഭാര്യ. ഈ ദമ്പതികറംക്ക് സുമന, സുധീപ്, പ്രതീപ് എന്ന മൂന്ന മക്കറം.

സുമന B·E (Electronics) വിദ്യാർഥിയാണ്.

സുധീപ്, കോളേജ് വിദ്യാത്ഥിയും, പ്രതീപ് സ്കൂറം വിദ്യാർഥിയുമാണ്.

F5 Prof. പി. എസ്. ചാണ്ടി(കുഞ്ഞൂഞ്ഞുകുട്ടി) M.Sc

കോട്ടയം സി. എം. എസ്സ് കോളേജിൽ ഫിസിക്സ് ലക്ചററായി ജോലി ചെയ്തശേഷം സിയാറാ–ലിയോണിലുംനൈജീരിയായിലും അദ്ധ്യാപകനായി സേവനം ചെയ്തു. ചങ്ങനാശ്ശേരി പരുത്തിമൂട്ടിൽ ശ്രീ പി. എം. മാത്യുവിൻെറ പുത്രി ജോളി B.Sc B.Ed ആണു ഭാര്യ. ഈ ദമ്പതികറംക്ക് അനില പി. ചാണ്ടി, പ്രതാപ് പോത്തൻ ചാണ്ടി, ലെനി പി. ചാണ്ടി എന്ന മൂന്ന മക്കറം. അനില കോളേജ് വിദ്യാർഥിയും, പ്രതാപും, ലെനിയും സ്കൂറം വിദ്യാർഥികളുമാണ്.

F6 മറിയാമ്മ തോമസ് (ഗ്രേസി) B.Sc B·Ed

തഴക്കര പടിഞ്ഞാററതിൽ ശ്രീ ജോണിൻെറ പുത്രൻ ശ്രീ പി. ജെ. തോമസ് BE വിവാഹം ചെയ്തു. ഈ ദമ്പതികറംക്ക പ്രമോദ്, പ്രീയ എന്ന രണ്ടു മക്കറം. പ്രമോദ് BE വിദ്യാർത്ഥിയും പ്രീയ കോളേജ് വിദ്യാർത്ഥിനിയും ആണ്.

F7 റെയിച്ചൽ സഖറിയാ (ലിസ്സി) BSc

കിടങ്ങന്നൂർ പെരുംകുന്നിൽ ശ്രീ പി. എം. തോമസ്സിൻെറ പുത്രൻ സഖറിയ തോമസ് വിവാഹം ചെയ്തു. ഈ ദമ്പതികറംക്ക് സുനിൽ, സുനിത, സുജ എന്ന മൂന്ന മക്കറം. സുനിൽ B.Sc MBA യും, സുനിതയും സുജയും കോളജ് വിദ്യാർത്ഥികളമാണ്.

F8 പി. എസ്സ്. ഉമ്മൻ(ബേബി) B.A. LLB

ശ്രീ ഉമ്മൻ ദോഹയിൽ ജോലി ചെയ്യുന്നു. മുള്ളികുളങ്ങര വന്മേലിൽ രമണിയാണ ഭാര്യ.ഈ ദമ്പതികറംക്ക് സുബി, ഷീബാ, ഡെന്നീസ് എന്നു മൂന്ന മക്കറം. മൂവരും വിദ്യാർത്ഥികളാണ്.

F9 സാറാമ്മ ജേക്കബ് (കൊച്ച്) B.Sc, B.Ed

പുലിയൂർ ഇലഞ്ഞിമേൽ തട്ടാശ്ശേരിൽ ശ്രീ ജോസഫിൻെറ പുത്രൻ ശ്രീററി. ജെ. ജേക്കബ് M.Sc B.Ed വിവാഹം ചെയ്തു. ഈ ദമ്പതികൾ സൗത്ത് ആഫ്രിക്കയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നു.

## E3 പി. പി. ഉമ്മൻ (പൊടിയച്ചൻ)

ശ്രീ ഉമ്മൻ, പല്ലോന്നിപറമ്പിൽ പുതിയിടത്തു വീട്ടിൽ താമസമാക്കി. കോട്ടകളഞ്ഞി തെങ്ങിൽ പുത്തൻപുരയിൽ നൈനാൻെറ മകൾ സാറാമ്മയാണു ഭാര്യ. ശ്രീ ഉമ്മൻ മിലിററി ഫാർമസിസ്ററ് ആയി ഏഴു വർഷവും അതിനുശേഷം കേരളസർക്കാർ സർവീസിൽ 27 വർഷവും സേവനം ചെയ്തു റിട്ടയർ ചെയ്തു. പി. ഒ. ജോർജ്, പി. ഒ. നൈനാൻ, ഏലിയാമ്മ മാത്യു, ലാലു ഐപ്പ്, ലൈല ഏബ്രഹാം, ലളിത ഫിലിപ്പ്, പി. ഒ. ഉമ്മൻ, മാത്യു ഉമ്മൻ, അലക്സ് ഉമ്മൻ എന്നിവർ മക്കളാണ്.

F1 പി. ഒ. ജോർജ് (ജോർജുകട്ടി)

നാഗാലാൻഡിൽ വിദ്യാഭ്യാസമന്ത്രിയുടെ പേഴ്സണൽ അസിസ്ററൻണ്ടായി സേവനം ചെയ്യുന്നു. വെണ്മണി ചെറുമണ്ണിൽ വർഗീസിൻെറ പുത്രി മോളിയാണു ഭാര്യ. ഇ ദമ്പതികൾക്കു സുജ, ജിജ, അജ എന്നു മൂന്നു പെൺമക്കൾ. മൂവരും കോളേജ് വിദ്യാത്ഥികളാണ്.

F2 പി. ഒ. നൈനാൻ (ജോയി)

നാഗാലാൻഡിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഇടനാട്ടിൽ കടമാട്ട് ശ്രീ കെ. ഈ. വർഗീസിൻെറ മകൾ പൊന്നമ്മയാണു ഭാര്യ. ഈ ദമ്പതികൾക്കു ബിനോ, ഡിനോ, റിനോ, സിനി എന്നു നാലു മക്കൾ. നാലു മക്കളും വിദ്യാത്ഥികളാണ്.

F3 ഏലിയാമ്മ മാത്യു M.Sc, B.Ed

ഗോവായിൽ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായി ജോലി ചെയ്യുന്നു. ഭർത്താവ് കററാനം വാലുതുണ്ടിൽ ശ്രീ മാത്യുവിൻെറ പുത്രൻ ശ്രീ വി. എം. മാത്യു M.Sc. B.Ed. ആണ്. ഈ ദമ്പതികൾക്കു സാം മാത്യു, സുനിൽ മാത്യു എന്നു രണ്ടു പുത്രന്മാർ. ഇരുവരും വിദ്യാർത്ഥികളാണ്.

F4 ലാലു ഫിലിപ്പ്

ഇരമല്ലിക്കര താട്ടരേത്ത് ശ്രീ മത്തായിയുടെ മകൻ ശ്രീ ഫിലിപ്പ് റ്റി. മത്തായി വിവാഹം ചെയ്തു. ഇദ്ദേഹം രേണുഗുണ്ടയിൽ റെയിൽവേസ്റേറഷൻ മാസ്ററായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക മൂന്നു മക്കൾ. അനിൽ മാത്യു B.Sc. Diploma in Computer Science എലിസബേത്ത് മാത്യു, B·Com, ലെനി മാത്യു സ്കൂൾ വിദ്യാർത്ഥിനിയും ആണ്.

F5 ലൈല എബ്രഹാം M·Sc, B·Ed.

ഐ· ഐ. റ്റി. കാൺപൂരിൽ അക്കൗണ്ടൻറായി ജോലി ചെയ്യുന്നു. ഭർത്താവ് ശ്രീ സി. എം. എബ്രഹാം ഐ. ഐ. റ്റി. ഡയറക്ടറുടെ പി. എ. ആയി ജോലി ചെയ്യുന്നു.. ഇദ്ദേഹം ചങ്ങനാശ്ശേരി പൂവാണ്ണുംതാഴത്ത് ശ്രീ മത്തായിയുടെ പുത്രനാണ്. ഈ ദമ്പതികൾക്ക് അനില എബ്രഹാം എന്ന പുത്രിയുണ്ട്.

F6 ലളിത ഫിലിപ്പ് M·Sc·

ഭർത്താവ് കററാനം വാലുതുണ്ടിയിൽ ശ്രീ മാത്യുവിൻെറ പുത്രൻ ശ്രീ ഫിലിപ്പ് വി· മാത്യു M.Sc M·Ed ആണ്. ഇവർ രണ്ടുപേരും ബോററ്സ്വാനായിൽ അദ്ധ്യാപകരാണ്. ഈ ദമ്പതികൾക്ക് അനിഷ് ഫിലിപ്പ്, അഞ്ചു ഫിലിപ്പ്, അനിൽ ഫിലിപ്പ് എന്നു മൂന്നു മക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

F7 പി. ഒ. ഉമ്മൻ

ആഗ്രായിൽ കമ്പനി ഉദ്യോഗസ്ഥനാണ്. ഭാര്യ പെണ്ണുക്കര തകിടി കിഴക്കേതിൽ ശ്രീ യോഹന്നാൻെറ മകൾ ആലീസ് ആണ്. ഈ ദമ്പതികൾക്ക വിനീത് ഉമ്മൻ എന്ന ഒരു പുത്രൻ ഉണ്ട്.

F8 മാത്യു ഉമ്മൻ

മാതാപിതാക്കളോടൊപ്പം കടുംബത്തു താമസിക്കുന്നു.

F9 അലക്സ് ഉമ്മൻ

പി. ഡി. സി, റ്റി. വി. ഇലക്ട്രീഷ്യൻ ഡിപ്ലോമ എന്നിവ പാസ്സായശേഷം അഹമ്മദ്ബാദിൽ സ്വന്തമായി ടെലിവിഷൻ സെൻറർ നടത്തിവരികയായിരുന്നു. 1991ൽ ഒരു സ്കൂട്ടർ അപകടത്തിൽ മരണമടഞ്ഞു.

## E4 പി. പി. ചാണ്ടി (കുഞ്ഞൂഞ്ഞ്)

കോത്താരി പ്ലാന്റേഷൻസ് എസ്റ്റേററ് സൂപ്രണ്ടായി ചിക്കമാഗ്ളൂരിൽ 28 വർഷം സേവനം ചെയ്തു. ഇപ്പോൾ കുടുംബസമേതം പല്ലോന്നിപറമ്പിൽ മോഹന വിലാസത്തിൽ താമസിക്കുന്നു. കോട്ടകളഞ്ഞി കുരോട്ട് തോട്ടുങ്കൽ പുത്തൻപുരയിൽ ശ്രീ കെ. ജി. തോമസിന്റെ മകൾ ശോശാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക സോമാ ജോർജ്, പോത്തൻചാണ്ടി, തോംസൺ ചാണ്ടി എന്ന് മൂന്നു മക്കൾ.

### F1 സോമാ ജോർജ് B.A.

ചെറുവല്ലൂർ ആഞ്ഞിലിവിളയിൽ പുത്തൻ വീട്ടിൽ ശ്രീ എ. സി. വർഗീസിന്റെ മകൻ ശ്രീ എ. വി. ജോർജ് BSc വിവാഹം ചെയ്തു. ശ്രീ ജോർജ് മസ്ക്കററിൽ മേഴ്സിഡീസ് ബെൻസ് കമ്പിനിയുടെ മാനേജരായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്കു രാജീ ജോർജ്, ജോജി ജോർജ് എന്നു രണ്ടു മക്കൾ ഇരുവരും വിദ്യാർത്ഥികളാണ്.

### F2 പോത്തൻ ചാണ്ടി (മോനച്ചൻ) BSc

വിവാഹാനന്തരം പല്ലോന്നിപറമ്പിൽ ശാന്തിഭവനത്തിലേക്ക താമസം മാററി. ശ്രീ പോത്തൻ ബഹ്റിനിൽ ഇൻഷ്യുറൻസ് സൂപ്രണ്ടായി ജോലി ചെയ്യുന്നു. കുമ്പനാട്ട് ഊരിയപടിക്കൽ ബേബിവില്ലായിൽ ശ്രീ എം ഒ നൈനാന്റെ പുത്രി എലിസബത്താണു ഭാര്യ. ശ്രീമതി എലിസബത്ത് പോത്തൻ BSc B.Ed വെൺമണി സെൻറ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ അദ്ധ്യാപികയാണ്. മിലി ശോശൻ പോത്തൻ, മിധു സാറാ പോത്തൻ എന്നു രണ്ടു മക്കൾ. ഇരുവരും വിദ്യാർത്ഥികളാണ്.

### F3 തോംസൺ ചാണ്ടി (കൊച്ചുമോൻ) BSc

മസ്ക്കററിൽ ബോഷ് കമ്പിനിയിൽ ഉദ്യോഗസ്ഥനാണ്. കററാനം പേരുകാട്ട് ശ്രീ പി. വി. ശാമുവേലിന്റെ മകൾ സിസിയെ വിവാഹം ചെയ്തു. ശ്രീമതി സിസി തോംസൺ B.A. കോട്ടകളഞ്ഞി സി. എം. എസ്സ്. സ്കൂൾഅദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് അശോക്തോംസൺ ചാണ്ടി എന്ന് ഒരു മകൻ ഉണ്ട്.

## E5 Capt പി. പി. ജോസഫ് (ഉണ്ണൂണ്ണി)
OBE, MBE, IDSM

E S L C പാസ്സായതിനുശേഷം 1940 ൽ ഇൻഡ്യൻ ആർമിയിൽ ഒരു ക്ലാർക്കായി സേവനം ആരംഭിച്ചു. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും ആഫ്രിക്കയിലും, മിഡിൽ ഈസ്ററിലും ബർമ്മയിലും മററുമായി 33 വർഷം സേവനം ചെയ്ത് 1973ൽ പെൻഷൻ ആയി. 1941 ൽ OBE, MBE എന്നീ ബഹുമതികൾ ലഭിച്ചു.

കോട്ടകളഞ്ഞി സി. എസ്സ്. ഐ ക്രൈസ്ററ് ചർച്ച് കൈക്കാരനായി ആറു വർഷവും ബി. ജെ. എസ്സ്. എം ആശുപത്രി അഡ്മിനിസ്ട്രേററായി 2 വർഷവും, മെഡിക്കൽ സൊസൈററി മെമ്പറായി ആറു വർഷവും സേവനം ചെയ്തിട്ടുണ്ട്. കൂടാതെ ചെങ്ങന്നൂർ താലൂക്ക് എക്സ് സർവീസ് ലീഗിൻെറ പ്രസിഡൻണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ശ്രീമതി അന്നമ്മ ജോസഫ് മാവേലിക്കര പുത്തൻമഠത്തിൽ ശ്രീ പി. ററി. തോമസിൻെറ പുത്രിയാണ്. എലിസബേത്ത് ജോസഫ്, ബോബി ജോസഫ്, റെയിച്ചൽ തോമസ്, ആനി ജോർജ്, അച്ചാമ്മ സ്ററീഫൻ, തോമസ് ജോഷി ജോസഫ് എന്നിവർ മക്കളാണ്.

### F1 എലിസബേത്ത് ജോസഫ് (സോഫി) BSc. BEd

ശ്രീമതി എലിസബേത്തിനെ ചെങ്ങന്നൂർ തേരകത്ത് ശ്രീ എം. കെ. ജോർജിൻെറ മകൻ ജോസഫ് ജോർജ് BSc. BE, MBA വിവാഹം ചെയ്തു. ശ്രീ ജോസഫ് ഭഗീരഥാ എൻജിനീയറിംഗിൽ ഡെപ്യൂട്ടി ജനറൽ മാനേജരാണ്. ഈ ദമ്പതികൾക്ക് ജോർജ് ജോസഫ്, മിജി ജോസഫ് എന്ന രണ്ടു മക്കൾ. ഇരുവരും കോളേജ് വിദ്യാർത്ഥികളാണ്.

### F2 Lt. Col. ബോബി ജോസഫ് B.Com

1969ൽ ഓഫീസേഴ്സ് ട്രെയിനിംഗ് കഴിഞ്ഞ് സെക്കൻറ് ലഫ്ററനൻണ്ടായി എ. എസ്സ്. സി യിൽ നിയമിതനായി. 22 വർഷത്തെ സേവനത്തിനുശേഷം Lt. Col ആയി 1991ൽ റിട്ടയർമെൻറ് വാങ്ങി. ഭാര്യ ശ്രീമതി എലിസബേത്ത് ജോസഫ് B. A. മുണ്ടിയപ്പള്ളി ഈട്ടിക്കൽ ശ്രീ ഈ. സി. വർക്കിയുടെ പുത്രിയാണ്. ഈ ദമ്പതികൾക്ക നാൻസി ജോസഫ്, വർക്കി ജോസഫ് എന്ന രണ്ടു മക്കൾ. ഇരുവരും കോളേജ് വിദ്യാർഥികളാണ്.

F3 റെയിച്ചൽ തോമസ് (ഡെയ്സി)

ശ്രീമതി റെയിച്ചലിനെ മാരാമൺ പുല്ലാവള്ളിൽ ശ്രീ തോമസ് കോശി വിവാഹം കഴിച്ചു. ശ്രീ തോമസ് അബുദാബിയിൽ ഗവണ്മെൻറ് സർവീസിൽ മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് കോശി തോമസ് B.A. LLB, ജോസഫ് തോമസ് B.F. എന്ന് രണ്ടുമക്കൾ.

F4 ആനി ജോർജ് B. A.

കരിപ്പുഴ ഒളശ്ശയിൽ ഡോ. പി. കെ മാത്തൻെറ മകൻ ശ്രീ ജോർജ് മാത്യു വിവാഹം ചെയ്തു. ശ്രീ ജോർജ് മാത്യു അബുദാബിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ബിജോയ് ജോർജ്, ബിന്നി ജോർജ് എന്ന് രണ്ടു മക്കൾ. ഇരുവരും സ്കൂൾ വിദ്യാർഥികളാണ്.

F5 അച്ചാമ്മ സ്ററീഫൻ (ഡോട്ടി) B.A.

കല്ലിമേൽ ചാമപ്പറമ്പിൽ Rev. Fr: വി. കെ. ഈശോയുടെ പുത്രൻ Adv. സ്റ്റീഫൻ ചാമപ്പറമ്പിൽ BA;LLB വിവാഹം ചെയ്തു. ഇദ്ദേഹം പബ്ലിക്ക് പ്രോസിക്യൂട്ടറായി സേവനം ചെയ്യുന്നു. ഈ ദമ്പതികൾക്ക റിനി സ്ററീഫൻ, ബിന്നി സ്ററീഫൻ, അനു സ്ററീഫൻ എന്ന് മൂന്നു മക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

F6 തോമസ് ജോഷി ജോസഫ്

ശ്രീ തോമസ് സ്വന്തമായി ട്രാവൽ ഏജൻസി നടത്തുന്നു. ഭാര്യ പള്ളിക്കൽ പുളിമൂട്ടിൽ Capt പി. ഒ. മാത്യുവിൻെറ മകൾ ബീനയാണ്. ഈ ദമ്പതികൾക്ക് അജിഷാ അന്നാ ജോഷി, ജിജോ ജോഷി ജോസഫ്എന്നിവർ മക്കളാണ്.ഇരുവരും വിദ്യാർത്ഥികളാണ്.

## E6 റെയ്ച്ചൽ മാത്യു

ചെറിയനാട്ട് പോളച്ചിറക്കൽ മഠത്തിലേത്ത് ശ്രീ ഇട്ടി നൈനാൻെറ പുത്രൻ ശ്രീ പി. എൻ. മാത്യുവിവാഹം ചെയ്തു. ഇവർ കന്നൂരിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്ക് ആറുമക്കൾ

ചേച്ചമ്മ ചാക്കോ. B.Sc, B.Ed
വെമ്പറത്തിൽ, നിരണം
നൈനാൻ മാത്യു, Civil Engineer
മദ്രാസ്സിൽ ബിസ്സിനസ് ചെയ്യുന്നു.

അന്നമ്മ ഏബ്രഹാം BSc.B.Ed
W/o സി. പി. ഏബ്രഹാം B.A.LLB
ചിറയത്ത് കുമ്പളാംപൊയ്ക

സൂസി കുരുവിള B. Sc, BEd
W/o Prof. കുരുവിള തോമസ് MSc. M. Phil
വിളക്കപാട്ടത്തിൽ ചാത്തങ്കരി

ഫിലിപ്പ് മാത്യു B.A.
കുന്നൂരിൽ ബിസിനസ് നടത്തുന്നു.

E7 **പി. പി. പോത്തൻ** (ബേബി)

ശ്രീ പോത്തൻ നീലഗിരിയിൽ എസ്റേററ് സംബന്ധമായ ബിസിനസ്സിൽ ആയിരുന്നു. തലവടി അമ്പ്രയിൽ വീട്ടിൽ കുരുവിളയുടെ പുത്രി മറിയാമ്മയാണു ഭാര്യ. ഏലിയാമ്മ ഫിലിപ്പ്, കെ. പി. ശാമുവേൽ, സൂസൻ അലക്സ്, അന്നാമ്മ ഫിലിപ്പ്, കുരുവിള പോത്തൻ എന്നിവർ മക്കളാണ്. ഈ കുടുംബം മാമ്പ്ര (ചെറിയനാട്) കുഴിയത്തു വീട്ടിൽ താമസിക്കുന്നു.

F1 ഏലിയാമ്മ ഫിലിപ്പ് (ലില്ലിക്കുട്ടി)

തുമ്പമൺ മുളക്കലേത്ത് ശ്രീ ഏബ്രഹാമിന്റെ പുത്രൻ ശ്രീ സി. എ. ഫിലിപ്പ് വിവാഹം ചെയ്തു. ശ്രീ ഫിലിപ്പ് തിരുവനന്തപുരം മോഡൽ കോളേജ്ഓഫ് എയ്റോനോട്ടിക്കൽ എൻജിനീയറിംഗിന്റെ മാനേജിംഗ് ഡയറക്ടറാണ്. ഈ ദമ്പതികൾക്ക് ഏബ്രഹാം ഫിലിപ്പ് M. A., മറിയാമ്മ ഫിലിപ്പ്, പോത്തൻ ഫിലിപ്പ്എന്നീ കോളേജ് വിദ്യാർത്ഥികളായ മക്കൾ ഉണ്ട്.

F2 കെ. പി. ശാമുവേൽ (സണ്ണി)

ചെറിയനാട് കുഴിയത്ത് ചിട്ടിഫണ്ട് പ്രൊപ്രൈറററാണ്. കോഴഞ്ചേരി പള്ളിപീടികയിൽ ശ്രീ ജോർജിന്റെ പുത്രി ആനിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക ബീനാ മേരി സാം B.Pharm, ബിന്ദു അനി സാം, (കോളേജ് വിദ്യാർത്ഥി) എന്നു രണ്ടു മക്കൾ.

F3 സൂസൻ അലക്സ് (ബെററി)

മാവേലിക്കര തുതിക്കാട്ട് ററി. സി. ജോണിന്റെ മകൻ അലക്സ് ജോൺ വിവാഹം ചെയ്തു. ശ്രീ അലക്സ് ഡിഫൻസ് സർവീസിൽ അക്കൗണ്ട്സ് ഓഫീസറാണ്. ഈ ദമ്പ

തികൾക്ക മിനി അലക്സ് B.Sc. അനി അലക്സ്(വിദ്യാർഥിനി) എന്നു രണ്ടു മക്കൾ.

F4 അന്നാമ്മ ഫിലിപ്പ് (ജോളി)

ചെറുവല്ലൂർ ചിറയിൽ ശ്രീ ഘോശിയുടെ മകൻ സി. കെ. ഫിലിപ്പ് വിവാഹം ചെയ്തു. ശ്രീ ഫിലിപ്പ് സൗദി അറേബ്യയിൽ ഉദ്യോഗസ്ഥനാണ്. ഈ ദമ്പതികൾക്ക രേഖാ ഫിലിപ്പ്, റെനു ഫിലിപ്പ്, രാകേഷ് ഫിലിപ്പ് എന്നു മൂന്നു മക്കൾ. മൂവരും വിദ്യാർഥികളാണ്.

F5 കുരുവിള പോത്തൻ (രാജു)

ചെറിയനാട്ട് കുഴിയത്ത് ഫൈനാൻസിയേഴ്സ്, റബർ നേഴ്സറി എന്നീ സ്ഥാപനങ്ങൾ നടത്തുന്നു. അടൂർ കൊന്നയിൽ ശ്രീ ഉമ്മൻ വർഗീസിൻെറ പുത്രി ലതയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക സുജിത് പി. കുരുവിള, സുജേഷ് പി. കുരുവിള എന്നീ രണ്ടു പുത്രന്മാർ. ഇരുവരും സ്കൂൾ വിദ്യാത്ഥികളാണ്.

## E8 സാറാമ്മ തോമസ് (പൊന്നമ്മ)

ശ്രീമതി സാറാമ്മ ബാംഗ്ളൂർ സെൻറ് ജോൺസ് ഹോസ്പിററലിൽ മേട്രനായി ജോലി ചെയ്യുന്നു. കോട്ടകളഞ്ഞി ചെറുകര ശ്രീ മത്തായിയുടെ മകൻ തോമസ് വിവാഹം ചെയ്തു. ശ്രീ തോമസ് കൽക്കട്ടയിൽ ഇൻഡ്യാ ഗവൺമെൻറ് ഡയറി ഫാം മാനേജർ ആണ്. ഈ കുടുംബം ബാംഗ്ളൂരിൽ റാണിയംഗാലായിൽ സ്ഥിരതാമസമാണ്. ഈ ദമ്പതികളുടെ ഏകമകൻ Dr. റെജി തോമസ് M. B. B. S. MD ആണ്. ഡോ അന്നമ്മ തോമസ് M. B. B. S. ആണ് ശ്രീ റെജിയുടെ ഭാര്യ.

E9 Capt. പി. പി. തോമസ് (തങ്കച്ചൻ)

ഇൻഡ്യൻ ആർമിയിൽ 22 വർഷത്തെ സേവനത്തിനു ശേഷം റിട്ടയർ ചെയ്തു. മാവേലിക്കര കാട്ടുകുളത്തിൽ ശ്രീ കെ. വി. ചെറിയാൻെറ മകൾ അമ്മുക്കുട്ടിയാണു ഭാര്യ. ഇവർ കരിമുളക്കൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് അഞ്ചു മക്കൾ.

പോത്തൻ പി. തോമസ് B.Pharm
ചെറിയാൻ പി. തോമസ് B. E. Electronics
റപതി പി. തോമസ് B.Pharm

മാക്സി പി. തോമസ് D.Pharm
വിനി തോമസ് B.Sc. Nursing

E10 **പി. പി. ജോൺ** (കുഞ്ഞുമോൻ)

കോട്ടയത്ത് റബർബോർഡിൽ സൂപ്രണ്ടായി ജോലി ചെയ്യുന്നു. കുഴിമററം പാട്ടാശ്ശേരിൽ ശ്രീ ഏലിയാസിന്റെ പുത്രി ഡോ. ആനി ജോൺ M. B. B. S. നെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു സുനിൽ പി. ജോൺ, B.Pharm, സോണിയാ പി. ജോൺ (കോളേജ് വിദ്യാർത്ഥിനി) എന്ന രണ്ടു മക്കൾ.

## അദ്ധ്യായം 3

# പ്ളാവുനിൽക്കുന്നതിൽ ശാഖ

### C3 പി. സി. ചാണ്ടി (ചാണ്ടി ചാണ്ടി)

മേച്ചേമഠത്തിൽ കിഴക്കേ കുടുംബത്തിലെ മൂന്നാമത്തെ പുത്രനാണ് പി. സി. ചാണ്ടി എന്ന ചാണ്ടി ചാണ്ടി. ഇദ്ദേഹം കല്ലട പുത്തൻ പുരയിൽ ശ്രീമതി മറിയാമ്മയെ വിവാഹം കഴിച്ചു. വിവാഹാനന്തരം പ്ളാവുനിൽക്കുന്നതിൽ വീട്ടിലേക്കു താമസം മാററി. സി. എസ്സ്. ഐ. സഭയിലെ ഒരു അദ്ധ്യാപകനായും ഉപദേശിയായും സേവനം ചെയ്തു. കോട്ടുകളഞ്ഞി ഇടവകയുടെ കീഴിലുണ്ടായിരുന്ന ആലാ ഉപസഭയിൽ സുവിശേഷവേലയ്ക്കു നേതൃത്വം നല്കി. ഉപസഭാ ചാപ്പൽപണിക്കു നേതൃത്വം നൽകുകയും മുഖ്യപങ്കു വഹിക്കുകയും ചെയ്തു.

ഈ ദമ്പതികൾക്കു മറിയാമ്മ പി. സി, പി. സി. ചാണ്ടി, പി. സി. മാത്യു, പി. സി. നൈനാൻ, അന്നമ്മ പി. സി., ഏലിയാമ്മ പി. സി., സാറാമ്മ പി. സി., പി. സി. തോമസ് എന്നീ എട്ടു മക്കൾ.

| | | |
|---|---|---|
| C3 പി. സി. ചാണ്ടി | D1 | മറിയാമ്മ പി. സി. |
| | D2 | പി. സി. ചാണ്ടി |
| | D3 | പി. സി. മാത്യു |
| | D4 | പി. സി. നൈനാൻ |
| | D5 | പി. സി. അന്നമ്മ |
| | D6 | പി. സി. ഏലിയാമ്മ |
| | D7 | പി. സി. സാറാമ്മ |
| | D8 | പി. സി. തോമസ് |

### D1 പി. സി. മറിയാമ്മ

ശ്രീമതി മറിയാമ്മയെ തലവടിയിൽ പുത്തൻപുരയിൽ ഇട്ടിയവിരാ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്കു പാപ്പി, കൊച്ചൂട്ടി, പൊടിയൻ എന്നീ മൂന്ന് ആൺമക്കളും തങ്കമ്മ എന്ന മകളും ഉണ്ടായിരുന്നു.

## D2 പി. സി. ചാണ്ടി (കൊച്ചുകുഞ്ഞ്)

കോട്ടകുളഞ്ഞി പൂത്തുപ്പുരക്കൽ വീട്ടിൽ ശ്രീമതി മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മറിയാമ്മ, സാറാമ്മ പി. സി. ചാണ്ടി, പി. സി. ചാക്കോ, ഏലിക്കുട്ടി, പി. സി. മാത്യു, തങ്കമ്മ എന്നിങ്ങനെ ഏഴു മക്കൾ.

## E1 മറിയാമ്മ കൊച്ചുമ്മൻ

ശ്രീമതി മറിയാമ്മയെ ചെറിയനാട് മാമ്പ്രത്തുണ്ടത്തിൽ ശ്രീ കൊച്ചുമ്മൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കൾ. ഏലിയാമ്മ തോമസ് (കുഞ്ഞമ്മ) മറിയാമ്മ (അമ്മിണി) ഏലിയാമ്മയെ ആലപ്പുഴയിലും അമ്മിണിയെ മാവേലിക്കര തഴക്കരയിൽ കൊച്ചുവീട്ടിലും വിവാഹം ചെയ്തയച്ചു.

## E2 സാറാമ്മ

ശ്രീമതി സാറാമ്മയെ ചെന്നിത്തലയിൽ വിവാഹം ചെയ്തയച്ചു. സാറാമ്മയുടെ ഏകമകൾ കുഞ്ഞമ്മയെ (റെയിച്ചൽ) തുമ്പമൺ പാലമൂട്ടിൽ വടക്കേതിൽ ശ്രീ. പി. പി. ജോൺ വിവാഹം ചെയ്തു.

## E3 പി. സി. ചാണ്ടി (പാപ്പിസാർ)

സി. എസ്സ്. ഐ. എൽ. പി. സ്കൂൾ അധ്യാപകനായും സുവിശേഷ പ്രവർത്തകനായും ദീർഘകാലം സേവനം ചെയ്തശേഷം റിട്ടയർ ചെയ്തു. 1980 ൽ 70-ാം വയസ്സിൽ നിര്യാതനായി. ഓമല്ലൂർ അമ്പാട്ടുപറമ്പിൽ ശ്രീമതി അച്ചാമ്മ ചാണ്ടിയാണ് ഭാര്യ. ഇവരും ഒരു അദ്ധ്യാപിക ആയിരുന്നു. കുറച്ചു വർഷങ്ങൾക്കശേഷം ജോലി രാജി വയ്ക്കയുണ്ടായി. ഈ ദമ്പതികൾക്ക് അദിനമ്മ, സാറാമ്മ എന്ന് രണ്ട പെൺമക്കൾ മാത്രം.

### F1 അദിനമ്മ ബേബി

തട്ട (പന്തളം) കുളത്തും കരോട്ട് റെില്ലി വിലാസിൽ ശ്രീ കെ. ജി. ബേബി വിവാഹം ചെയ്തു. ഇവർക്ക് റെില്ലി, റെിങ്കു എന്ന രണ്ടു പുത്രന്മാർ.

### F2 സാറാമ്മ രാജുദ്ധീൻ M.Sc

ശ്രീ രാജുദ്ധീൻ ജോൺ M.Sc ശ്രീമതി സാറാമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം കോഴഞ്ചേരി മണ്ഡപത്തിൽ

വീട്ടിൽ ജോണിൻെറ പുത്രനാണ്. ഇരുവരും സാംബിയായിൽ അദ്ധ്യാപകരായിരുന്നു. 1975ൽ സാംബിയായിൽ ഒരു കാറപകടത്തിൽ ശ്രീ രാജു ഡീൻ മരണമടഞ്ഞു. ഈ ദമ്പതികൾക്കു Dr. അന്നമേരി, മനോജ് ജോൺ എന്നിങ്ങനെ രണ്ടു മക്കൾ.

Dr. അന്നമേരി രാജുഡീൻ M. B. B. S. ഇരവിപേരൂർ ശങ്കരമംഗലത്തിൽ റോണിയെ വിവാഹം കഴിച്ചു.

മനോജ് ജോൺ രാജുഡീൻ B. Com. വിദ്യാർഥിയാണ്.

## E4 പി. സി. ചാക്കോ (കൊച്ചുകുട്ടി)

ഇദ്ദേഹം കണ്ണമംഗലം അട്ടത്തോട്ടത്തിൽ ശ്രീ ഉണ്ണൂണ്ണിയുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. മേരി മാത്യൂസ്, പി. സി. അലക്സാണ്ടർ, അമ്മിണി ഫിലിപ്പ്, പി. സി. മത്തായി, പി. സി. ജോസഫ്, സാറാമ്മ കോശി, ഏലിയാമ്മ ജോർജ്, സൂസമ്മ രാജു എന്നീ അഞ്ചു പെൺമക്കളും മൂന്ന് ആൺമക്കളും ഉണ്ട്. 1991 ഫെബ്രുവരിയിൽ 83-ാം വയസ്സിൽ ശ്രീ ചാക്കോ ഒരു ട്രെയിനപായത്തിൽ മരണമടഞ്ഞു.

### F1 മേരി മാത്യൂസ്

ശ്രീമതി മേരിയെ മല്ലപ്പള്ളി സ്വദേശി ശ്രീ പി. എം. മാത്യൂസ് വിവാഹം ചെയ്തു. ഈ കുടുംബം മൈസൂറിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്കു ജോയി, ബേബി, മോഹൻ, അലക്സ്, ബിജു, ബീന എന്നിങ്ങനെ ആറു പുത്രന്മാർ.

### F2 പി. സി. അലക്സാണ്ടർ (ജോർജുകുട്ടി)

മാവേലിക്കര വഴുവാടി കരയംവട്ടത്തു വീട്ടിൽ കോശി ജോർജിൻെറ പുത്രി അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക സോണി അലക്സാണ്ടർ, സോജി അലക്സാണ്ടർ. എന്നീ രണ്ടു പുത്രന്മാർ. ഇരുവരും സ്കൂൾ വിദ്യാർഥികൾ ഇദ്ദേഹം മാവേലിക്കരയിൽ സ്ഥിരതാമസമാക്കി.

### F3 അമ്മിണി ഫിലിപ്പ്

ബുധനൂർ താളയത്തു വീട്ടിൽ ശ്രീ ഫിലിപ്പിൻെറ മകൻ ശ്രീ സണ്ണി ഫിലിപ്പ് വിവാഹം ചെയ്തു.

### ꞁ പി. സി. മത്തായി (ബാബു)

ശ്രീ മത്തായി സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിററി ഫോർസിൽ ജോലിചെയ്യുന്നു. പ്രക്കാനം കാഞ്ഞിരം നില്ക്കു

ന്നതിൽ വീട്ടിൽ ശ്രീ ഗീവർഗീസ് തോമസിൻെറ പുത്രി പൊന്നമ്മയെ വിവാഹം ചെയ്തു. ബിൻസി, ബിബി, ബിബിൻ എന്നിവർ മക്കളാണ്. എല്ലാവരും സ്കൂൾ വിദ്യാർഥികൾ.

F5 പി. സി. ജോസഫ് (സണ്ണി)

കൊഴുവല്ലൂർ തുണ്ടത്തിൽ വീട്ടിൽ ശ്രീമതി റോസമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം ഗൾഫിൽ ജോലിചെയ്യുന്നു. സജു പി. ജോസഫ്, ലിജു പി. ജോസഫ്, ലിജി പി. ജോസഫ് എന്ന് രണ്ട് ആൺമക്കളും ഒരു പെൺകുട്ടിയും. മൂവരും വിദ്യാർഥികളാണ്.

F6 സാറാമ്മ ജോയി (സാലി)

ചാങ്ങമല നാരകംനില്ക്കുന്നതിൽ ശ്രീ ശമുവേലിൻെറ പുത്രൻ ജോയി ശമുവേൽ വിവാഹം കഴിച്ചു. ഇവർക്കു സിനി ജോയി, സിജി ജോയി എന്നീ രണ്ടുമക്കൾ. ഇരുവരും വിദ്യാർഥികളാണ്. ഈ കുടുംബം ഇപ്പോൾ ഒററപ്പാലത്തു താമസിക്കുന്നു.

F7 ഏലിയാമ്മ ജോർജ് (ജോളി)

കോന്നി സ്വദേശി ജോർജ്‌വർഗീസ് വിവാഹം ചെയ്തു. ജിജോ ജോർജ്, വിജി ജോർജ് എന്നിവർ മക്കളാണ്. ഈ കുടുംബം ഇപ്പോൾ തൃശ്ശിനാപ്പള്ളിയിൽ താമസിക്കുന്നു.

F8 സൂസമ്മ രാജു

പുലിയൂർ കരുമ്പോലിൽ ശ്രീ ഉണ്ണൂണ്ണിയുടെ പുത്രൻ ശ്രീ കെ. ഒ. രാജു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക റോംസ് കെ. രാജു എന്ന പുത്രനുണ്ട്.

E5 ഏലിക്കുട്ടി

ചെറുകോൽ കല്ലിക്കോത്തു കിഴക്കേതിൽ ശ്രീ വറുഗീസ് വിവാഹം ചെയ്തു. ബേബി, മോളി, ലീലാമ്മ, അമ്മിണി, സണ്ണി, ജോയി എന്നിവർ മക്കളാണ്.

E6 പി. സി. മാത്യു (കൊച്ചുണ്ണൂണ്ണി)

കേരള പൊതുമരാമത്തുവകുപ്പിൽ ജീവനക്കാരനായി റിട്ടയർ ചെയ്തു. കോട്ടകളഞ്ഞി കുഴിയമ്പുറത്തു വീട്ടിൽ ശ്രീമതി അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മറിയാമ്മ

ഫിലിപ്പ്, സാറാമ്മ മാത്യു, ജേക്കബ് മാത്യു, പി. എം. ചാണ്ടി, ജോളി വർഗീസ്, പി. എം. തോമസ്, മാത്യു മാത്യു എന്നീ നാല് ആൺമക്കളും മൂന്ന പെൺകുട്ടികളും. ഇദ്ദേഹം 1984ൽ നിര്യാതനായി.

F1 മറിയാമ്മ ഫിലിപ്പ് (ബേബി)

കൽക്കട്ടാ വുഡ്ലാൻറ്സ് നേഴ്സിംഗ് ഹോമിൽ അസിസ്റ്റൻറ് മേട്രനായി ജോലി ചെയ്യുന്നു. ഭർത്താവ് ബേബി ഫിലിപ്പ് കൽക്കട്ട, കാസ്ട്രോൾ കമ്പിനിയിൽ ജോലി ചെയ്യുന്നു. ഇദ്ദേഹം മല്ലപ്പള്ളി സ്വദേശി ആണ്. ഈ ദമ്പതികൾക്ക് എബി ഫിലിപ്പ്, ജോബി ഫിലിപ്പ് എന്നീ രണ്ടു പുത്രന്മാർ.

F2 സാറാമ്മ മാത്യു (ലില്ലിക്കുട്ടി)

പതിനാറാമത്തെ വയസ്സിൽ ഇടിമിന്നൽ ആഘാതത്താൽ മരണമടഞ്ഞു.

F3 ജേക്കബ് മാത്യു (ജോയി)

ഇരുപത്തിയഞ്ചാം വയസ്സിൽ കൽക്കട്ടായിൽവച്ച് നിര്യാതനായി.

F4 പി. എം. ചാണ്ടി (രാജു)

കൽക്കട്ടായിൽ കമ്പിനി ഉദ്യോഗസ്ഥനാണ്. ഭാര്യ മറിയാമ്മ പള്ളിപ്പാട്ട് ആളൂർ ഭവനത്തിൽ ശ്രീ കെ. വി. ജോണിന്റെ പുത്രിയാണ്. ജോയൻ ചാണ്ടി മാത്യു (ബിനോ) ഈ ഈ ദമ്പതികളുടെ പുത്രനാണ്.

F5 ജോളി വർഗീസ്

വെണ്മണി വട്ടവേലിൽ ശ്രീ രാജൻ വർഗീസ് വിവാഹം ചെയ്തു. റിജോ മാത്യു വർഗീസ്, ലിജോ മാത്യു വർഗീസ് എന്നിവർ മക്കളാണ്.

F6 പി. എം. തോമസ് (അനിയൻ)

കോട്ടകളഞ്ഞി കൊല്ലന്റെ വടക്കേതിൽ ശ്രീ കരുവിള ചാണ്ടിയുടെ പുത്രി ജോളി തോമസിനെ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ മകൻ ഷാൻ മാത്യു തോമസ് ആണ്. ഇദ്ദേഹം ബിൽഡിംഗ് സൂപ്രവൈസർ ആയി ജോലി ചെയ്യുന്നു.

F7 മാത്യു മാത്യു (സാം)

കൽക്കട്ടയിൽ മാരുതി കമ്പനി ഉദ്യോഗസ്ഥനാണ് കോട്ട കുളഞ്ഞി കോട്ടത്തറയിൽ ശ്രീ കെ. സി. തോമസ്സിന്റെ പുത്രി അന്നാമ്മയെ വിവാഹം ചെയ്തു.

E7 **അന്നമ്മ വർഗീസ്** (തങ്കമ്മ)

മല്ലശ്ശേരി കളർനില്ക്കുന്നതിൽ ശ്രീ വർഗീസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക ത്രേസി, അമ്മിണി എന്നീ രണ്ടു പുത്രിമാർ ഉണ്ട്.

## പ്ളാവുനിൽക്കുന്നതിൽ തയ്യിൽ ശാഖ

D3 **പി. സി. മാത്യു** (മാത്തുക്കുട്ടി)

തിരുവിതാംകൂർ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ അഞ്ചൽ മാസ്റ്ററായും ചെറിയനാട് ഓട്ടാഫീസ് റൈട്ടറായും ജോലി ചെയ്തു. കോട്ടകുളഞ്ഞി സി. എസ്. ഐ. ചർച്ച് വാർഡൻ, ക്വയർ ലീഡർ, സംയുക്ത കൺവൻഷൻ ഭാരവാഹി എന്നീ നിലകളിൽ ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. ഓട്ടാഫീസിലെ ജോലിക്കശേഷം വെട്ടിയാർ ഉപസഭയുടെ ഉപദേശിയായി മരണംവരെ സേവനം ചെയ്തു. മാരാമൺ ചെറുത്തോൺ കുടുംബാംഗം മറിയാമ്മയാണു ഭാര്യ. വിവാഹാനന്തരം പ്ളാവുനില്ക്കുന്നതിൽ തയ്യിൽ വീട്ടിലേക്ക താമസം മാററി. ഈ ദമ്പതികൾക്ക മറിയാമ്മ വർക്കി, പി. എം. ചാണ്ടി, ററി. എം മത്തായി, ററി. എം. തോമസ്, ററി. എം.മാത്യൂസ്, ഏലിയാമ്മ ശമുവേൽ, ബേബി, ററി. എം. ജോൺ, സാറാമ്മ വർഗീസ്, ററി. എം. ജോർജ് എന്നീ പത്തു മക്കൾ. ശ്രീ പി. സി. മാത്യു 1941–ൽ 64–ാം വയസ്സിലും ശ്രീമതി മറിയാമ്മ 1978 സെപ്തംബറിൽ 87–ാം വയസ്സിലും നിര്യാതരായി.

E1 **മറിയാമ്മ വർക്കി**

കോട്ടകുളഞ്ഞി മഞ്ഞാട്ടുവീട്ടിൽ ശ്രീ. എം. സി. വർക്കി വിവാഹം ചെയ്തു. ഇദ്ദേഹം കേരള പൊതു മരാമത്തുവകുപ്പിൽ ഓവർസീയർ ആയി ജോലി ചെയ്തു. ഈ ദമ്പതികൾക്ക് എം. വി. അന്നാമ്മ, എം. വി. മേരിക്കുട്ടി, എം. വി. അലക്സാണ്ടർ, എം. വി. മാത്യു, എം. വി. ജോർജ് എന്നീ അഞ്ചു മക്കൾ. ഇദ്ദേഹം 1983 ൽ 79–ാം വയസ്സിലും ശ്രീമതി മറിയാമ്മ 1992–ൽ 83–ാം വയസ്സിലും നിര്യാതരായി.

എം. വി അന്നാമ്മയെ വെണ്മണിയിൽ കഞ്ചോണത്തിൽ ശ്രീ ഐസക്ക് വിവാഹം ചെയ്തു. ഇദ്ദേഹം സബ് രജിസ്ട്രാറാ

യും അന്നമ്മ ഹെഡ്മിസ്ട്രസ്സായും റിട്ടയർ ചെയ്തു. ഇവർക്ക രണ്ട പെൺമക്കളും രണ്ട് ആൺമക്കളും.

എം. വി. മേരിക്കുട്ടിയെ ചെങ്ങന്നൂരിൽ വിവാഹം ചെയ്തു. ഇവർ തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കി. ഇവർക്ക രണ്ട പെൺമക്കളും രണ്ട് ആൺമക്കളും.

എം. വി. അലക്സാണ്ടർ, കേരള പൊതുമരാമത്ത് വകുപ്പിൽ എക്സിക്യൂട്ടീവ് എൻജിനീയറായി റിട്ടയർ ചെയ്തു. ഭാര്യ പൊന്നമ്മ മുണ്ടൻകാവ് ഏമാൻ തോപ്പിൽ കുടുംബാംഗമാണ്. സി. എസ്. ഐ. ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ്സായി സേവനം ചെയ്യുന്നു. ഇവർക്ക രണ്ട് ആൺമക്കളും ഒരു പെൺകുട്ടിയും.

എം. വി. മാത്യു, ബിഷപ്പ് മൂർ കോളേജ് അക്കൗണ്ടൻറായി റിട്ടയർ ചെയ്തു. ഭാര്യ ആലീസ് കരിപ്പുഴ സ്വദേശിയാണ്. ഈ ദമ്പതികൾക്ക രണ്ട് ആൺ മക്കൾ.

എം. വി. ജോർജ് M.Sc തിരുവനന്തപുരം സെൻറ് തോമസ് റസിഡൻഷ്യൽ സ്കൂൾ വൈസ് പ്രിൻസിപ്പൽ ആണ്. ഭാര്യ കൊച്ചുമോൾ B.Sc, കുമരകം സ്വദേശിയാണ്. ഇവർക്ക രണ്ട് ആൺമക്കൾ മാത്രം.

## E2 പി. എം. ചാണ്ടി (കുഞ്ഞുകുട്ടി)

കാവനാൽ, നെല്ലിയാമ്പതി ഈ തോട്ടങ്ങളിൽ സേവനത്തിനു ശേഷം നെന്മാറയിൽ സ്ഥിരതാമസമാക്കി. പത്തനംതിട്ട നെല്ലിമൂട്ടിൽ ശ്രീ ജോർജിൻെറ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു, സി. മാത്യു, സി. ജോൺ, സി. തോമസ്, സി. ജോർജ്, ആലീസ്, സാലി എന്നീ ആറുമക്കൾ.

### F1 സി. മാത്യു M. Sc

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ്, ദോഹ എയർവേസ് എന്നിവിടങ്ങളിലെ സേവനത്തിനുശേഷം വടക്കാഞ്ചേരിയിൽ സ്ഥിരതാമസമാക്കി. വടക്കാഞ്ചേരി സ്വദേശിനി സാലി B.Sc. യെ വിവാഹംചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും. ഇരുവരും വിദ്യാർഥികളാണ്.

### F2 സി. ജോൺ

ഇൻഡ്യൻ മിലിററിസേവനത്തിനുശേഷം കൊടക്കൽ സി. എസ്. ഐ. ഹോസ്പിററലിൽ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് ആയിരിക്കെ 1993 ജനുവരിയിൽ 49-ാം വയസ്സിൽ നിര്യാതനായി. വടക്കാഞ്ചേരി സ്വദേശിനി ശോശാമ്മയെ വിവാഹം ചെയ്തു. ഇവർ കൊടക്കൽ സി. എസ്. ഐ.

ഹോസ്പിററൽ മേട്രനായി സേവനം ചെയ്യുന്നു. ഈ ദമ്പതികൾക്ക ബിന്ദു എന്ന പുത്രിയും ഷെജി എന്ന പുത്രനും ഉണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

F3 സി. തോമസ് B.Sc

ദോഹയിൽ കമ്പനി ഉദ്യോഗസ്ഥനായിരുന്നു. പാലക്കാട്ട സ്ഥിരതാമസമാക്കി. തൃശൂർ സ്വദേശിനി ഓമന B.Sc B.Ed നെ വിവാഹം ചെയ്തു. ഇവർ പാലക്കാട്ട സ്കൂൾ അദ്ധ്യാപികയാണ്. ഒരു മകനും ഒരു മകളും ഉണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

F4 സി. ജോർജ്

സ്വന്തമായി ബിസിനസ് നടത്തുന്നു. അങ്കമാലി സ്വദേശിനി ഷൈലിയെ വിവാഹം ചെയ്തു. ഇവർ നേഴ്സായി സേവനം ചെയ്യുന്നു. ഇവർക്ക ജിനു എന്ന് ഒരു പുത്രിയും ഒരു പുത്രനും ഉണ്ട്.

5 ആലീസ്

തൃശൂർ സ്വദേശി കുഞ്ഞുമോൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രിയും ഒരു പുത്രനും ഉണ്ട്.

F6 സാലി

നെന്മാറ സ്വദേശി വറുഗീസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക രണ്ട പുത്രന്മാർ.

E3 ററി. എം. മത്തായി (ജോർജ്)

ഇദ്ദേഹം കേരള പൊതുമരാമത്തു വകുപ്പിൽ ജോലിക്കാരനായിരുന്നു. പേരശ്ശേരി കല്ലൂത്തറയിൽ ശ്രീ ഉമ്മൻ കോശിയുടെയും ശ്രീമതി മറിയാമ്മ ഉമ്മൻെറയും പുത്രി ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മേരിക്കുട്ടി കോശി, ററി. മാത്യു, മറിയാമ്മ അലക്സാണ്ടർ, ശോശാമ്മ ഐപ്പ് എന്നീ മൂന്നു പെൺമക്കളും ഒരു മകനും ഉണ്ട്. ഇദ്ദേഹം 1984–ാം ആണ്ടിൽ 70–ാം വയസ്സിൽ നിര്യാതനായി.

**F1 മേരിക്കുട്ടി കോശി**

മാരാമൺ ചിറയിറമ്പ് മാലേത്തു കോശി വിവാഹം ചെയ്തു. ഇദ്ദേഹം സ്വന്തമായി ബിസിനസ് നടത്തുന്നു. ഈ ദമ്പതികൾക്ക് ഷീനാ, റീനാ എന്നീ രണ്ടു പെൺമക്കൾ. ഷീനായെ ചാത്തങ്കരിയിലും റീനായെ കുമ്പനാട്ടും വിവാഹം കഴിച്ചു.

**F2 റ്റി. മാത്യു (ബേബി)**

ബിഷപ് മൂർ കോളേജ് ഓഫീസ് ക്ളർക്കായി ജോലി ചെയ്യുന്നു. വന്മഴി പുതിയോട്ടു ശ്രീ പി. എം. മാത്യൂസിന്റെയും ഏലിയാമ്മയുടെയും പുത്രി സൂസമ്മ മാത്യുവിനെ വിവാഹം ചെയ്തു. സൂസമ്മ മാത്യു കോട്ടുകുളഞ്ഞി സി. എം. എസ്. സ്കൂൾ അദ്ധ്യാപികയാണ്. സൂബി എലിസബേത്ത് മാത്യു, മേഴ്സി മാത്യു, മാത്യു മാത്യു എന്നിവർ മക്കളാണ്. ഇവർ മൂവരും വിദ്യാർത്ഥികളാണ്. വൈ. എം. സി. എ. കമ്മിററി, സണ്ടേസ്കൂൾ സെക്രട്ടറി, ചർച്ച് കമ്മിററി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

**F3. മറിയാമ്മ അലക്സാണ്ടർ (അമ്മിണി)**

വഴുവാടി തോപ്പിൽ വീട്ടിൽ റ്റി. ജോർജിന്റെയും ശ്രീമതി മറിയാമ്മയുടെയും മകൻ ജി. അലക്സാണ്ടർ വിവാഹം ചെയ്തു. അലക്സാണ്ടർ ഹൈസ്കൂൾ ക്ളർക്കായും മറിയാമ്മ ടീച്ചറായും ജോലി ചെയ്യുന്നു. ഇവർക്ക് എബി അലക്സാണ്ടർ, സിബി അലക്സാണ്ടർ, സുബി അലക്സാണ്ടർ എന്ന മൂന്നു മക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

**F4 ശോശാമ്മ ഐപ്പ് (സൂസി)**

പുന്നമൂട് സ്വദേശി തോമസിന്റെ മകൻ ശ്രീ ഐപ്പ് തോമസ് വിവാഹം ചെയ്തു. ഇവർക്കു ബിജോയ് ഐപ്പ്, ബിനോയ് ഐപ്പ് എന്നു രണ്ടു പുത്രന്മാർ. ഈ കുടുംബം ഇപ്പോൾ മദ്രാസിൽ താമസിക്കുന്നു.

## E4. റ്റി. എം. തോമസ്

കോട്ടുകുളഞ്ഞി സി. എം. എസ്സ്. സ്കൂൾ അദ്ധ്യാപകനായിരുന്നു. കോട്ടുകുളഞ്ഞി വൈ. എം. സി. എ. സ്ഥാപകാംഗവും ദീർഘകാലം വൈ. എം. സി. എ. പ്രവർത്തകനും ആയിരുന്നു. പൂവത്തൂർ ഉപ്പാന്തോട്ടത്തിൽ ചാക്കോയുടെ പുത്രി സാറാ

മ്മയാണു ഭാര്യ. ശ്രീമതി സാറാമ്മയും കോടുകുളഞ്ഞി സി. എം. എസ്സ്. സ്കൂൾ അദ്ധ്യാപിക ആയിരുന്നു. ഇവർക്ക് ലീലാമ്മ, വത്സമ്മ, എലിസബേത്ത് എന്ന് മൂന്നു പുത്രിമാർ. ഈ കുടുംബം ചെറിയനാട്ട് താമസമാക്കി. ശ്രീ തോമസ് 1983ൽ 64-ാം വയസ്സിൽ നിര്യാതനായി.

F1 മേരി സഖറിയ (ലീലാമ്മ) B.A

കോഴഞ്ചേരി പുന്നക്കാട്ട് മുണ്ടതെങ്ങിൽ ശ്രീ സഖറിയ വക്കി B. A. വിവാഹം ചെയ്തു. ആൻഡമാനിൽ അദ്ധ്യാപകരാണ്. ബിജു, സിജു എന്നിവർ മക്കളാണ്.

F2 വത്സമ്മ ജോർജ് B.A.BEd

പത്തനംതിട്ട ളൂതപറമ്പിൽ ശ്രീ റ്റി. എം ജോർജ് വിവാഹം ചെയ്തു. ഇദ്ദേഹം സ്വന്തമായി ബിസിനസ്സ് നടത്തുന്നു. വൽസമ്മ കുമ്പനാട്ട് ബ്രദറൻ ഹൈസ്കൂളിൽ അദ്ധ്യാപികയാണ്. ഷിബു, സിനി എന്നിവർ മക്കളാണ്.

F3 എലിസബേത്ത് ജോഷ്വാ (സൂസി) B.A,BEd

ഹരിപ്പാട് കാരിച്ചാൽ മേക്കാട് ജോഷ്വാ വിവാഹം കഴിച്ചു. ഇദ്ദേഹം സ്വന്തമായി ബിസിനസ്സ് നടത്തുന്നു. സൂസി മാവേലിക്കര ബി. എച്ച്. ഹൈസ്കൂൾ അദ്ധ്യാപികയാണ്. മെറീനാ ജോഷ്വാ, ജെറിൻ ജോഷ്വാ എന്നിവർ മക്കളാണ്.

## E5 പി. എം. മാത്യൂസ് (കുഞ്ഞുകുഞ്ഞ്)

ഇദ്ദേഹം ഇൻഡ്യൻ കരസേനയിലും ബോംബെയിൽ ഹിന്ദുസ്ഥാൻ ലീവറിൽ ഫോർമേനായും ജോലി ചെയ്തു. പുനലൂർ ഗോഡൗൺ കോട്ടേജിൽ ശ്രീ ജോസഫിൻെറ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഈ കുടുംബം ബോംബയിൽ സാന്താക്രൂസിൽ സ്ഥിരതാമസമാണ്. ഈ ദമ്പതികൾക്ക് ഡോ.വത്സ, ഉഷ, ജോളി, രാജു എന്നീ 4 മക്കൾ ഉണ്ട്.

1976 ൽ 56-ാം വയസ്സിൽ ഹിന്ദുസ്ഥാൻ ലീവറിൽഫോർമേനായിരിക്കെ മരണമടഞ്ഞു.

1 ഡോ. വത്സ M. B. B. S.

ബോംബയിൽ സേവനം ചെയ്യുന്നു. ബോംബയിൽ ബാങ്ക് ഓഫീസറായ ജോർജ് വിവാഹം ചെയ്തു. ഇവർക്കു രണ്ടു കുട്ടികൾ ഉണ്ട്.

F2 ജോളി മാത്യു B·Sc

ഇദ്ദേഹം കെമിസ്റ്ററായി ജോലി ചെയ്യുന്നു. ഗോവാ സ്വദേശിനിയാണ് ഭാര്യ. ഇവർക്ക് രണ്ടു കുട്ടികൾ ഉണ്ട്.

F3 ഉഷ M.A.

ബോംബയിൽ കാനറാ ബാങ്ക് ഉദ്യോഗസ്ഥയാണ്. ബോംബെ സ്വദേശി കാനറാബാങ്ക് ഓഫീസറാണ് ഭർത്താവ്. ഇവർക്ക് ഒരു കുട്ടി ഉണ്ട്.

F4 രാജു B·Sc

സ്വന്തമായി ബോംബയിൽ ബിസിനസ്സ് നടത്തുന്നു. ഭാര്യ ബോംബെ സ്വദേശിനിയും ഉദ്യോഗസ്ഥയും ആണ്. ഇവർക്ക് ഒരു കുട്ടി ഉണ്ട്.

## E6 ഏലിയാമ്മ ശാമുവേൽ (തങ്കമ്മ)

കൊട്ടാരക്കര കലയപുരം കുമ്പിക്കോട്ടുകുഴിയിൽ ശ്രീ സാമു വേൽ മത്തായി വിവാഹം ചെയ്തു. ഇദ്ദേഹം കോട്ടുകുളഞ്ഞി ജോൺ മെമ്മോറിയൽ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. ഈ ദമ്പതികൾക്ക് രാജു, വിജയൻ, ബാബു, അച്ചൻകുഞ്ഞ്, ജോയി എന്ന് അഞ്ചു പുത്രന്മാർ.

കെ. എസ്സ്. മാത്യു (രാജു)

ഇദ്ദേഹം ദക്ഷിണ റയിൽവേയിൽ ഉദ്യോഗസ്ഥനും, ഭാര്യ തങ്കമ്മ അദ്ധ്യാപികയും ആണ്. ഇവർക്ക് ഒരാണും ഒരു പെണ്ണും കുട്ടികൾ.

കെ. എസ്സ്. ജോൺ (ബാബു)

ഇദ്ദേഹം ഗുജറാത്തിൽ റീജനൽ എൻജിനീയറിംഗ് കോളേജിൽ ചീഫ് അക്കൗണ്ടൻറായും ഭാര്യ കുഞ്ഞുമോൾ നേഴ്സിംഗ് സൂപ്രണ്ടായും ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകൻ മാത്രം.

കെ. എസ്സ്. ശാമുവേൽ (വിജയൻ)

ഇദ്ദേഹം ഗൾഫിൽ ജോലിയിലും ഭാര്യ കൊട്ടാരക്കരയിൽ അദ്ധ്യാപികയുമാണ്. ഇവർക്ക് ഒരു പെണ്ണും ഒരു ആണും മക്കൾ.

കെ. എസ്. ഫിലിപ്പ് (അച്ചൻകുഞ്ഞ്)

ഇദ്ദേഹം ഗൾഫിൽ ജോലി ചെയ്യുന്നു. ഭാര്യ കുഞ്ഞുമോൾ. ഇവർക്ക് ഒരു പെണ്ണും ഒരു ആണും കുട്ടികൾ.

ജോയി വിവാഹിതനാണ്. ഒരു പെൺകുട്ടിയും ഉണ്ട്.

E7 ബേബി

12-ാം വയസ്സിൽ മരണമടഞ്ഞു.

## E8 റ്റി. എം. ജോൺ (കൊച്ചുണ്ണൂണ്ണി)

ഇദ്ദേഹം ബോംബയിൽ കമ്പനി ഉദ്യോഗസ്ഥനായി റിട്ടയർ ചെയ്തു. ബോംബെ ചെമ്പൂർ എന്ന സ്ഥലത്തു സ്ഥിരതാമസമാക്കിയിരിക്കുന്നു. കൊല്ലം ആശ്രാമം കാവലുതറയിൽ ശ്രീമതി ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഗീത, ബിനോയ് എന്ന് രണ്ടു മക്കൾ.

F1 ഗീത

ഗീതയെ പുന്തലപ്യാരിതെക്കേതിൽ ശ്രീ ജോർജിന്റെ മകൻ മാത്യു ജോർജ് വിവാഹം കഴിച്ചു. ഇദ്ദേഹം കുവൈറ്റിൽ ഗവൺമെന്റ് ജീവനക്കാരനാണ്. ഈ ദമ്പതികൾക്ക റിനി, റീനാ എന്നു രണ്ടു പെൺകുട്ടികൾ. ഇരുവരും വിദ്യാർത്ഥികൾ.

F2 ബിനോയ് (മാത്യു ജോൺ)

ഇദ്ദേഹം മഹാരാഷ്ട്ര റോഡ് വേയ്സിൽ സൂപ്രവൈസറായി ജോലി ചെയ്യുന്നു. ഭാര്യ പ്രിൻസി പരുമല സ്വദേശിയും ബോംബയിൽ കമ്പിനി ഉദ്യോഗസ്ഥയുമാണ്.

## E9 സാറാമ്മ വർഗീസ്

കുമ്പനാട്ട് അടപ്പനാംകണ്ടത്തിൽ ശ്രീ തോമസിന്റെ മകൻ വർഗീസ് തോമസ് വിവാഹം ചെയ്തു. ഇദ്ദേഹം ദോഹയിൽ British Bank of the Middle Eastലും സാറാമ്മ അദ്ധ്യാപികയും ആയിരുന്നു. ഈ ദമ്പതികൾക്ക ബാബു എന്ന ഏക മകൻ.

എ. വി. തോമസ് (ബാബു)

ദോഹയിൽBritish Bank of the Middle Eastൽ Technical Serviceൽ officer in Charge ആണ്. ഭാര്യ മേഴ്സി തിരുവനന്തപുരത്തു

ജോർജ്ജുശാസ്ത്രിയുടെമകളും ദോഹയിൽഉദ്യോഗസ്ഥയുമാണ്. ഈ ദമ്പതികൾക്ക് ഒരു പെണ്ണും, ഒരു ആണും മക്കൾ. റീന, റോണി ഇവർ വിദ്യാർത്ഥികളാണ്.

E10 റ്റി. എം. ജോർജ് (അനിയൻ)

കേരളസർക്കാരിൽ ആരോഗ്യവകുപ്പിൽ ഗസററഡ് ഓഫീസറായി ജോലി ചെയ്തു റിട്ടയർ ചെയ്തു. ഭാര്യ മറിയാമ്മ തിരുവല്ല പെരുംതുരുത്തി ചിറേറട്ട് എബ്രഹാമിൻെറയും ഏലിയാമ്മയുടെയും പുത്രിയാണ്. കോട്ടകുളഞ്ഞി സി. എം. എസ്സ്. സ്കൂൾ അദ്ധ്യാപികയായി റിട്ടയർ ചെയ്തു. ശ്രീ ജോർജ് അനേകകാലം വൈ. എം. സി. എ. പ്രവർത്തനത്തിലും, ബി. ജെ. എസ്സ്. എം. ഹോസ്പിററൽ അഡ്മിനിസ്ട്രേറററായും സി. എസ്സ്. ഐ. ക്രൈസ്ററ് ചർച്ച് കമ്മിററിഅംഗം, സെക്രട്ടറി എന്ന നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഈ ദമ്പതികൾക്ക ബീനാ, ലീനാ, ബിജു, ബിന്ദു എന്നീ നാലു മക്കൾ.

F1 ബീന തോമസ് (ബീന) M.A.

തടിയൂർ അഴകത്തുവീട്ടിൽ മാത്യുവിൻെറ മകൻ തോമസ് മാത്യു വിവാഹം ചെയ്തു. ഇദ്ദേഹം ഭൂട്ടാൻ ഗവ. സർവീസിൽ അസിസ്ററൻറ് എൻജിനീയറാണ്. ഈ ദമ്പതികൾക്കു ബെൻസി എലിസബേത്ത് തോമസ് എന്ന ഒരു പുത്രി ഉണ്ട്.

F2 ലീന സജി ജേക്കബ് (ലീന) M.A. B.Ed

തിരുവല്ല മാവേലിൽ ജേക്കബിൻെറ മകൻ സജി ജേക്കബ് വിവാഹം ചെയ്തു. ഇദ്ദേഹം മർച്ചൻറ് നേവിയിൽ ഓഫീസറാണ്. ലീന അദ്ധ്യാപികയായി സേവനം ചെയ്യുന്നു. ഈ ദമ്പതികൾക്കു ഷെർലിൻ ഹന്ന സജി എന്ന ഒരു മകൾ.

F3 ബിജു എം. ജോർജ് (ബിജു) M.Com
ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു.

F4 ബിന്ദു എം. ജോർജ് B.Sc (ബിന്ദു)
മാവേലിക്കരയിൽ B.Ed നു പഠിക്കുന്നു.

# പ്ളാവുനിൽക്കുന്നതിൽ കിഴക്കേതിൽ (തൊടുവയിൽ)

## D4 പി. സി. നൈനാൻ (കൊച്ചൻ)

കോട്ടകുളഞ്ഞി പള്ളത്തു കിഴക്കേതിൽ ശ്രീമതി കാണ്ടമ്മയെ വിവാഹം ചെയ്തു. ശ്രീ നൈനാൻ 1962–ൽ 70–ാം വയസ്സിലും 1960–ൽ കാണ്ടമ്മയും മരിച്ചു. ഈ ദമ്പതികൾക്ക പാപ്പി, കുഞ്ഞുഞ്ഞ്, പൊടി, കൊച്ചുണ്ണൂണ്ണി, ബേബി എന്ന് അഞ്ചു പുത്രന്മാർ.

## E1 പി. എൻ. ചാണ്ടി (പാപ്പി)

പള്ളിപ്പാട്ട തയ്യിൽ വീട്ടിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ശ്രീ ചാണ്ടി 1987–ൽ 72–ാം വയസ്സിലും 1961–ൽ മറിയാമ്മയും മരിച്ചു. ഈ ദമ്പതികൾക്ക ഗ്രേസി, അന്നാമ്മ, സാം, കുഞ്ഞുമോൾ, ബാബു, അലക്സ് എന്ന് ആറു മക്കൾ. ഇദ്ദേഹം പെന്തക്കോസ്തു വിശ്വാസിയും സുവിശേഷകനും ആയിരുന്നു.

F1 പി. സി. ഗ്രേസി (കുഞ്ഞുമോൾ)

അവിവാഹിതയും സുവിശേഷ പ്രവർത്തകയും ആണ്.

F2 പി. സി. അന്നാമ്മ (മോളി)

അവിവാഹിതയും സുവിശേഷപ്രവർത്തകയുമാണ്.

F3 പി. ശമുവേൽ ചാണ്ടി (സാംകുട്ടി)

തലവടി മുണ്ടകത്തിൽ വീട്ടിൽ ശ്രീ തങ്കമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം കുവൈററിൽ കമ്പനി ജോലിയും തങ്കമ്മ നേഴ്സായും ജോലി ചെയ്യുന്നു. ഇവർ കോയമ്പത്തൂരിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്ക സോളി, സണ്ണി എന്നീ രണ്ട പുത്രന്മാർ.

F4 സാറാമ്മ ജോൺ (രൂത്ത്)

മൂവാററുപുഴ നെല്ലാട്ട കക്കാട്ടിൽ പുത്തൻവീട്ടിൽ ശ്രീ കെ. വി. തോമസിൻെറ പുത്രൻ ജോൺ കെ. തോമസാണു ഭർത്താവ്. ഇദ്ദേഹം ന്യൂയോർക്കിൽ കമ്പനി ജോലിയും രൂത്തു നേഴ്സും ആണ്. റേറാണി, സോണി എന്നിവർ പുത്രന്മാരാണ്.

F5 പി. സി. ബഞ്ചമിൻ (ബാബു) B.Com

റാന്നി സ്വദേശിനി ജൂലിയററ് മേഴ്സി M. A. യെ വിവാഹം ചെയ്തു. ഇദ്ദേഹം കുവൈററിലെ ജോലിക്കശേഷം സേലത്തു സ്ഥിരതാമസമാക്കുകയും സ്വന്തമായി ബിസിനസ്സ് നടത്തുകയും ചെയ്യുന്നു. ശ്രീമതി ജൂലിയററ് മേഴ്സി സേലത്തു ബാങ്ക് ഓഫീസറാണ്. ഈ ദമ്പതികൾക്ക ബെൻസൺ എന്നൊരു പുത്രനുണ്ട്.

F6. പി. അലക്സാണ്ടർ ചാണ്ടി (അലക്സ്)

ബോംബെയിൽ താനാ– മീറാ വില്ലേജിൽ ശ്രീ അലക്സാണ്ടറുടെ പുത്രി ഗേളിയെ വിവാഹം ചെയ്തു. ഇദ്ദേഹം ന്യൂയോക്കിൽ ജോലി ചെയ്യുന്നു. ശ്രീ ഗേളി അലക്സാണ്ടർ B·Sc (Nursing) ന്യൂയോർക്കിൽ നേഴ്സാണ്. ഈ ദമ്പതികൾക്കു ജെയ്സൺ, ജോഷ്വാ, ജോയൽ എന്നിങ്ങനെ മൂന്നു പുത്രന്മാർ.

E2 **പി· എൻ· തോമസ്** (കുഞ്ഞൂഞ്ഞ്)

പൂന്തല സ്വദേശിനി സാറാമ്മയെ വിവാഹം കഴിച്ചു. ഇദ്ദേഹം പെന്തക്കോസ്തു വിശ്വാസിയും സുവിശേഷ പ്രവർത്തകനുമാണ്. ഇവർ തിരുവല്ല പുഷ്പഗിരി ആസ്പത്രിക്ക സമീപം സ്ഥിരതാമസമാണ്. ഇവർക്ക ഗ്രേസി, സണ്ണി, ജോയി, ലിസ്സി എന്നിങ്ങനെ നാലു മക്കൾ.

F1 ഗ്രേസി വർഗീസ്

വെണ്മണി പഴൂർ വീട്ടിൽ ജോയി വർഗീസ് വിവാഹം ചെയ്തു. എൽസി, റെജി, ബിജു എന്നിവർ മക്കളാണ്.

F2 സണ്ണി

ഗൾഫിൽ ജോലിയാണ്.

F3 ജോയി

സ്വന്തമായി ബിസിനസ്സ് നടത്തുന്നു.

F4 ലിസി

വിദ്യാർത്ഥിനിയാണ്.

E3 **പി· എൻ· ജോസഫ്** (പൊടിയൻ)

കോഴഞ്ചേരി തെക്കേമല സ്വദേശിനി തങ്കമ്മയെ വിവാഹം ചെയ്തു. ഇവർ തൃശൂർ പീച്ചിയിൽ സ്ഥിരതാമസമാണ്.

നൈനാൻ ജോസഫ്, ലിസ്സി വർഗീസ്, പി. ജെ. രാജു, മിനു, സൂസി വീനസ്, പി. ജെ. തോമസ് എന്നിവർ മക്കളാണ്. ഇദ്ദേഹം 1980–ൽ മരണമടഞ്ഞു.

F1 നൈനാൻ ജോസഫ് (ജോയി)

പെരുമ്പാവൂർ ആററുകാലിൽ കുര്യാക്കോസിന്റെ മകാം സൂസനെ വിവാഹം ചെയ്തു. ഈ ദമ്പതികാംക്ക് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. ഇദ്ദേഹം 1990–ൽ മരണമടഞ്ഞു.

F2 ലിസ്സി വർഗീസ്

നീർവിളാകം കുഴങ്ങാട്ട വടക്കേതിൽ ശ്രീ കെ. വർഗീസ് (ബാബു) വിവാഹം ചെയ്തു. ഈ ദമ്പതികാംക്ക സുനു, ബിനു എന്നീ രണ്ട പുത്രന്മാർ.

F3 പി. ജെ. രാജു

നെല്ലിക്കന്നം സ്വദേശിനി മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികാംക്ക് ഒരു പുത്രൻ. ഇദ്ദേഹം സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു.

F4 മിനു

തൃശൂർ സ്വദേശിനി ജാൻസിയെ വിവാഹം ചെയ്തു.

F5 സൂസി വീനസ്സ്

തൃശൂർ സ്വദേശി വീനസ്സ് വിവാഹം ചെയ്തു.

F6 പി. ജെ. തോമസ് (ബേബി)

E4 **പി. എൻ. മാത്യു** (കൊച്ചൂണ്ണൂണ്ണി)

കൊല്ലകടവ് ആഞ്ഞിലിമൂട്ടിൽ ശ്രീ എ. കെ. ദാനിയേലിന്റെയും ശ്രീമതി റിബേക്കായുടെയും പുത്രി കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികാംക്ക റൂബി, മോഹൻ, സുനു എന്നിങ്ങനെ മൂന്നു മക്കാം. ഇദ്ദേഹം ഇൻഡ്യൻ കരസേന, ഗാംഫ് എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്.

F1 നൈനാൻ മാത്യു (മോഹൻ)

മാവേലിക്കര പുതിയകാവ് കല്ലറയ്ക്കൽ വീട്ടിൽ ശ്രീ കെ. ഫിലിപ്പോസിന്റെയും ശ്രീമതി മറിയാമ്മയുടെയും പുത്രി അച്ചാമ്മ (ബിന്ദു) വിനെ വിവാഹം ചെയ്തു. ഈ ദമ്പതികാംക്ക നിതിൻ എന്നൊരു മകൻ ഉണ്ട്. ഇദ്ദേഹം ഗാംഫിൽ ജോലി ആണ്.

F2 ലാലു മോനച്ചൻ (റൂബി) B.Sc

മാവേലിക്കര പല്ലാരിമംഗലം തുണ്ടിയിൽ ശ്രീ കൊച്ചുമ്മ ന്റെയും ശ്രീമതി പെണ്ണമ്മയുടെയും പുത്രൻ ശ്രീ കെ. മോന ച്ചൻ വിവാഹം ചെയ്തു. ഇദ്ദേഹം ന്യൂയോർക്കിൽ കമ്പനി ജോലിയും റൂബി കെമിസ്ററായും ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്കു മെൽവിൻ മോനച്ചൻ, ആൽവിൻ മോനച്ചൻ എന്നിങ്ങനെ രണ്ടു പുത്രന്മാർ.

F3 സുനു മാത്യു B.Sc

ഇപ്പോൾ നഴ്സിംഗ് പഠിച്ചുകൊണ്ടിരിക്കുന്നു.

## E5 പി. എൻ. വർഗീസ്

ചെങ്ങന്നൂർ പറമ്പത്തൂർ വീട്ടിൽ ശ്രീ തോമസ്സിന്റെ പുത്രി തങ്കമ്മയെ വിവാഹം കഴിച്ചു. ഇദ്ദേഹം ഇൻഡ്യൻ കരസേന ഉദ്യോഗസ്ഥനും, തങ്കമ്മ അദ്ധ്യാപികയും ആയി രുന്നു. ഈ ദമ്പതികൾക്ക ഷാജി വർഗീസ്, ഷീജാ സാം, ഷിജു വർഗീസ് എന്നു മൂന്നു മക്കൾ. ഇവർ ചെങ്ങന്നൂരിൽ സ്ഥിര താമസമാക്കി.

F1 ഷാജി വർഗീസ്

മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുന്നു.

F2 ഷീജാ സാം B.Sc

തിരുവല്ല കുളക്കാട്ടു ചെല്ലിരിക്കൽ വീട്ടിൽ സി. എ. ജോണിന്റെ പുത്രൻ സാം ജോൺ വിവാഹം ചെയ്തു.

F3 ഷിജു വർഗീസ്

മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുന്നു.

## D5 അന്നാമ്മ കുഞ്ഞച്ചൻ

ശ്രീമതി അന്നാമ്മയെ പള്ളിക്കൽ സ്വദേശി കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക പാപ്പി, കുട്ടി, മറിയാമ്മ എന്നിങ്ങനെ മൂന്നു മക്കൾ.

D6 ഏലിയാമ്മ

ശ്രീമതി ഏലിയാമ്മയെ തലവടി പൂവക്കാട്ടു വിവാഹം ചെയ്തു. ചാക്കോ, പാപ്പി എന്നിങ്ങനെ രണ്ടു പുത്രന്മാർ.

## D7 സാറാമ്മ ജോസഫ്

കോടുകുളഞ്ഞി കാഞ്ഞിരക്കൽ വടക്കേതിൽ ജോസഫ് (കുഞ്ഞച്ചൻ) വിവാഹം ചെയ്തു. ഇദ്ദേഹം സി. എം. എസ്. സ്കൂൾ അദ്ധ്യാപകനും, ഉപദേശിയും ആയിരുന്നു. ശ്രീ ജോസഫ് 1972ലും ശ്രീമതി സാറാമ്മ 1987ലും മരണമടഞ്ഞു. ഈ ദമ്പതികൾക്ക Rev. കെ. ജെ. ജോൺ L. T. H. കെ. ജെ. ചാണ്ടി, മറിയാമ്മ ചെറിയാൻ, കെ. ജെ. മാത്യു എന്നിങ്ങനെ നാലു മക്കൾ. റവ. കെ. ജെ. ജോൺ സി. എസ്. ഐ. വൈദി കനായും, കെ. ജെ. ചാണ്ടി പോസ്ററുമാസ്റററായും, കെ. ജെ. മാത്യു കോടുകുളഞ്ഞി ആസ്പത്രി ജീവനക്കാരനായും സേവനം ചെയ്തിട്ടുണ്ട്. മറിയാമ്മ ചെറിയാനെ മേലുകര മുളപ്പമണ്ണിൽ വിവാഹം കഴിച്ചു.

## കൊച്ചുപ്ലാവിളയിൽ ശാഖ

## D8 പി. സി. തോമസ് (കൊച്ചൂട്ടി)

പ്ലാവുനിൽക്കുന്നതിൽ കുടുംബശാഖയിൽ തന്റെ തലമുറ യിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയാണ്. 103 വയസ്സു പ്രായം ഉണ്ട്. ഇടവക്കാട്ടു ചെറുവള്ളിൽ വീട്ടിൽ ശ്രീമതി ഏലിയാമ്മ തോമസാണ് ഭാര്യ. ശ്രീമതി ഏലിയാമ്മ 1976ൽ 75–ാം വയസ്സിൽ നിര്യാതയായി. കുഞ്ഞൂഞ്ഞ്, കൊച്ചുണ്ണൂണ്ണി, തങ്കമ്മ, കുഞ്ഞുമോൾ എന്നിവർ മക്കളാണ്.

## E1 കെ. റ്റി. ചാണ്ടി (കുഞ്ഞൂഞ്ഞ്)

ഹരിപ്പാട് മുട്ടം വരിക്കോലി കിഴക്കേതിൽ ഉമ്മൻ ഗീവറു ഗീസിന്റെയും ശ്രീമതി റാഹേലിന്റെയും മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്കു ബാബു, സണ്ണി, സൂസൻ, ജോസ്, റെയ്ച്ചൽ, ബ്ലസ്സൻ, ലാലി എന്നിങ്ങനെ ഏഴു മക്കൾ. ഇദ്ദേഹം ആററമിക്ക് എനർജിയിൽ ഡ്രൈവറായി സേവനം ചെയ്തിട്ടുണ്ട്.

### F1 തോമസ് ചാണ്ടി (ബാബു)

ഗോസ്പൽ ഫോർ ഏഷ്യയിൽ സുവിശേഷ പ്രവർത്തനം ചെയ്യുന്നു. നിരണം പുള്ളിപ്പടവിൽ കുര്യന്റെയും ശ്രീമതി ചിന്നമ്മയുടെയും പുത്രി മേരി തോമസിനെ വിവാഹം ചെയ്തു. അബി എലിസബേത്ത് തോമസ് എന്ന ഒരു പുത്രിയും ഒരു പുത്രനും ഉണ്ട്.

F2 ജോൺചാണ്ടി (സണ്ണി)

പെണ്ണുക്കര പുതുവാക്കമോടിയിൽ ശ്രീമതി സാറാമ്മ ജോണിനെ വിവാഹം ചെയ്തു. ആൻസി ജോൺ ഈ ദമ്പതികളുടെ പുത്രിയാണ്.

F3 സൂസൻ ചാണ്ടി

ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു.

F4 ജോസ് ചാണ്ടി

പൂനായിൽ ജോലി ചെയ്യുന്നു,

F5 റെയിച്ചൽ ചാണ്ടി (ജസ്സി)

പൂനായിൽ ജോലിചെയ്യുന്നു.

F6 ബ്ലെസ്സൻ ചാണ്ടി

പൂനായിൽ ജോലിചെയ്യുന്നു.

F7 ലാലി ചാണ്ടി

വിദ്യാർഥിനിയാണ്.

E2 **കുരുവിള തോമസ്** (കൊച്ചുന്നൂണ്ണി)

കൊഴുവല്ലൂർ ചെട്ടിയാരേത്ത് കോശിചാക്കോയുടെയും ശ്രീമതി മറിയാമ്മയുടെയും പുത്രി ഏലിയാമ്മയെ വിവാഹം ചെയ്തു. ഏലിയാമ്മ വർഗീസ്, ഗ്രേസി തോമസ്,സാറാമ്മ, സജി എന്നിവർ മക്കളാണ്.

F1 ഏലിയാമ്മ വർഗീസ് (മോളമ്മ)

കല്ലിശ്ശേരി പ്ളാമ്പറമ്പിൽ വർക്കിയുടെയും മറിയാമ്മയുടെയും പുത്രൻ പി. വി. വർഗീസ് വിവാഹം ചെയ്തു. പ്രിയ വർഗീസ് എന്നൊരു പുത്രിയുണ്ട്.

F2 ഗ്രേസി തോമസ്

തുമ്പമൺ തെക്ക് തുമ്പിനായിൽ വീട്ടിൽ ജോർജ് തോമസിന്റെ പുത്രൻ തോമസ് ജോർജ് വിവാഹം ചെയ്തു, തോമസ് ഇൻഡ്യൻ കരസേനയിൽ ജോലി ചെയ്യുന്നു. ജിതിൻതോമസ് എന്ന പുത്രനുണ്ട്.

F3 സാറാമ്മ സണ്ണി (ശാന്തൻ)

കിടങ്ങന്നൂർ കരിക്കതടത്തിൽ പാപ്പിയുടെ മകൻ കെ. പി. സണ്ണി വിവാഹം ചെയ്തു. സുബിൻ സണ്ണി പുത്രനാണ്.

E3 **മറിയാമ്മ ദാനിയേൽ** (തങ്കമ്മ)

കായംകുളം പെരിങ്ങാല നിറയിൽകിഴക്കേതിൽ ദാനിയേൽ ഏബ്രഹാം (പാപ്പച്ചൻ) വിവാഹം ചെയ്തു. റെജി, റോസമ്മ ഷാജി, റോയി, റോബിൻ എന്നിവർ മക്കളാണ്.

E4 **കെ. റ്റി. തോമസ്** (കുഞ്ഞുമോൻ)

ഇൻഡ്യൻ കരസേനയിൽ സേവനംചെയ്തു വിരമിച്ചശേഷം ഗൾഫിൽ ജോലിയായിരുന്നു. തുമ്പമൺ തെക്ക് മുട്ടം തുണ്ടമണ്ണിൽ വീട്ടിൽ കെ. വൈ. ജോർജുകുട്ടിയുടെ മകൾ ഗ്രേസി തോമസാണ് ഭാര്യ. ഈ ദമ്പതികൾക്ക സോമി, സോജി, സിബി എന്നു മൂന്നു മക്കൾ.

F1 ഏലിയാമ്മ തോമസ് (സോമി)
ഡൽഹിയിൽ കമ്പനിജോലി ആണ്.

F2 സോജി തോമസ്
സ്കൂൾ വിദ്യാർഥി

F3 സിബി തോമസ്
സ്കൂൾ വിദ്യാർഥി

അദ്ധ്യായം 4

# പീടികയിൽ ശാഖ

## C4 Mrs. മറിയാമ്മ മത്തായി

മേലേമഠത്തിൽ കിഴക്കു കുടുംബത്തിലെ മൂത്തപുത്രി മറിയാമ്മയെ പ്രായിക്കര (മാവേലിക്കര) പീടികയിൽ ശ്രീ യോഹന്നാന്റെ മകൻ മത്തായി യോഹന്നാൻ വിവാഹം ചെയ്തു. ശ്രീ മത്തായി ആയുർവേദ ചികിത്സയിൽ പ്രസിദ്ധനായിരുന്നു. മത്തായി–മറിയാമ്മ ദമ്പതികൾക്കു പി. എം. ജോൺ, പി. എം. ചാണ്ടി, പി. എം. വറുഗീസ്, Mrs. അന്നാമ്മ സഖറിയാ, പി. എം. മത്തായി, പി. എം. തോമസ്, പി. എം. ഫിലിപ്പ് എന്നിങ്ങനെ ഏഴു മക്കൾ.

## D1 പി. എം. ജോൺ

ശ്രീ ജോൺ കൊല്ലകടവ് സി. എം. എസ്. സ്കൂളിൽ അദ്ധ്യാപകനായി ദീർഘകാലം സേവനം ചെയ്തശേഷം വിരമിച്ചു. കൊല്ലകടവിൽ സ്ഥിരതാമസമാക്കി.

## D2 പി. എം. ചാണ്ടി

വിവിധ സി. എം. എസ്. സ്കൂളുകളിൽ അദ്ധ്യാപകനും സഭയുടെ ഉപദേശിയുമായി ദീർഘകാലം സേവനം ചെയ്തു. പ്രായിക്കര പീടികയിൽ വീട്ടിൽ സ്ഥിരതാമസമാക്കി.

## D3 പി. എം. വറുഗീസ്

ഒരു കോൺട്രാക്ടറായി മാവേലിക്കരയിൽ ജോലിചെയ്തു. പ്രായിക്കരയിൽ പീടികയിൽ വീട്ടിൽ താമസമാക്കി.

## D4 അന്നാമ്മ സഖറിയാ

മാവേലിക്കര കല്ലുമലയിൽ വലിയ വീട്ടിൽ ശ്രീ സഖറിയാ വിവാഹം ചെയ്തു. ശ്രീ സഖറിയാ ഒരു റെക്സ്റ്റൈൽ മർച്ചന്റായിരുന്നു.

## D5 പി. എം. മത്തായി

സി. എം. എസ്. സ്കൂൾ അദ്ധ്യാപകനായി കുന്നത്തും കല്ലുമലയിലും ദീർഘകാലം സേവനം ചെയ്തു. കേരളാ ഗവൺമെൻറ് സെക്രട്ടറിയും അഗ്രിക്കൾച്ചർ ഡയറക്ടറും വേൾഡ് ബാങ്ക് ഡയറക്ടറുമിയിരുന്ന ശ്രീ പി. എം. മാത്യു, ഐ. എ. എസ്. ഇദ്ദേഹത്തിൻെറ മൂത്ത പുത്രനാണ്. ഇപ്പോൾ വാഷിംഗ്ടണിൽ താമസിക്കുന്നു. ഇളയ പുത്രൻ ശ്രീ പി. എം. ജോൺസൺ എഫ്. എ. സി. റ്റി. പർച്ചേസ് മാനേജരായി റിട്ടയർ ചെയ്തു. പ്രായിക്കരയിൽ പീടികയിൽ വീട്ടിൽ താമസിക്കുന്നു.

## D6 പി. എം. തോമസ്

പീരുമേട്ടിൽ എസ്റേററ് കമ്പൗണ്ടറായി ജോലി ചെയ്തു. കോട്ടയം കഞ്ഞിക്കുഴിയിൽ പീടികയിൽ വീട്ടിൽ സ്ഥിരതാമസമാക്കി.

Mrs. മറിയാമ്മ തോമസ്, വളഞ്ഞാററിൽ, കഞ്ഞിക്കുഴി

പി. ററി. മാത്യു, റബ്ബർ ഡീലർ, കഞ്ഞിക്കുഴി

പി. ററി. ഉമ്മൻ ,,

റവ. പി. ററി. തോമസ് ബി. ഡി. ക്രൈസ്തവാശ്രമം, മാങ്ങാനം

Mrs അന്നാമ്മ ഉമ്മൻ, തോണിപ്പുരയ്ക്കൽ മാങ്ങാനം

Mrs ഗ്രേസി ജോർജ്, തോട്ടാപ്പറമ്പിൽ വ ഴൂർ എന്നിവർ ഇദ്ദേഹത്തിൻെറ മക്കളാണ്. റവ. പി. ററി. തോമസ് മാങ്ങാനം ക്രൈസ്തവാശ്രമം ഓർഫനേജ്, പ്രസ്സ് എന്നിവയുടെ ചുമതലയിൽ ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. ആശ്രമം ആചാര്യയായി ഇപ്പോൾ സേവനം ചെയ്യുന്നു.

## D7 പി എം. ഫിലിപ്പ്

ശ്രീ ഫിലിപ്പ് എസ്റേററ് ററീ മേക്കറായി ജോലി ചെയ്തു. തോലശേരിയിൽ സ്ഥിരതാമസമാക്കി.

അദ്ധ്യായം 5

# കരാശേരിൽ ശാഖ

## C5 Mrs. ഏലിയാമ്മ ഫിലിപ്പോസ്

മേലേമഠത്തിൽ കിഴക്ക കുടുംബത്തിലെ ഇളയ പുത്രിയായ ഏലിയാമ്മയെ കല്ലട കിഴക്ക കരാശേരിൽ ശ്രീ ഫിലിപ്പോസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഉണ്ണൂണ്ണി, ഉമ്മച്ചൻ, യോന്നാച്ചൻ (കെ. പി. ജോൺ), കുഞ്ഞപ്പി (കെ. പി. തോമസ്) എന്നിങ്ങനെ നാലു പുത്രന്മാരും മറിയാമ്മ, അന്നമ്മ എന്നീ പുത്രിമാരും ജനിച്ചു. ഉമ്മച്ചനും, കുഞ്ഞപ്പിയും അഞ്ചലിൽ സ്ഥിര താമസമാക്കി. ശ്രീ കെ. പി. ജോൺ (കല്ലട ജോൺസാർ) മാവേലിക്കര എ. ഒ. എം. എം. എൽ. പി. സ്കൂൾ ഹെഡ് മാസ്റ്ററായി റിട്ടയർ ചെയ്തു. 1960 ൽ 78–ാമത്തെ വയസ്സിൽ നിര്യാതനായി. ഇദ്ദേഹത്തിന്റെ ഏകപുത്രൻ ഫിലിപ്പ് ജോൺ (ചെല്ലപ്പൻ) പ്രായിക്കരയിൽ കോന്നാത്തു കിഴക്കേതിൽ ഭവനത്തിൽ താമസിക്കുന്നു.

ശ്രീമതി മറിയാമ്മയെ ചാത്തന്നൂരിലും ശ്രീമതി അന്നാമ്മയെ വെള്ളനല്ലൂർ ഇടപ്പടിക്കൽ വീട്ടിലും വിവാഹം ചെയ്തയച്ചു.

അദ്ധ്യായം 6

# മേലേമഠത്തിൽ കിഴക്ക്—പുതുശ്ശേരി മഠത്തിൽ ശാഖ

## C6 ചെറിയാൻ ചാണ്ടി

മേലേമഠത്തിൽ കിഴക്ക കുടുംബത്തിലെ ഇളയപുത്രനായ ചെറിയാൻ ചാണ്ടി കുടുംബ വീട്ടിൽ സ്ഥിരതാമസമാക്കി. ഇദ്ദേഹം കണ്ണുചികിത്സയിൽ പ്രസിദ്ധനായ ഒരു ആയുർവേദ വൈദ്യനായിരുന്നു. തലവടി തോട്ടക്കാട്ട് കുടുംബാംഗമായ ഏത്താമ്പ്ളയെ വിവാഹം ചെയ്തു. ശ്രീ ചെറിയാൻ 1947 ൽ 94 ാമത്തെ വയസ്സിൽ നിര്യാതനായി. ഈ ദമ്പതികൾക്ക ചാണ്ടി ചെറിയാൻ എന്ന ഏക പുത്രൻ.

## D1 ചാണ്ടി ചെറിയാൻ

ശ്രീ ചാണ്ടി ചെറിയാൻ പള്ളിപ്പാട്ട കൊണ്ടൂർ വീട്ടിൽ ശ്രീ മാത്തൻെറയും ശ്രീമതി ആച്ചിയമ്മയുടെയും മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവക്ക ചെറിയാൻ ചാണ്ടി (കുഞ്ഞൂട്ടി) ആച്ചിയമ്മ ജോർജ് എന്നിങ്ങനെ രണ്ടു മക്കൾ. ചാണ്ടി ചെറിയാൻ 1946ൽ 68-ാം വയസ്സിലും ആച്ചിയമ്മ 1929 ൽ 40-ാം വയസ്സിലും നിര്യാതരായി.

ശ്രീമതി ഏലിയാമ്മയുടെ മരണശേഷം ശ്രീ ചാണ്ടി അറുന്നൂററിമംഗലം സ്വദേശിനി കൊച്ചുറാഹേലിനെ വിവാഹം കഴിച്ചു. ചാണ്ടി-കൊച്ചുറാഹേൽ ദമ്പതിമാർക്ക തങ്കമ്മ ഡാനിയേൽ, അന്നമ്മ മത്തായി, പി. സി. ചെറിയാൻ (ബാബു) പി. സി. ഉമ്മൻ (ജോയി) എന്നിങ്ങനെ നാലു മക്കൾ.

## E1 ചെറിയാൻ ചാണ്ടി (എം. സി. ചെറിയാൻ; കുഞ്ഞൂട്ടി)

ശ്രീ ചെറിയാൻ ഇൻഡ്യൻ നേവിയിൽ കുറെക്കാലം സേവനം ചെയ്തശേഷം വിരമിച്ചു. പായിപ്പാട്ട് വിരിപ്പിൽ വീട്ടിൽ ശ്രീ വി. വറുഗീസിൻെറയും ശ്രീമതി കട്ടിയമ്മയുടെയും മകൾ മറിയാമ്മ ചെറിയാനെ വിവാഹം ചെയ്തു. എലിസബേത്ത് മാത്യു, മോളിരാജൻ, റയിച്ചൽ മാത്യു, സാറാമ്മ ശാമുവേൽ,

അലക്സാണ്ടർ ചെറിയാൻ, വർഗീസ് ചെറിയാൻ എന്നിവർ മക്കളാണ്.

**F1 എലിസബേത്ത് മാത്യു (വത്സമ്മ)**

റാന്നി തോട്ടമൺ ഒററപ്പിനാൽ വീട്ടിൽ ശ്രീ പാച്ചിയുടെയും ശ്രീമതി നൈത്തോയുടെയും മകൻ എം. ഒ. മാത്യു വിവാഹം ചെയ്തു. ബിജു മാത്യു, ബെന്നിമാത്യു, ഓമന മാത്യു എന്നിവർ മക്കളാണ്.

**F2 മോളി രാജൻ**

പെണ്ണുക്കര കടവിലെ വീട്ടിൽ ശ്രീ കുഞ്ചെറിയാ വർഗീസിൻെറയും ശ്രീമതി ചിന്നമ്മയുടെയും മകൻ മത്തായി വറുഗീസ് (രാജൻ) വിവാഹം ചെയ്തു. ശ്രീ മത്തായി സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക ജിജി വർഗീസ്, വിജി വി രാജൻ, സിജി വി. രാജൻ എന്നിവർ മക്കളാണ്.

**F3 റെയ്ച്ചൽ മാത്യു (ബേബിക്കുട്ടി)**

തുമ്പമൺ തൈമണ്ണിൽ വീട്ടിൽ ശ്രീ മാത്യു (മാത്തുക്കുട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജോജി മാത്യു, ജിജി മാത്യു എന്നിവർ മക്കളാണ്.

**F4 സാറാമ്മ ശാമുവേൽ (സോമ)**

ഇറവുങ്കര ഓതകഴിവേലാമ്പറമ്പിൽ ശ്രീ വി. എം ശാമുവേൽ (ബാബു) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക സീബാ ശാമുവേൽ, സീനാ ശാമുവേൽ എന്ന രണ്ട് ഇരട്ടക്കുട്ടികൾ.

**F5 അലക്സാണ്ടർ ചെറിയാൻ (സാം)**

സൗദി അറേബ്യയിൽ ഉദ്യോഗസ്ഥനാണ്. കണ്ണൂർ സ്വദേശി ശ്രീ ജോയിയുടെ മകൾ സിസിലി അലക്സിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഷെറിൻ അലക്സ് എന്നൊരു പുത്രിയുണ്ട്.

**F6 വർഗീസ് ചെറിയാൻ (അനിയൻ)**

സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. മുള്ളിക്കുളങ്ങര മണ്ഡപത്തിൽ കഴിയിൽ ശ്രീ ഈശോ ശാമുവേലിൻെറയും ശ്രീമതി തങ്കമ്മയുടെയം പുത്രി സാറാമ്മ വർഗീസിനെ വിവാഹം ചെയ്തു

E2 **ആച്ചിയമ്മ ജോർജ്** (ചിന്നമ്മ)

കോട്ടകുളഞ്ഞിയിലെ പെരുങ്കുഴി വീട്ടിൽ ശ്രീ ജോർജ് ഇടിക്കുള (കുഞ്ഞൂട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് കൊച്ചൂഞ്ഞ്, കുഞ്ഞുഞ്ഞമ്മ എന്നീ രണ്ടു മക്കൾ.

E3 **തങ്കമ്മ ദാനിയേൽ**

അട്ടൂർ–പന്നിവിഴ നാലുതുണ്ടിയിൽ ശ്രീ ദാനിയേൽവിവാഹം ചെയ്തു. ഈ ദമ്പതികൾക്കു സാറാമ്മ, അന്നമ്മ, കുഞ്ഞുമോൻ, ലീലാമ്മ എന്നീ നാലു മക്കൾ. ഈ കുടുംബം നിലമ്പൂരിൽ സ്ഥിരതാമസമാക്കി.

E4 **അന്നമ്മ മത്തായി**

ഏനാത്ത് മുകളിൽ വീട്ടിൽ ശ്രീ മത്തായി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ലീലാമ്മ, ബേബി, അമ്മുക്കുട്ടി, സാംകുട്ടി, അനിയൻ, സജി, റെജി എന്നീ ഏഴു മക്കൾ.

E5 **പി. സി. ചെറിയാൻ** (ബാബു)

ഏഴംകുളം ചായലോട്ടു കളത്തറയിൽ ശ്രീ കോശികുഞ്ഞിന്റെ പുത്രി മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾ ഏഴംകുളം നെടുമൺ പൂവണ്ണുംവിളയിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്കു ചാണ്ടി പി. ചെറിയാൻ (കൊച്ചുമോൻ) മറി യാമ്മ ചെറിയാൻ (സുജ) കോശി പി. ചെറിയാൻ (സുരേഷ്) ശോശാമ്മ ചെറിയാൻ (സുമ) ടൈററസ് പി. ചെറിയാൻ (ററിററി) എന്നിങ്ങനെ അഞ്ചു മക്കൾ.

E6 **പി. സി. ഉമ്മൻ** (ജോയി)

ചെങ്ങന്നൂർ വെള്ളാവൂർ ശ്രീ ശാമുവേലിന്റെ പുത്രി മേഴ്സി യെ വിവാഹം ചെയ്തു. ശ്രീ ഉമ്മൻ ഖത്തറിൽ ഉദ്യോഗസ്ഥ നാണ്. ഈ കുടുംബം ഇപ്പോൾ മദ്രാസിൽ ആവടിയിൽ താമ സിക്കുന്നു. പി. ഒ. ചാണ്ടി (ബോസ്) പി. ഒ. ശാമുവേൽ (ബിനു) ബീനാ ഉമ്മൻ എന്നിവർ മക്കളാണ്.

# മൂന്നാം ഭാഗം

## വരിക്കയിൽ കുടുംബം

## വരിക്കയിൽ കുടുംബം

### B3 ഇടിക്കുള നൈനാൻ

പാലത്തുംപാട്ട കുടുംബത്തിലെ ആദ്യപിതാവായ ശ്രീ നൈനാന്റെ മൂന്നാമത്തെ പുത്രനായ ശ്രീ ഇടിക്കുള വിവാഹാനന്തരം വരിക്കയിൽ വീട്ടിലേക്ക താമസം മാററി. അദ്ദേഹത്തിന്റെ ഏക സന്താനം ശ്രീ വർക്കി ഇടിക്കുള വരിക്കയിൽ വീട്ടിൽ താമസിച്ചു.

അദ്ധ്യായം I

# വരിക്കയിൽ ശാഖ

## C1 വർക്കി ഇടിക്കുള

ശ്രീ വർക്കി ഇടിക്കുള തലവടി തോട്ടയ്ക്കാട് വീട്ടിൽ ശ്രീമതി മറിയാമ്മയെ വിവാഹം ചെയ്തു. ശ്രീ വർക്കി 1921-ൽ 67-ാം വയസ്സിലും ശ്രീമതി മറിയാമ്മ 1938-ൽ 90-ാം വയസ്സിലും നിര്യാതരായി. ഈ ദമ്പതികൾക്ക് ഇടിക്കുള, ചാക്കോ, വർക്കി, നൈനാൻ, ചാണ്ടി എന്നീ അഞ്ചു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു പുത്രിയെ പുന്തലയിൽ വിവാഹം ചെയ്തയച്ചു.

## D1 ഇടിക്കുള വർക്കി (കൊച്ചൂഞ്ഞ്)

ഞെക്കനാൽ വെട്ടത്തേത്തു വീട്ടിൽനിന്നും വിവാഹം കഴിച്ചു. വിവാഹാനന്തരം അവർ കാട്ടാക്കടെയ്ക്ക സമീപം കുററിച്ചൽ എന്ന സ്ഥലത്തു പുതുവൽ പുത്തൻവീട്ടിൽ സ്ഥിരതാമസമാക്കി. ഈ ദമ്പതികൾക്കു തങ്കപ്പൻ, കുഞ്ഞപ്പി, തങ്കമ്മ എന്നിങ്ങനെ മൂന്നു മക്കൾ. ശ്രീ തങ്കപ്പൻ കൃഷിക്കാരനും ശ്രീ കുഞ്ഞപ്പി പോലീസ് ഡിപ്പാർട്ട്മെൻറിൽ കോൺസ്ററബിളും ആയിരുന്നു. ഇരുവരും നിര്യാതരായി. ശ്രീമതി തങ്കമ്മ വിവാഹിതയായി കുററിച്ചലിൽ താമസിച്ചിരുന്നു. 1992-ൽ നിര്യാതയായി. മൂവരുടെയും അനന്തര തലമുറക്കാർ കുററിച്ചലിൽ താമസമുണ്ട്.

## D2 ചാക്കോ വർക്കി

ശ്രീ ചാക്കോ അവിവാഹിതനായി വരിക്കയിൽ കുടുംബത്തിൽ താമസിച്ചിരുന്നു. 52-ാം വയസ്സിൽ നിര്യാതനായി.

## D3 വർക്കി വർക്കി (കുട്ടി)

ശ്രീ വർക്കി വേളപ്പറമ്പിൽ താമസമാക്കി. കമ്പനാട് കടപ്ര സ്വദേശിനിയെ വിവാഹം ചെയ്തു ശോശാമ്മ ദാനിയേൽ, വർക്കി വർക്കി എന്നിങ്ങനെ രണ്ടു മക്കൾ. ശ്രീ കുട്ടി 1948-ൽ 60-ാം വയസ്സിൽ നിര്യാതനായി.

## E1 ശോശാമ്മ ദാനിയേൽ

കുമ്പനാട് ഐ. പി. സി. സഭയിലെ പാസ്റ്റർ ദാനിയേൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക ജോണി, തമ്പി, ജോസഫ് എന്നീ മൂന്നു പുത്രന്മാരും കുഞ്ഞമ്മ, തങ്കമ്മ, ലീലാമ്മ, എന്നിങ്ങനെ മൂന്നു പുത്രിമാരും ഉണ്ട്. കുഞ്ഞമ്മയെ പൂവത്തൂരും, തങ്കമ്മയെ പുല്ലാട്ടും, ലീലാമ്മയെ മേപ്രാലും വിവാഹം കഴിച്ചു.

## E2 വർക്കി വർക്കി (കൊച്ചുപാപ്പി)

പുത്തൻകാവിൽ കുന്നുംപുറത്തു വീട്ടിൽ ശ്രീമതി ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക മറിയാമ്മ മത്തായി എന്നൊരു പുത്രി മാത്രം. ശ്രീ കൊച്ചുപാപ്പി 1989 –ൽ 70–ാമത്തെ വയസ്സിൽ നിര്യാതനായി.

### F1 മറിയാമ്മ മത്തായി (അമ്മിണി)

പെണ്ണുക്കര മുല്ലപ്പള്ളിൽ ശ്രീ മത്തായി ചാണ്ടി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക സജി മത്തായി, സാം വർഗീസ് എന്നീ രണ്ടു പുത്രന്മാർ.

## D4 നൈനാൻ വർക്കി (പൊടി)

ശ്രീ നൈനാൻ വർക്കി കൂടൽ നെടുമൺകാവ് എന്ന സ്ഥലത്തുനിന്നും വിവാഹംചെയ്തശേഷം ആ സ്ഥലത്തു തന്നെ സ്ഥിരതാമസമാക്കി. അദ്ദേഹത്തിനു നാലു പെൺമക്കൾ മാത്രം. നാലുപേരെയും വിവാഹം ചെയ്തയച്ചു. ശ്രീ നൈനാൻ 1984–ൽ 80–ാം വയസ്സിൽ നിര്യാതനായി.

## D5 ചാണ്ടി വർക്കി (ചാണ്ടിക്കുഞ്ഞ്/കുഞ്ഞാണ്ടി)

കേരള ഗവണ്മെൻറ് ഫോറസ്ററ് ഡിപ്പാർട്ട്മെൻറിൽ ഉദ്യോഗസ്ഥനായിരുന്നു. ശ്രീ ചാണ്ടി വർക്കി ചെങ്ങന്നൂർ വന്മഴി കാട്ടുവെട്ടൂർ കുടുംബാംഗമായ ശ്രീമതി ശോശാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക വി. സി. വർഗീസ്, വി. സി. മാത്യു, വി. സി. മറിയാമ്മ, വി. സി. അന്നമ്മ എന്നിങ്ങനെ നാലു മക്കൾ. ശ്രീ ചാണ്ടി 1944–ൽ 52–ാമത്തെ വയസ്സിലും ശ്രീമതി ശോശാമ്മ 1974–ൽ 75–ാം വയസ്സിലും നിര്യാതരായി.

## E1 വി. സി. വർഗീസ് (ബേബി)

1938-ൽ ബോംബെയിൽ ഒരു ബ്രിട്ടീഷ് കമ്പനി ഉദ്യോഗസ്ഥനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1940-ൽ രണ്ടാം ലോകമഹായുദ്ധകാലത്തു ബ്രിട്ടീഷ്-ഇൻഡ്യ ആർമിയിൽ ചേർന്നു. അബ്സീനിയ, സുഡാൻ, ഈജിപ്ത്, ലിബിയ, പാലസ്റ്റൈൻ (ഇസ്രായേൽ) ലെബനോൻ, സിറിയാ എന്നീ രാജ്യങ്ങളിൽ സേവനം ചെയ്തു. യുദ്ധസേവനത്തിനിടയിൽ 1944 ലും അതിനുശേഷം ഇംഗ്ളണ്ട്, ഫ്രാൻസ്, ബൽജിയം, ജർമ്മിനി, സ്വിററ്സർലണ്ട്, ഓസ്ട്രിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനും വിശുദ്ധനാട് സന്ദർശിക്കുവാനും അവസരം ലഭിച്ചു. 1947-ൽ മിലിററി സർവീസിൽനിന്നും റിട്ടയർ ചെയ്തശേഷം 1962 വരെ ബോംബെയിൽ ഒരു കമ്പനിയിൽ ജോലി ചെയ്തു. ഇപ്പോൾ കോട്ടകുളഞ്ഞിയിൽ വരിക്കയിൽ താമസിക്കുന്നു.

തുമ്പമൺ പനാറ കിഴക്കേതിൽ ശ്രീ പി. സി. ചാണ്ടപ്പിള്ളയുടെയും ശ്രീമതി അന്നമ്മയുടെയും പുത്രി ത്രേസിയാണു ഭാര്യ. ഈ ദമ്പതികൾക്ക ശോശാമ്മ ജോൺ, മേരി ജോൺ, അലക്സാണ്ടർ വർഗീസ്, ജേക്കബ് വർഗീസ്, ജോൺ വർഗീസ് എന്നിങ്ങനെ അഞ്ചു മക്കൾ.

### F1 ശോശാമ്മ ജോൺ (ലില്ലിക്കുട്ടി)

കോട്ടയം പടിഞ്ഞാറെ പീടികയിൽ ശ്രീ പി. വി. ജോണിന്റെ പുത്രൻ മോഹൻ ജോൺ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക നാദിയാ ജോൺ എന്ന ഏക പുത്രി. ഇവർ കുടുംബസമേതം ന്യൂയോർക്കിൽ താമസിക്കുന്നു.

### F2 മേരി ജോൺ (അമ്മുക്കുട്ടി)

